
S.P. LEAGUE
ALWAYE

# കാൽവരിയുടെ താഴ്വരയിൽ



T62
K66

# കാൽവരിയുടെ താഴ്‌വരയിൽ

(Malayalam)

**Kalvariyude Thazhvarayil**

Play

By Thomas L. Kizhoor

Veloor, Trichur

First Published in February 1964

By The S. H. League

Alwaye, Kerala, India

Printed at the J. M. Press

Alwaye, Kerala, India

Cover Design: Jose Manjaly

Rights reserved to the S. H. League.

Price Rs. 1.50

നാടകകൃത്തിന്റെ രേഖാമൂലമുള്ള അനുവാദംകൂടാതെ ഈ നാടകം അഭിനയിക്കാൻ പാടില്ല.

Cum Permissu

1—750

# കാൽവരിയുടെ താഴ്വരയിൽ

(നാടകം)

DHARMARAM COLLEGE LIBRARY, BANGALORE.
19804
T62
K66

ടി. എൽ. കിഴ്ക്കൂർ

പ്രസാധകന്മാർ

എസ്. എച്ച്. ലീഗ്

ആലുവാ നോർത്തു്, P. O.

വില ക. 1. 50

പ്രിയ ഈശോ,

രണ്ടായിരമാണ്ടുകൾക്കപ്പുറം കാൽവരിയുടെ താഴ്വരയിൽവെച്ച് അവിടുത്തേക്കു നേരിട്ട, അല്ല, അവിടുന്ന് ഏററുവാങ്ങിയ മർദ്ദനങ്ങളേയും മരണത്തേയും നാടകരൂപത്തിലാക്കിയതാണ് ഈ കൊച്ചുപുസ്തകം. നരകുലപരിത്രാണാർത്ഥം നിർവ്വഹിക്കപ്പെട്ട ആ ത്യാഗവും ബലിയും വേണ്ടത്ര നിറപ്പകിട്ടോടുകൂടി വരച്ചുകാട്ടിയിട്ടുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നില്ല. അതു സാധിക്കുമെന്നുള്ള വിചാരംകൊണ്ടല്ല കർത്താവേ, ഇതിനു ശ്രമിച്ചതും. ആ സ്നേഹയാഗംവഴി വെളിപ്പെട്ട അവിടുത്തെ മനുഷ്യസ്നേഹത്തെ വിളിച്ചുപറയാനുള്ള കൊതികൊണ്ടു മാത്രം.

ഇതിനു പ്രസിദ്ധീകരണാനുമതി തന്നനുഗ്രഹിച്ച മേലധികാരികൾതൊട്ടിങ്ങോട്ട് കൈയെഴുത്തുപ്രതിയിലൂടെ കണ്ണോടിച്ചു നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്നു സഹായിച്ച സുഹൃത്തുക്കൾ തുടങ്ങി അച്ചുനിരത്തി അടിച്ചെടുത്തു കുത്തിക്കെട്ടിത്തന്ന പ്രസ്സുതൊഴിലാളികൾവരെ വളരെപ്പേരുടെ സഹൃദയത്വത്തോട് ഞാനിപ്പോൾ കടക്കാരനാണ്. അവരെയെല്ലാം ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു. അവരർഹിക്കുന്ന പ്രതിഫലം നല്കാൻ അവിടുത്തേക്കുമാത്രമേ സാധിക്കൂ. അനുഗ്രഹവർഷംകൊണ്ട് അവിടുന്നതു സാധിക്കേണമേ.

എനിക്കുവേണ്ടി മുറിവേല്പിക്കപ്പെട്ട ആ കാല്ക്കൽതന്നെ ഇതിനെ കാഴ്ചയർപ്പിച്ചുകൊണ്ട്,

അവിടുത്തെ വിനീതദാസൻ

ടി. എൽ. കിഴൂർ

ഈ നാടകം അഭിനയിക്കുന്നവർ
പ്രതിപാദ്യത്തിൻെറ പ്രകൃതി
കണക്കിലെടുത്തുകൊണ്ടു് നാടക
ത്തോടു നീതികാണിക്കണമെന്നു്
അഭ്യർത്ഥിക്കുന്നു.

# കഥാപാത്രങ്ങൾ

| | |
|---|---|
| ക്രിസ്തു | കയാഫസ് |
| മറിയം | ഹന്നാസ് |
| പീററർ | മത്തിയാസ് |
| മേരി | സൈമൺ |

വെറോനിക്ക
സാറ
പീലാത്തോസ്
യൂദാസ്

## രംഗം ഒന്നു്

യഹൂദരുടെ മഹാപുരോഹിതനായ കയാഫസിൻെറ അരമനയിലെ അലംകൃതമായൊരു ഹാൾ. പ്രധാനാചാര്യൻെറ പ്രൗഢിക്കൊത്ത വിധാനങ്ങൾ.

[രംഗം തുറക്കമ്പോൾ അവിടെ ആരുമില്ല. അല്പംകഴിഞ്ഞു് വെറോനിക്കയും സാറയും കടന്നുവരുന്നു. യുവത്വത്തിൻെറ 'നിറം' മങ്ങിയിട്ടില്ലാത്ത ഒരു മുപ്പത്തഞ്ചുകാരിയാണു് വെറോനിക്ക; കയാഫസിൻെറ ഭാര്യ. അന്തസ്സും ആഭിജാത്യവും ദ്യോതിപ്പിക്കുന്ന വേഷം. സാറ അവരുടെ വേലക്കാരി. തനി അടുക്കളപ്പെണ്ണല്ല; ഒരു സഖി എന്നു വേണമെങ്കിൽ വിളിക്കാം. ഒരു പത്തിരുപത്തഞ്ചുവയസ്സു പ്രായംകാണും. വാചാലതയോടെ വർത്തമാനം പറയുന്ന സ്വഭാവം. സുന്ദരിയല്ലെങ്കിലും വിരൂപയല്ല — ഓശാനഞായറാഴ്ച ക്രിസ്തുവിൻെറ ജൈത്രയാത്ര കണ്ടു തിരിച്ചു വരികയാണവർ. രണ്ടുപേരുടേയും മുഖത്തു സന്തോഷവും സംതൃപ്തിയും. സാറയാണു് കൂടുതൽ ഉത്സാഹവതി. സംസാരിച്ചുകൊണ്ടാണു വരുന്നതു്.]

വെറോനിക്ക:— എന്തൊരാൾക്കൂട്ടമായിരുന്നു! അല്ലേ സാറ? പെണ്ണുങ്ങളും കുട്ടികളും വയസ്സന്മാരും എല്ലാം ഉണ്ട്.

സാറ:— (ഉത്സാഹത്തോടെ നീട്ടിയുള്ള സംസാരം) അതെന്നും അങ്ങനെത്തന്ന്യാ കൊച്ചമ്മേ. ആ റബ്ബി ഒരു നാലു നാഴിക അപ്പുറത്തൂടെ പോകുണ്ട് ണ്ടെന്നു കേട്ടാമതി. പിന്നെ ആളുകള് കൂട്ടത്തോടെ ഓട്ടം തുടങ്ങ്ായി അവിടക്ക്!

വെറോനിക്ക:— അതെ. എന്തൊരുത്സാഹമായിരുന്നു അവർക്കൊക്കെ. വെയിലൊന്നും വകവെക്കാതെ, ആർത്തുവിളിച്ച്, പാട്ടുംപാടി . . . (എന്തോ ഓർത്തിട്ട്) അ. അവരാ പാടിയ പാട്ടില്ലേ, "ഓശാനാ . . . " പാടാൻ നല്ല ശേലുള്ളതാ. സാറ ഒന്നു പാടിക്കേ. നിനക്കറിയാവോ?

സാറ:— അയ്യോ! കൊച്ചമ്മേ, ആ പാട്ടിവിടെ പാട്ടകേ! മഹാറബ്ബി കേട്ടാൽ—?

വെറോനിക്ക:— ഇപ്പോഴൊന്നും വരികയില്ലെന്നു തോന്നുന്നു. നീ പാട്. (ഒരു കസേരയിൽ ചെന്നിരുന്നുകൊണ്ട്) എന്തീണത്തിലായിരുന്നു ആ പെണ്ണുങ്ങളുതു പാടിയിരുന്നതു്. ഉം. തുടങ്ങ്.

സാറ:— [പരിഭ്രമത്തോടെ ചുററും ഒന്നു നോക്കി. അനന്തരം ആ "ഓശാന . . . . . " എന്നാരംഭിക്കുന്ന പാട്ടു പാടുന്നു.

കർത്താവിൻെറ നാമത്തിൽ വന്ന ദാവീദിൻപുത്രനായ

**ക്രിസ്തുവിന് ഓശാന വിളിച്ചുകൊണ്ടുള്ളൊരു കീർത്തനം. ക്രിസ്തു വെള്ളം വീഞ്ഞാക്കിയതും വെള്ളത്തിന്റെ മീതെ നടന്നതുമൊക്കെ എടുത്തു പറയുന്നുണ്ടതിൽ.]**

വെറോനിക്ക:— (പാട്ടു തീർന്നപ്പോൾ) ഈ പാട്ടിൽ പറയുന്നതൊക്കെ അയാൾ ചെയ്തതാണോ?

സാറ:— (ഉത്സാഹത്തോടെ) പിന്നല്ലാതെ! അതുമാത്രോ?

വെറോനിക്ക:— വെള്ളം വീഞ്ഞാക്കിയതും വെള്ളത്തിന്റെ മീതെ നടന്നതും?

സാറ:— (അതേ ഉത്സാഹത്തോടെ) അതേന്നെ. വെള്ളം വീഞ്ഞാക്കീതു് ഒരു കല്ല്യാണത്തിൽവെച്ചാ. ഞാനുണ്ടായിരുന്നു അവിടെ. തനി പച്ചവെള്ളം ദേ,ടും ന്ന്നെ നല്ല ഒന്നാംതരം വീഞ്ഞു്!

വെറോനിക്ക:— ആരേയാ ഉയിർപ്പിച്ചതു്?

സാറ:— രണ്ടുമൂന്നുപേരെ ഉയർപ്പി—

**[പെട്ടെന്നു്, പറയാൻ പാടില്ലാത്തതാണു പറയുന്നതെന്നു മനസ്സിലാക്കിയിട്ടു് പരിഭ്രമത്തോടെ]**

അയ്യോ, കൊച്ചമ്മേ! ഞാനൊന്നും പറഞ്ഞില്ല. ഇല്ല. ഞാനൊന്നും പറഞ്ഞില്ല. ഇതൊന്നും മഹാറബ്ബിയോടു പറയല്ലേ. പറയല്ലേ കൊച്ചമ്മേ! കേട്ടാൽ എന്നെ കൊല്ലും.

**[പേടിച്ചു് എന്താണു ചെയ്യേണ്ടതെന്നറിയാതെ ഒരു വശത്തേക്കു നോക്കിനില്ക്കുന്നു.]**

വെറോനിക്ക:— (സാറയെ ഒന്നളക്കാനായി ഗൗരവം ന

ടിച്ചുകൊണ്ടു്) അഹാ! അപ്പോൾ നീ അയാളുടെ ഒരാരാധകയാണു്. അല്ലേ? വെറുതെയാണോ അയാളെപ്പററി പറയുമ്പോൾ നിൻെറ നാക്കിനു നീളം കൂടുന്നതു്? ശരി. ഇന്നിങ്ങു വരട്ടെ.

സാറ:— (വെറോനിക്കയുടെ പക്കലേക്കു തിരിഞ്ഞു് ദയനീയമായി) അയ്യോ! റബ്ബിയോടു പറയല്ലേ. കൊച്ചമ്മ ചോദിച്ചപ്പോൾ ഞാൻ കേട്ടതങ്ങു പറഞ്ഞുപോയി.

വെറോനിക്ക:— (അതു വകവയ്ക്കാതെ) അപ്പോൾ നീയൊന്നും കണ്ടിട്ടില്ല?

സാറ:— (പരിഭ്രമത്തോടെ) ഉ . . . ഇല്ല.

വെറോനിക്ക:— (പ്രയാസത്തോടെ ചിരി അമർത്തിയിട്ടു്) ഉവ്വില്ല! നിന്നെ ഇന്നു ശരിപ്പെടുത്തുന്നുണ്ടു്. മഹാറബ്ബി മൂടക്കിയിരിക്കുന്നതു നീ ചെയ്യുകയാണല്ലേ.

സാറ:— (കരച്ചിലോടെ) അയ്യോ കൊച്ചമ്മേ! ഒന്നും പറയല്ലേ. എൻെറ രണ്ടു പിള്ളേരെ കരുതി. അവററങ്ങളെ പട്ടിണിയാക്കല്ലേ.

വെറോനിക്ക:— ആ വിചാരം നിനക്കുണ്ടായിരുന്നെങ്കിൽ ഈ തെററു നീ ചെയ്യില്ല.

സാറ:— (കുറച്ചുനേരം എന്തോ ആലോചിച്ചുകൊണ്ടു മിണ്ടാതെ നിന്നു. അനന്തരം ധൈര്യപൂർവ്വം) ഇല്ല. കൊച്ചമ്മേ. ഞാൻ തെററു ചെയ്തിട്ടില്ല. വേണമെങ്കിൽ കൊച്ചമ്മ റബ്ബിയോടോ, ആരോടെങ്കിലും

പറഞ്ഞോ. ഞാനാ നസ്രായക്കാരൻ റബ്ബിയെ ബഹുമാനിക്കുന്നു. ആരെന്തു പറഞ്ഞാലും അതു തെററല്ല. തെററല്ല കൊച്ചമ്മേ...അദ്ദേഹമാണ് എൻെറ കുഞ്ഞിൻെറ മുടന്തു നീക്കിയതു്...ഇല്ല. ഞാൻ നന്ദികെട്ടവളല്ല. എൻെറ ജോലി പോയാലും ഞാൻ നന്ദികേടു കാണിക്കില്ല . . . അയ്യോ. ഞാൻ അല്പനേരത്തേക്കെങ്കിലും...(പശ്ചാത്താപത്തോടെ താടിക്കു കൈയ്കൊടുത്തുനില്ക്കുന്നു.)

വെറോനിക്ക:— (ചിരിച്ചുകൊണ്ടു്) നീയൊരു മണ്ടിപ്പെണ്ണാണ്! ഞാൻ വെറുതെ പറഞ്ഞതല്ലേ? ഞാനാരോടും പറയാൻ പോകുന്നില്ല. പറ. നിനക്കദ്ദേഹത്തെപ്പററി എന്തൊക്കെ അറിയാം? എനിക്കതു കേൾക്കണം.

സാറ:— (എന്താണു ചെയ്യേണ്ടതെന്നോർത്തുകൊണ്ടു് മിണ്ടാതെ നില്ക്കുന്നു.)

വെറോനിക്ക:— ഉം. പറയൂ സാറ.

സാറ:— അദ്ദേഹം മനുഷ്യനൊന്നും അല്ല കൊച്ചമ്മേ. ഒരു മനുഷ്യനും അദ്ദേഹം ചെയ്യുന്നതു ചെയ്യാൻ കഴിയില്ല.

വെറോനിക്ക:— അദ്ദേഹത്തിൽ എന്തോ അമാനുഷികമായിട്ടുണ്ടെന്നു് എനിക്കും തോന്നി. ആ മുഖത്തിനെന്തൊരു തേജസ്സ്! ഉദിച്ചുയരുന്ന സൂര്യനെപ്പോലെ. ആ ഗാംഭീര്യം! ഒരധികാരമുള്ളവൻെറ നോട്ടം! പറ, സാറ. നിനക്കറിയാവുന്നതൊക്കെ പറ.

സാറ:— (അല്പനേരം ആലോചിച്ച നിന്നിട്ട്) നമുക്ക പ്പുറത്തു പോയിരുന്നു പറയാം.

വെറോനിക്ക:— എന്നാലതുമതി.

[രണ്ടുപേരും പോകുന്നു.
കുറച്ചുകഴിഞ്ഞു് കയാഫസ് കയറിവരുന്നു.
യഹൂദരുടെ പ്രധാനാചാര്യനാണ്. 45 വയസ്സ് പ്രായമുണ്ട്. ബലിഷ്ഠ ശരീരം; കുടിലനേത്രങ്ങൾ; ക്രൂരഹൃദയം; ഇതൊക്കെയാണ് ആ വെള്ളയങ്കിക്കുള്ളിൽ.
കയാഫസിൻെറ മുഖത്ത് അക്ഷമതയും അമർഷവും നിറഞ്ഞുനില്ക്കുന്നു. ഒരു വിറളിപിടിച്ച മട്ട്.
വന്ന ഉടനെ ധൃതിയിൽ മേലങ്കി ഊരി മാററിവെച്ചു. കസേരയിൽ ചെന്നിരുന്നു. ഇരിപ്പുറയ്ക്കുന്നില്ല; ഉടനെ എഴുന്നേററു.]

കയാഫസ്:— വന്നല്ലോ വീണ്ടും ആ നശിപ്പ്! ശല്യം പിടിച്ച ആശാരിച്ചെക്കൻ. (ഉലാത്തുന്നു) അവൻെറ ഒരു ധിക്കാരം . . . . അവസാനിപ്പിച്ചുതരാമെടാ നിൻെറ അഹമ്മതി . . . നിൻെറ കഴുതസവാരി! ഒരോശാനവിളി!!

(അല്പം കഴിഞ്ഞു് ഒരിടത്തു നിന്നു്) അല്ല; മുഖത്തു നോക്കിയുള്ള അവൻെറ ശകാരം കേട്ടില്ലേ . . . എടാ മഹാപുരോഹിതനായ കയാഫസിനെയാണു നീ നോവിച്ചതെന്നു കരുതിക്കോ—

[കസേരയിൽവന്നു് ഇരുന്നു. വിശറിയെടുത്തു വീശാൻ തുടങ്ങി. അപ്പോഴേക്കും വെറോനിക്ക പ്രവേശിച്ചു.]

വെറോനിക്ക:— (അടുത്തുചെന്ന് വിശറി വാങ്ങി വീശിക്കൊടുത്തുകൊണ്ട്) ഇന്നു നേരത്തേ വന്നല്ലോ.

കയാഫസ്:— (മൗനം. ഗൗരവത്തോടെ ഇരിക്കയാണ്.)

വെറോനിക്ക:— എന്താ ഇത്ര ചിന്തിക്കാൻ?

കയാഫസ്:— (മൗനം)

വെറോനിക്ക:— കുടിക്കാൻ കൊണ്ടുവരാം (വിശറി താഴെവെച്ച് പോകാനായി തിരിഞ്ഞു)

കയാഫസ്:— വേണ്ട.

വെറോനിക്ക:— (തിരിഞ്ഞുനിന്ന്) ഇന്നാകെ കോപം കയറിയിട്ടാണല്ലോ.

കയാഫസ്:— (മൗനം)

വെറോനിക്ക:— (അടുത്തുചെന്ന്) എന്താ ഒന്നും മിണ്ടാത്തതു്?

കയാഫസ്:— (മൗനം)

വെറോനിക്ക:— (അടവുമാററി) ഇന്നു ഞാൻ ദൈവാലയത്തിൽ പോയിരുന്നു.

കയാഫസ്:— (പെട്ടെന്ന്) ഹേ! എന്തിന്? എന്നിട്ടെന്തു കണ്ടു?

വെറോനിക്ക:— ഇതിലെ ഒരു ഘോഷയാത്ര പോയിരുന്നു.

കയാഫസ്:— എന്തു ഘോഷയാത്ര? ആരുടെ?

വെറോനിക്ക:— ആ നസ്രായക്കാരൻ റബ്ബിയുടെ. ഒന്നു കാണാമല്ലോ എന്നുകരുതി ഞാനും പുറകെപോയ1

കയാഫസ്:— കണ്ടില്ലേ ആ ധിക്കാരിയെ?

വെറോനിക്ക:— (കയാഫസിൻെറ ചോദ്യം പിടികിട്ടാതെ അന്ധാളിച്ചുനില്ക്കുന്നു.)

കയാഫസ്:— എടീ കണ്ടില്ലേന്ന്—

വെറോനിക്ക:— കണ്ടു. പക്ഷെ, ധിക്കാരിയായി തോന്നിയില്ല.

കയാഫസ്:— പിന്നെ?

വെറോനിക്ക:— ആളുകളൊക്കെ എന്തുത്സാഹത്തോടെയാണെന്നോ അദ്ദേഹത്തെ എതിരേററതു്!

കയാഫസ്:— (അവളുടെ മുഖത്തേക്കു തറച്ചുനോക്കിക്കൊണ്ടു്) അദ്ദേഹം?

വെറോനിക്ക:— അതെ. അദ്ദേഹം ഒരു ദിവ്യനാണെന്നാ—

കയാഫസ്:— (തടഞ്ഞുകൊണ്ടു്) എന്തു്? നീ എന്തു പറഞ്ഞു? എന്തു പറഞ്ഞെന്നു്?

വെറോനിക്ക:— ആളുകൾ പറയുന്നതങ്ങനെയാണു്.

കയാഫസ്:— (എഴുന്നേററ്) എങ്ങനെ? എടീ എങ്ങനേന്നു്?

വെറോനിക്ക:— ഒലീവിലക്കൊമ്പുകളുംവീശി ഓശാന പാടിക്കൊണ്ടല്ലേ അവർ—

കയാഫസ്:— (തടഞ്ഞുകൊണ്ടു്) ഛരി! നിറുത്തു്. ഓശാന! ഞാൻ കാണിച്ചു തരാം. ഓശനയല്ല; കുരിശാണവനു്. കുരിശു്! (ഉലാത്തുന്നു.)

വെറോനിക്ക:— കർത്താവിൻെറ നാമത്തിൽവന്ന ദാവീദിൻെറ പുത്ര—

കയാഫസ്:— (തിരിഞ്ഞുനിന്ന്) ആരെടീ ദാവീദിൻെറ പുത്രൻ? അവനോ? ആ ദ്രോഹിയോ? ആ തെമ്മാടിയാണോ കർത്താവിൻെറ നാമത്തിൽ വന്നവൻ? (പുച്ഛസ്വരത്തിൽ)ദാവീദിൻെറ പുത്രൻ! സാത്താൻെറ സന്തതിയാണവൻ. ബീൽസബേബ്!

[ഹന്നാസ് പ്രവേശിക്കുന്നു.
കയാഫസിൻെറ ഭാര്യാപിതാവാണ് ഹന്നാസ്. മുമ്പത്തെ പ്രധാനാചാര്യനും. അറുപതിനു മീതെ പ്രായം; നരച്ചുനീണ്ട താടി; മററുള്ളവരെ പിരികേററി കാര്യം കാണാൻ പഠിച്ചയാൾ.
മുഖത്തു ദേഷ്യവും പരിഭവവും ആയാണ് വരുന്നതു്.]

ഹന്നാസ്:— (വരുന്ന വരവിൽ കയാഫസിനോടായി) കേട്ടില്ലേ, ആ തച്ചൻെറ ആശംസകൾ!

കയാഫസ്:— ആ ശല്ല്യം വീണ്ടും വന്നിരിക്കുന്നു.

[വെറോനിക്ക രണ്ടുപേരേയും മാറി മാറി നോക്കുന്നു.]

ഹന്നാസ്:— (ചെന്നിരുന്നിട്ട്) ശല്ല്യം ശല്ല്യം എന്നു പറഞ്ഞുകൊണ്ടാമതി. കളിച്ചുകളിച്ച് അവൻ തലയിൽ കയറിത്തുടങ്ങി. യഹൂദന്മാരുടെ രാജാവായിട്ടല്ലേ ഇന്നത്തെ അവൻെറ പുറപ്പാട്!

കയാഫസ്:— (ദേഷ്യത്തിൽ) അവൻ! ആ ധിക്കാരി!

ആ തെണ്ടിച്ചെക്കന്റെ ഒരു തണ്ട നോക്കണം!

[വെറോനിക്ക കുറച്ചുനേരം ശ്രദ്ധിച്ചുനിന്നു. അനന്തരം അകത്തേക്കു പോയി.]

ഹന്നാസ്:— അവനാണ് ആണ്.

കയാഫസ്:— ആണ്! കാണിച്ചുകൊടുക്കാം.

ഹന്നാസ്:— ഈ കാണിച്ചുകൊടുക്കലു തുടങ്ങിയിട്ടു നാളു കുറേയായി!

കയാഫസ്:— പിന്നെന്തു വേണം?

ഹന്നാസ്:— എന്തുവേണം! അറിഞ്ഞുകൂടാ അല്ലേ? (അല്പം കഴിഞ്ഞ് സ്വരം മാററി) ജനങ്ങളുടെ മുഖത്തു നോക്കേണ്ടതു ഞങ്ങൾക്കാണല്ലോ. തെറി കേൾക്കുമ്പോൾ പ്രധാനാചാര്യന് ഓടിവന്ന് അരമനയിൽകയറി വാതിലടച്ചിരുന്നാൽമതി.

കയാഫസ്:— (അസുഖത്തോടെ) എന്താണു സൂചിപ്പിക്കുന്നതെന്ന് എനിക്കറിയാം. ഇതിലൊരു താൽപര്യവുമില്ലാത്തവനാണു ഞാനെന്ന് അമ്മായച്ചൻ കരുതരുത്.

ഹന്നാസ്:— പരീശന്മാരുടെ പണപ്പെട്ടി അവൻ തട്ടിത്തെറിപ്പിച്ചതു നീ കണ്ടില്ലേ?

കയാഫസ്:— ധിക്കാരം!

ഹന്നാസ്:— 'കപടഭക്തന്മാരേ, പരീശന്മാരേ, നിങ്ങൾക്കു ദുരിതം!' എന്നവൻ നൂറായിരം പ്രാവ

ശ്യം ഞങ്ങളുടെ മുഖത്തുനോക്കി പറഞ്ഞതും നീ കേട്ടല്ലോ?

കയാഫസ്:— അഹമ്മതി!

ഹന്നാസ്:— വെള്ളയടിച്ച കുഴിമാടങ്ങൾ! എന്താണി തിന്റെയർത്ഥം?

കയാഫസ്:— അവനതിന്നനുഭവിക്കും.

ഹന്നാസ്:— അണലിസന്താനങ്ങളാണു പോലും.

കയാഫസ്:— അണലിയുടെ വിഷം അവനറിയും.

ഹന്നാസ്:— ഇവിടിരുന്നു പറയും.

കയാഫസ്:— (അസുഖത്തോടെ) പിന്നെ ഞാനെന്തു ചെയ്യണം?

ഹന്നാസ്:— പിടിച്ചുകെട്ടണം.

കയാഫസ്:— കെട്ടണം.

ഹന്നാസ്:— കൊന്നുകളയണം.

കയാഫസ്:— (ഉറിപ്പിച്ച്) കൊന്നുകളയണം.

ഹന്നാസ്:— ആര്?

കയാഫസ്:— ആര്?

ഹന്നാസ്:— (അല്പം തണുത്ത്) ഞാനാണു പ്രധാനാചാര്യനെങ്കിൽ കാണാമായിരുന്നു!

കയാഫസ്:-- (പുച്ഛത്തോടെ) കാണാമായിരുന്നു!

(അല്പം കഴിഞ്ഞ്) നിങ്ങൾക്കനുവാദം തന്നിട്ടുണ്ടല്ലോ അവനെ പിടിക്കാൻ. എന്നിട്ടെന്തേ ഇതുവരെ സാധിക്കാഞ്ഞതു്? ഒരാശാരിച്ചെക്കനെ പി

ടിക്കാൻ സാധിച്ചില്ല് ഇതുവരെ. ശക്തന്മാരായ പരീശന്മാർ!

ഹന്നാസ്:— ആക്ഷേപിക്കരുത്.

കയാഫസ്:— പിന്നെന്തുവേണം?

[പുറത്തു് ആരോ "ദാവീദിൻെറ പുത്രന് ഓശാനാ, ഓശാന!" എന്നൊക്കെ പറഞ്ഞുനടക്കുന്നു. കയാഫസും ഹന്നാസും ചെവി കൂർപ്പിച്ചു ശ്രദ്ധിച്ചു.]

കയാഫസ്:— (പുറത്തേക്കു നോക്കി) ആരടാ അതു്?

[ഹന്നാസും എഴുന്നേററുചെന്നു് എത്തിനോക്കുന്നു.]

ഹന്നാസ്:— (തിരിച്ചുവന്നു് പരിഹാസസ്വരത്തിൽ) പ്രധാനാചാര്യൻെറ അരമനപ്പടിക്കൽതന്നെ. ഛായ്! കുറച്ചിൽ.

കയാഫസ്:— (പുറത്താരേയോ കണ്ടിട്ടു്) എടാ സൈമൺ, കൊടുക്കടാ ആ ഓശാനക്കാരൻെറ ചെകിട്ടത്തു രണ്ടു്—

[കുറച്ചുകഴിഞ്ഞു് പുറത്തു് ഒരടിപൊട്ടലും നിലവിളിയും]

അ. അങ്ങനെത്തന്നെ. (തിരിഞ്ഞ്നടന്നു്) ദാവീദിൻെറ പുത്രനും ഓശാനേം! (വന്നു് ഇരുന്നു.)

[സൈമൺ—ഒരു സാധാരണ യഹൂദയുവാവു്; കയാഫസിൻെറ ആശ്രിതൻ—വരുന്നു.]

ഹന്നാസ്:— പിടിച്ചില്ലേടാ അവനെ?

സൈമൺ:— അവനു ചുട്ടുള്ള രണ്ടു ഓശാനാതന്നെ കൊടുത്തു!

കയാഫസ്:— (അരിശപ്പെട്ട്) ആ നസ്രായക്കാരനെവിടെടാ?

സൈമൺ:— അവൻ തല്ക്കാലം പള്ളിയിൽ നിന്നു ഇറങ്ങിയിട്ടുണ്ട്.

കയാഫസ്:— ങേ? നിങ്ങളവനെ പിടിച്ചില്ലേ?

സൈമൺ:— പിടിക്കാൻപോയിട്ട് അരികത്തെത്താൻ കഴിഞ്ഞില്ല.

കയാഫസ്:— എന്ത്? നിങ്ങൾക്കിപ്പോഴും അവനെ പിടിക്കാൻ സാധിച്ചില്ല! എന്തിനുകൊള്ളാമെടാ നിങ്ങളെ? ഭീരുക്കൾ! ചുണയില്ലാത്ത ചൊക്ലികൾ!

സൈമൺ:— അതിനവനെ ഒററയ്ക്കൊന്നു കണ്ടിട്ടവേണ്ടേ റബ്ബീ? അവൻെറ ചുററും ആളൊഴിഞ്ഞ നേരമുണ്ടോ? 'കത്താവേ, അനുഗ്രഹിക്കണേ; മിശിഹായേ, അനുഗ്രഹിക്കണേ'ന്നും പറഞ്ഞുകൊണ്ടു് പെണ്ണുങ്ങളും തന്താരും കൂട്ടംകൂടിയിരിക്കയല്ലേ?

കയാഫസ്:— കൂട്ടംകൂടിയിരിക്കയാണു്! എന്തിനാടാ പിടിച്ചില്ലെന്നു പറഞ്ഞേ. പിടിച്ചെന്നുതന്നെ പറഞ്ഞോ. എന്നിട്ടവൻ, മറഞ്ഞുപോയി; പറന്നുകളഞ്ഞു! എന്തിനാ കുറയ്ക്കുന്നേ?

ഹന്നാസ്:— ആ നിയമജ്ഞരും ലേവായരുമൊക്കെ എന്തെടുക്കുന്നവിടെ? അവനോടു രണ്ടു ചോദ്യം ചോദിച്ചുവിടാമായിരുന്നില്ലേ?

സൈമൺ:— അതവരു ചോദിച്ചു. പക്ഷേ, അവരുടെ

'ഊളൻപുത്തി'യല്ലാ ആ നസ്രായന്റെ. ഉത്തരം പറഞ്ഞങ്ങിരുത്തിക്കളഞ്ഞില്ലേ.

കയാഫസ്:— എന്താണവർ ചോദിച്ചതു്?

സൈമൺ:— വാണിഭക്കാരെ പള്ളിയിൽ നിന്നടിച്ചോടിച്ചതു് എന്തധികാരംകൊണ്ടാണെന്നു് ഒരു ചോദ്യം.

ഹന്നാസ്:— അതിനെന്തു പറഞ്ഞൂ അവൻ?

സൈമൺ:- തന്റേടത്തോടെ ഞെളിഞ്ഞുനിന്നു് അവൻ പറയുകയാണു്, ഈ ദേവാലയം തകർക്കുക; മൂന്നു ദിവസംകൊണ്ടു ഞാൻ വീണ്ടും പണിയുമെന്നു്!

കയാഫസ്:— എന്തു്? ദൈവാലയം തകർക്കുകയോ? അക്രമം! ദൈവദൂഷണം! (ഹന്നാസിനോടു്) അമ്മായച്ചൻ കേൾക്കുന്നില്ലേ? മുരച്ച ദൈവദൂഷണമല്ലേ ഇതു്? (സൈമണോടു്) പിന്നെ? പറയടാ. ബാക്കിക്കൂടി പറ.

(ഹന്നാസിനോടു്) നോക്കിവെച്ചേക്കണം. ദൈവദൂഷണക്കുററം ചുമത്തി അവനെ ക്രൂശിക്കണം.

സൈമൺ:— സീസറിനു കരം കൊടുക്കാമോ എന്നു വേറൊരു ചോദ്യം.

കയാഫസ്:— മ്ം?

സൈമൺ:— കൊടുക്കണ്ടാ എന്നു പറഞ്ഞാൽ സീസറിന്റെ വിരോധിയാണെന്നു പറയാം. കൊടുക്കണംന്നു് പറ—.

കയാഫസ്:— (തിട്ടക്കത്തിൽ) അവനെന്തു പറഞ്ഞെന്നു പറയടാ.

സൈമൺ:— അവനൊരു നാണയം വാങ്ങി നോക്കിയിട്ടു പറഞ്ഞു: സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും കൊടുത്തേക്കുക. തീൎന്നു. പിന്നെ ചോദിക്കാൻ ആളില്ല.

കയാഫസ്:— (കുറച്ചുനേരം മിണ്ടാതിരുന്നതിനുശേഷം പെട്ടെന്നു്) അതു രാജ്യദ്രോഹമാണു്.

സൈമൺ:— അതെങ്ങനെ റബ്ബീ?

കയാഫസ്:— ആണെടാ. അവൻ സീസറിനു കരം കൊടുക്കണ്ടായെന്നു പറഞ്ഞു. അതു രാജ്യദ്രോഹമാണു്.

സൈമൺ:— കരം കൊടുക്കണ്ടാന്നു് അവൻ പറഞ്ഞില്ല.

കയാഫസ്:— ഞാൻ പറയുന്നു.

(ഹന്നാസിനോടു്) അമ്മായച്ഛാ, ഇതും ഒരു തെളിവു്. ഓർമ്മയിൽ വെച്ചേക്കണം.

ഹന്നാസ്:— (അലക്ഷ്യഭാവത്തിൽ മിണ്ടാതിരിക്കയാണു്.)

കയാഫസ്:— എന്താണൊന്നും മിണ്ടാതിരിക്കുന്നേ?

ഹന്നാസ്:— പറച്ചിലിൽ കുറവൊന്നും ഇല്ലല്ലോ! ഉം; നടക്കട്ടെ. നടക്കട്ടെ. നിങ്ങളുടെ തെളിവെടുപ്പു

നടക്കട്ടെ. കുററപത്രം തയ്യാറായി. കുററക്കാരൻ മാത്രം ഇല്ല.

കയാഫസ്:— (സൂചിപ്പിച്ചതു മനസ്സിലാക്കി: ചിന്തിച്ചുകൊണ്ടു കുറേനേരമിരിയ്ക്കുന്നു. അനന്തരം എഴുന്നേററു് ഉഗ്രമായി) ആ സാത്താൻെറ കുതിരയെ പിടിച്ചുകെട്ടാൻ ചുണയുള്ള ഒരാൺകുട്ടി ഈ ജറൂസലത്തില്ലേ? സൈമൺ! (സൈമണെ തുറിച്ചു നോക്കി നില്ക്കുന്നു)

മത്തിയാസ്:— (പെട്ടെന്നു പ്രവേശിച്ചു്) ഉവ്വ്.

കയാഫസ്:— ആരു്?

മത്തിയാസ്:— ഈ ഞാൻ തന്നെ. മത്തിയാസ്.

കയാഫസ്:— തീർച്ച?

മത്തിയാസ്:— തീർച്ച. ആ മുക്കുവപ്രമാണിയെ പിടിക്കാനുള്ള വല വീശിക്കഴിഞ്ഞു റബ്ബീ.

കയാഫസ്:— (ഉത്സാഹത്തോടെ അടുത്തുചെന്നു്) എങ്ങനെ? പറ. നിനക്കെന്തു സഹായം വേണമെങ്കിലും ഞാൻ ചെയ്തു തരും. പറ.

മത്തിയാസ്:— അവൻെറ ശിഷ്യനെക്കൊണ്ടുതന്നെ ഞാനവനെ പിടിപ്പിക്കും.

കയാഫസ്:— (കൈപിടിച്ചു കുലുക്കിയിട്ടു്) ഉള്ളതാണോ മത്തിയാസ്? ഇതുള്ളതാണോ?

ഹന്നാസ്:— (സംശയത്തോടെ തല കുലുക്കിക്കൊണ്ടു്) അവൻെറ കൂടെ നടന്നവൻ അവനെ കൊലയ്ക്കു കൊടുക്കുക?

മത്തിയാസ്:— വിശ്വസിക്കാൻ പറവുന്നില്ല; ല്ലേ? ശരി. ഞാൻ കാണിച്ചു തരാം. ആളിനെ ഞാൻ കൊണ്ടു വന്നിട്ടുണ്ട്. പടിക്കൽ നില്ക്കുന്നു. വിളിച്ചു കാര്യമെല്ലാം ശരിപ്പെടുത്തണം.

കയാഫസ്:— ആരാണത്? ഇവിടിരിക്കു മത്തിയാസ്.

മത്തിയാസ്:— യൂദാസ്. ഇസ്കരിയട്ടിൻെറ മകൻ. ഒരു പണക്കൊതിയൻ.

ഹന്നാസ്:— അവനങ്ങനെ ചെയ്യുമോ?

മത്തിയാസ്:— ചെയ്യുമോന്നു്! രണ്ടു ചെമ്പുതുട്ടിനാവേണ്ടി വെട്ടിക്കൊല നടത്താൻപോലും മടിയില്ലാത്തവനാണവൻ. എന്തു പിച്ചത്തരം ചെയ്യാനും നാണവുമില്ല.

ഹന്നാസ്:— എന്തു തെളിവുണ്ടു്? ഒരുപക്ഷേ, നമ്മുടെ രഹസ്യങ്ങൾ ചോർത്തിയെടുക്കാൻ ആ നസ്രായൻ പറഞ്ഞു വിട്ടതാവും.

മത്തിയാസ്:— അല്ലെന്നു്. യൂദാസിൻെറ പണക്കൊതി പ്രസിദ്ധമാ. അന്നവൻ—ആരു്? ആ യേശുവേ. അവൻ അപ്പം വർദ്ധിപ്പിച്ചതിൽ മിച്ചം വന്നതുണ്ടല്ലോ, ആരുമറിയാതെ കൊണ്ടുവിററ് പണംമേടിച്ചു പോക്കററിലിട്ടവനാ ഈ യൂദാസ്! ഇതാ ഇന്നുതന്നെ പുള്ളി ഒരു രഹസ്യപ്പിരിവു നടത്തി. യേശുവിൻെറ അഡ്രസ്സിൽ. എന്താ കൊള്ളാമോ പുള്ളി?

കയാഫസ്:— ശരി. മത്തിയാസ്, എന്നിട്ട നമ്മളെ ന്തു ചെയ്യണം?

മത്തിയാസ്:— പകല് അവനെ പിടിക്കാൻ നോക്കേണ്ട. പിന്നെ രാത്രിയാണ്. രാത്രി അവൻ ഏതു ഗുഹയിലായിരിക്കുമെന്ന് അവനും അവൻെറ മരക്കാന്മാൎക്കുംമാത്രമേ അറിയാവൂ. നമുക്കതറിഞ്ഞാമതിയല്ലോ.

സൈമൺ:— ഒററക്ക കണ്ടുകിട്ടിയാൽ പിന്നെ ഞാനേററു.

കയാഫസ്:—മിണ്ടാതിരിയെടാ. നീയേററു. തിന്നാൻ!

മത്തിയാസ്:— അതു് ഈ യൂദാസ് ഒന്നു കാട്ടിത്തന്നാൽ മതി. വല്ലതും കൈമടക്കിയാൽ അവനതു ചെയ്യും. തീൎച്ച. ഞാനിങ്ങോട്ടു വിളിക്കാം (പോകുന്നു)

കയാഫസ്:— (ഹന്നാസിനോട്) പററുമെന്നു തോന്നുന്നു. മത്തിയാസ് ആള് മിടുക്കനാ.

[രണ്ടുപേരും യൂദാസിനെയും കാത്തു പുറത്തേക്കു നോക്കിയിരിക്കുന്നു.]

കർട്ടൻ

## രംഗം രണ്ട്

കഴിഞ്ഞരംഗത്തിൻെറ തുടർച്ച

[രംഗം തുറക്കുമ്പോൾ കയാഫസും ഹന്നാസും യൂദാസി നെ പ്രതീക്ഷിച്ചിരിക്കയാണ്.

അല്പം കഴിഞ്ഞ് യൂദാസ് മത്തിയാസിനോടൊന്നിച്ചു വരുന്നു.

യൂദാസ്—ഗുരുദ്രോഹിയായ ക്രിസ്തുശിഷ്യൻ; മൂപ്പു തോടടുക്കുന്ന പ്രായം.

സ്ഥലവും അലങ്കാരങ്ങളുംകണ്ട് വിസ്മയംപൂണ്ട് അ ത്തിയോടെ എല്ലാടവും നോക്കുന്നു. അത്യാഗ്രഹം കണ്ണുകളിൽ നിഴലിക്കുന്നുണ്ട്]

കയാഫസ്:— (യൂദാസിനെ കണ്ടയുടനെ) ഹാ! വരൂ. ഇരിക്കൂ. യൂദാസെന്നല്ലേ പേര്?

യൂദാസ്:— (ചുവരിലെ അലങ്കാരങ്ങളിൽ നോക്കി ക്കൊണ്ട്) ഓ . . . കാശു കുറേ കളഞ്ഞിട്ടുണ്ട്! (കസേരയിലെ കുഷനും മാറും കണ്ട്) എന്തൊ ക്കെയാണീ കസേരയിൽ? ഇതൊക്കെന്തിനാ ഇവി ടിട്ടിരിക്കുന്നേ? കൊടുത്താ കാശു കിട്ടില്ലേ?

ഹന്നാസ്:— (പതിയെ) കൊള്ളാം!

കയാഫസ്:— യൂദാസ് അവിടിരി. അതൊക്കെ കൊടുത്തു കാശു വാങ്ങാൻ തീരുമാനിച്ചിരിക്ക്യാ. കാശുതന്നെ കാര്യം.

യൂദാസ്:— (ഇരുന്നിട്ട്) അതിനു സംശല്ല്യ. കാശിന്റെ വെല എനിക്കറിയാം. യഹോവാടെ ഒരു ദാനമാ അതു്. കണ്ടോണം ചെലവു ചെയ്യാൻ എനിക്കിഷ്ടമില്ല. അതു കൈയിലുണ്ടെങ്കിൽ അതിന്റെ അർത്ഥം യഹോവാടെ അനുഗ്രഹം ഉണ്ടെന്നാ. മഹാ പുരോഹിതന്മാർക്കറിയാം.

(വീണ്ടും നോട്ടം അവിടത്തെ അലങ്കാരസാധനങ്ങളിലേക്കുതിരിക്കുന്നു.

അകലെ വെച്ചിരിക്കുന്ന ഒരു കാഴ്ച വസ്തു കണ്ണിൽപ്പെട്ട് പെട്ടെന്ന് എഴുന്നേററു് അതിന്റെ അടുത്തുചെന്നു് വാ പൊളിച്ചു നോക്കിനില്ക്കുന്നു.)

കയാഫസ്:— എന്നിട്ട് യൂദാസ്, നിന്റെ റബ്ബി ഇപ്പോളെവിടെ?

യൂദാസ്:— (മുഴുവൻ കേൾക്കാതെ) അ. എന്താ ചോദിച്ചേ?

കയാഫസ്:— നിന്റെ ഗുരുവില്ലേ? യേശു. ഇപ്പോളെവിടെയാ?

യൂദാസ്:— ഇപ്പോളങ്ങു ബഥനീലാ.

(വീണ്ടും ആ സാധനം നോക്കിനില്ക്കുന്നു.)

കയാഫസ്:— റബ്ബി മിടുക്കനാ. അല്ലേ?

യൂദാസ്:— മിടുക്കനാ. ദിവ്യനാ. (തിരിച്ചുവന്നു് ഇരി

ക്കുന്നു) എന്നാലും കാശിനോട് ലേശോം ഇഷ്ടി
ല്ല്യ. ഇന്നാള് ആ മഗ്ദലനക്കാരി മറിയം ഒരു
പത്തുമുന്നൂറു ദെനാറേടെ സുഗന്ധസാധനോംണ്ട്
കൊണ്ടോന്ന് റബ്ബീടെ കാലിൽ പൂശുന്നു. പൊടി
യിൽ നടക്കുന്ന കാലിലേ! ചില്ലറ നഷ്ടമാണോ അ
ത്? പണം എത്രയാ? പത്തു മുന്നൂറു ദനാറാ! ഒരു
ദനാറാ എന്നു പറഞ്ഞാൽ എത്രയാ!

(മദ്ധ്യത്തിൽ തൂങ്ങുന്ന വെള്ളിവിളക്കു കണ്ണിൽപെ
ടുന്നു)

അപ്പഴേ, ഈ തൂങ്ങിക്കിടക്കുന്ന വിളക്കിന് എന്തു
വിലയാവും? ഒരു പത്തു മുന്നൂറു ദനാറായെങ്കിലും?

കയാഫസ്:— (ശ്രദ്ധ തിരിപ്പിക്കാൻ) ഓ. അതു
പോകട്ടെ. യൂദാസ്.

നിൻെറ റബ്ബിയെ ഞങ്ങൾക്കൊന്നു കാണിച്ചുതര
ണമല്ലോ.

യൂദാസ്:— (വിളക്കിൽനിന്നു കണ്ണെടുക്കാതെ) അതി
നെന്താ ഇന്നിവിടുണ്ടായിരുന്നല്ലോ. ഇനി ഒരാഴ്ച
ത്തേക്ക് ഈ ജറൂസലത്ത് ഉണ്ടാവേം ചെയ്യും.

മത്തിയാസ്:— റബ്ബി തനിച്ചായിരിക്കുമ്പോളാണു ഞ
ങ്ങൾക്കു കാണേണ്ടതു്.

യൂദാസ്:— (ചിരിച്ചുകൊണ്ട്) എന്താ പിടിച്ചു കെട്ടി
യിടാൻ കരുതുന്നോ? ഏതാണ്ടങ്ങനൊരു ശ്രുതി
കേട്ടല്ലോ. പക്ഷെ ഒന്നു ഞാൻ പറയാം. റബ്ബിയെ
പിടിച്ചു കൂട്ടിലാക്കാൻ നോക്കണ്ട. വെള്ളത്തി

ൻെറ മീതെ നടന്നോനാ. മരിച്ചവരെ ഒററ വിളിക്ക ജീവിപ്പിച്ചോനാ എൻെറ റബ്ബി.

കയാഫസ്:— ഞങ്ങൾക്കൊന്നു കാട്ടിത്തന്നാൽ മതി.

യൂദാസ്:— കണ്ടുകിട്ടിയാൽ പിന്നെ നിങ്ങളാവാമെന്നോ?

മത്തിയാസാ:— അതെ.

യൂദാസ്:— ഉവ്വ്! വെറുതെ വീമ്പടിക്കുന്നതെന്തിന്? ഇപ്പണി നിങ്ങൾ ഇതിനുമുമ്പു രണ്ടുമൂന്നു തവണ നോക്കിയതല്ലേ?

കയാഫസ്:— എന്നാലും ഇത്തവണ യൂദാസിനൊന്നു കാട്ടിത്തരരുതോ?

മത്തിയാസ്:— ഇത്തവണ ഞങ്ങൾ നോക്കിക്കൊള്ളാം.

കയാഫസ്:— അ. അതെ. (യൂദാസിനെ നോക്കിയിരിക്കുന്നു.)

യൂദാസ്:— (ആലോചനയോടെ) അപ്പോൾ, നിങ്ങൾക്ക് അദ്ദേഹത്തെ പിടിച്ചു കെട്ടാൻ ഞാൻ കാണിച്ചു തരുക!

മത്തിയാസ്:— (പ്രോത്സാഹിപ്പിക്കാൻ) കാണിച്ചുതരുകമാത്രം മതി.

യൂദാസ്:— (അല്പനേരം ആലോചിച്ച്) അതു ചതിയല്ലേ, പുരോഹിതന്മാരേ?

മത്തിയാസ്:— എന്തു ചതി? നീ വേറൊന്നും ചെയ്യുകേം വേണ്ട.

യൂദാസ്:— (അസ്വാസ്ഥ്യത്തോടെ) അതു വയ്യ.

കയാഫസ്:— (യൂദാസിനെ വശീകരിച്ചെടുക്കാൻ ഒരു പച്ചച്ചിരി ചിരിച്ചുകൊണ്ടു്) യൂദാസ്, വെറുതെ വേണമെന്നില്ല.

യൂദാസ്:— (കയാഫാസിൻെറ മുഖത്തേക്കു നോക്കുന്നു.)

കയാഫാസ്:— (അതേ നിലയിൽ, ഒരു വലിയ സമ്മാനം തരാമെന്ന അൎത്ഥത്തിൽ) അതെ. യൂദാസിൻെറ സേവനം പ്രതിഫലം ഇല്ലാതെയാവില്ല.

യൂദാസ്:— (പെട്ടെന്നു നോട്ടം പിൻവലിച്ചു്) വേണ്ട. (അല്പനേരം ആലോചിച്ചു്) അല്ലെങ്കിൽ . . . . എനിക്കെന്തു തരും?

കയാഫസ്:— യൂദാസിനെന്തുവേണം?

യൂദാസ്:— പണം. യൂദാസിനു പണംമതി. (ഒരു ചെറിയ ചിരി)

കയാഫസ്:— (സന്തോഷപൂർവ്വം) തരാം.

യൂദാസ്:— (മനസ്സിലൊരെതിർപ്പനുഭവപ്പെട്ടു്, പെട്ടെന്നു്) അല്ലെങ്കിൽ വേണ്ട. ആ പണം എനിക്കു വേണ്ട.

മത്തിയാസ്:— ങേ? യൂദാസ്–

യൂദാസ്:— (തീരുമാനത്തോടെ) അതു വേണ്ട. അതു് ഗുരുദ്രോഹമാണു്. വേണ്ട . . . . നന്ദികേടാണു്. (കുറച്ചുനേരം സംശയിച്ചുനിന്നു്) അതെ. ഞാൻ പോകട്ടെ. (എഴുന്നേല്ക്കുന്നു.)

മത്തിയാസ്:— (പിടിച്ചിരുത്തിയിട്ട്) ഇതെന്തു വിഡ്ഢിത്തമാണു യൂദാസ്? പ്രധാനപുരോഹിതൻ കരുതിക്കൂട്ടി നല്ലൊരു തുക തരാൻ നോക്കുമ്പോൾ–

യൂദാസ്:— (വിഷമത്തോടെ) വേണ്ട. മത്തിയാസേ, വേണ്ട. നിങ്ങളിത്തവണ ഗുരുവിനെ പിടിച്ചാലോ. നിങ്ങളുടെ മട്ടു കണ്ടിട്ട്–

[കയാഫസ് മേശ തുറന്ന് പണപ്പാത്രത്തിൽ കൈയിടുന്നു. നാണയങ്ങൾ കിലുങ്ങി ശബ്ദമുണ്ടാക്കുന്നു. യൂദാസ് യാന്ത്രികമായി അങ്ങോട്ടു നോക്കിപ്പോകുന്നു. പെട്ടെന്ന് നോട്ടം പിൻവലിക്കുന്നു. യൂദാസിനൊരു കിതപ്പനുഭവപ്പെടുന്നു; മനസ്സിലൊരു പിടിവലി.]

യൂദാസ്:— (അല്പം കഴിഞ്ഞ്) ഞാൻ പോകട്ടെ മത്തിയാസ്. (എഴുന്നേല്ക്കുന്നില്ല. മത്തിയാസിനെ നോക്കുന്നു.)

കയാഫസ്:— (തന്ത്രപരമായി) അവൻ പൊയ്ക്കോട്ടെ മത്തിയാസ്.

[നാണയങ്ങളിളക്കി ശബ്ദമുണ്ടാക്കുന്നു. യൂദാസ് നോക്കുന്നു.]

കയാഫസ്:— നിനക്കു വയ്യെങ്കിൽ പൊയ്ക്കോ യൂദാസ്.

[യൂദാസ് പോകുന്നില്ല. കയാഫസിനേയും, അയാളുടെ മേശയിലിരിക്കുന്ന നാണയങ്ങളേയും മത്തിയാസിനേയും മാറി മാറി നോക്കുന്നു. ഒപ്പം മനസ്സും പിടിച്ചുലയ്ക്കപ്പെടുകയാണ്.]

യൂദാസ്:— (വിഷമത്തോടെ) അല്ല. എന്റെ ഗുരുവാണേ. കിട്ടുന്ന കാശു സൂക്ഷിക്കാൻ ഏല്പിച്ചിരി

ക്കുന്നതു് എന്നെയാ. ഗുരു പോയാൽ അതും പോക്കാ. (സംശയിച്ചുനില്ക്കുന്നു.)

മത്തിയാസ്:— (അടവു മാററി) അതിനിപ്പോഴം നിന്റെ ഗുരു എവിടെപ്പോകാൻ?

യൂദാസ്:— (ഒരു വഴി കണ്ടപോലെ) ങേ! അപ്പോഴം നിങ്ങഠം പിടിച്ചു കെട്ടാനല്ലേ?

മത്തിയാസ്:— (നിസ്സഹായത നടിച്ചു്) ഞങ്ങഠംക്കെങ്ങനെ നിന്റെ ഗുരുവിനെ പിടിക്കാൻ സാധിക്കും!

യൂദാസ്:— (തെളിഞ്ഞ്) സാധിക്കില്ല. നിങ്ങഠംക്കു സാധിക്കില്ല. എന്റെ ഗുരുവിനെ പിടിച്ചുകെട്ടാൻ നിങ്ങളു നോക്കണ്ടാ. വെള്ളത്തിന്റെ മീതെ—

മത്തിയാസ്:— അതു പിന്നെ ഞങ്ങഠംക്കറിഞ്ഞുകൂടെ?

യൂദാസ്:— ങ്ാ. വെള്ളത്തിന്റെ മീതെ നടന്നോനാ എന്റെ ഗുരു. വെള്ളം വീഞ്ഞാക്കി മാറേറ്യാനാ.

മത്തിയാസ്:— അപ്പോഴം, നിനക്കൊന്നു കാട്ടിത്തന്നുകൂടെ നിന്റെ ഗുരുവിനെ?

കയാഫസ്:— (നാണയങ്ങഠം കിലുക്കി ശബ്ദമുണ്ടാക്കുന്നു.)

മത്തിയാസ്:— (യൂദാസിനോട്) പ്രധാനപുരോഹിതൻ—

[യൂദാസ് കയാഫസിനെ നോക്കുന്നു. കയാഫസ് യൂദാസിനെ നോക്കി പുഞ്ചിരിക്കുന്നു. യൂദാസിന്റെ മനസ്സിൽ കാററു മാറി വീശുന്നു.]

യൂദാസ്:— (തന്നത്താൻ സമാധാനപ്പെടാൻ കാരണം തേടിക്കൊണ്ട്) അല്ലേലും ഞാൻ കാണിച്ചുതന്നതുകൊണ്ട് നിങ്ങളു പിടിക്കാനൊന്നും പോകുന്നില്ല. പിടിച്ചുകെട്ടിയാൽ എന്റെ ഗുരു നില്ക്കാനും പോകുന്നില്ല. അന്നാളൊരുദിവസം നിങ്ങളൊരു പത്തമ്പതുപേരുണ്ടായിട്ടും എന്റെ ഗുരുവിനെ തൊടാനൊത്തോ? ഇല്ല. സാധിക്കില്ല.

മത്തിയാസ്:— അതാ ഞാൻ പറഞ്ഞത്. നീ ഒന്നു കാട്ടിത്തന്നാൽ മതിയടാ. അതിനു നിനക്കു പ്രധാനപുരോഹിതൻ– (യൂദാസും മത്തിയാസും കയാഫസിനെ നോക്കുന്നു.)

കയാഫസ്:— തരാം.

[യൂദാസ് ചിന്തിച്ചു നില്ക്കുന്നു. കയാഫസ് കുറച്ചു നാണയങ്ങളെടുത്ത് അവനെ സമീപിക്കുന്നു.]

കയാഫസ്:— ഇതു പത്തുണ്ട്.

[യൂദാസ് നാണയങ്ങളൊന്നു നോക്കി. പെട്ടെന്ന് മുഖം തിരിച്ചു എന്തോ ചിന്തിച്ചുകൊണ്ടു മടിച്ചു നില്ക്കുന്നു.]

മത്തിയാസ്:— വാങ്ങിച്ചോക്കടാ യൂദാസേ.

[യൂദാസ് നാണയങ്ങളൊന്നുകൂടി നോക്കി. മുഖത്തു തീരുമാനം വ്യക്തമാകുന്നു. അല്പം കഴിഞ്ഞ് കയാഫസിനെനോക്കി ചിരിക്കുന്നു.]

കയാഫസ്:— (നാണയങ്ങൾ നീട്ടി) ഇതു പത്തുണ്ട്.

യൂദാസ്:— ഹ. ഹ. ഹ! (വീണ്ടും ചിരി)

ഹന്നാസ്:— എന്താ ചിരിക്കുന്നേ?

യൂദാസ്:— ഹ. ഹ. ഹ! വെറും പത്തോ? (മേശക്കരുകി ലേക്കു നടന്ന്)

കയാഫസ്:— എന്നാൽ പതിനഞ്ചിരിക്കട്ടെ.

യൂദാസ്:— ഇതവിടൊന്നും നില്ക്കില്ല.

ഹന്നാസ്:— ഒരിരുപതു്.

യൂദാസ്:— ഞാൻ പോകട്ടെ (എഴുന്നേല്ക്കുന്നു.)

കയാഫസ്:— അനുമതി യൂദാസ്. (യൂദാസ് നോക്കുന്നു.) പിന്നെത്രവേണം?

യൂദാസ്:— (വിരലുകൾ മടക്കിയും നിവർത്തിയും മുപ്പതു് എന്നു കാണിക്കുന്നു.)

കയാഫസ്:— മുപ്പതോ?

യൂദാസ്:— അതെ. മുപ്പതു്. എന്തു മുപ്പതു്? ദെനാറാ.

കയാഫസ്:— വെള്ളി ദെനാറാ?

യൂദാസ്:— അതെ. മുപ്പതു വെള്ളി. പക്ഷേ, ഞാനിന്നേ പറയുന്നു. പുള്ളി പിടിവിട്ടുപോയാലും ഞാൻ പ ണം തിരിച്ചു തരില്ല. അതു കണ്ടേക്കണം.

കയാഫസ്:— ഇതാ. (മുപ്പതുവെള്ളി കൊടുക്കുന്നു.)

യൂദാസ്: —(വാങ്ങി എണ്ണിനോക്കി ഒരു നാണയമെടുത്തു നീട്ടി) ഇതൊന്നു മാററിത്തരണം. കാശിൻെറ കാ ര്യം എനിക്കത്ര കണിശമാ. ഈ യൂദാസിതിത്തിരി കണ്ടവനാ. ഹ. ഹ. ഹ! (നല്ല നാണയം തിരിച്ചു വാങ്ങുന്നു.)

ന്നാ ഞാൻ പോകട്ടാ. എന്നു വേണമെന്നു പറ ഞ്ഞാ മതി. (അല്പം നടന്നു തിരിഞ്ഞുനിന്നു്) പി ന്നെ, പുള്ളി പിടി വിട്ടുപോയാലും പണം ഞാൻ തിരിച്ചു തരില്ല.

മത്തിയാസ്:— അതു ഞങ്ങളു നോക്കിക്കൊള്ളാമെന്നേ.

യൂദാസ്:— ആരുടേയും പിടിയിലമരാത്തവനാ എന്റെ റബ്ബി. വെള്ളത്തിന്റെ മീതെ നടന്നോനാ. വെ ള്ളം വീഞ്ഞാക്കി മാറേറ്യാനാ. (പോകുന്നു.)

കയാഫസ്:— (ചിരിച്ചുകൊണ്ടു്) ഹ. ഹ. ഹ! മത്തി യാസ്! നീ മിടുക്കൻതന്നെ. ഹ. ഹ. ഹ! അമ്മായ ച്ചൻ! ഞാനൊന്നു ചിരിക്കട്ടെ. ഹ. ഹ. ഹ! അവ ന്റെ ദിവസങ്ങളെണ്ണിക്കഴിഞ്ഞു.

ഹന്നാസ്— (വിസ്മയത്തോടെ) നിന്നെ കൊള്ളാമല്ലോ ടാ യൂദാസേ!

കയാഫസ്:— നമ്മളും ഏതാണ്ടിതുപോലെയൊക്കെ ത്തന്നെയല്ലേ? ഹ. ഹ. ഹ!

യൂദാസ്:— (തിരിച്ചുവന്നു്) ഒന്നുകൂടി പറഞ്ഞേക്കാം. ആളു പിടിവിട്ടുപോയാലും പണം തിരിച്ചുതരു ന്ന പണി ഉണ്ടാവില്ല.

കയാഫസ്:— അതു ഞങ്ങളേററു യൂദാസ്. നീ പൊ യ്ക്കോ. (യൂദാസ് പോയി.)

ഹന്നാസ്:— ഇനി എത്രയുംവേഗം അവനെയങ്ങവസാ നിപ്പിക്കണം. ഒരു രാത്രികൊണ്ടു് എല്ലാം തീര

ണം. വിധിയും വിധി നടത്തലും എല്ലാം. ജനങ്ങള റിഞ്ഞാൽ പിശകാ.

കയാഫസ്:— അതെ. ഈ പെസഹാപെരുന്നാളിനു തന്നെ ആയിക്കളയാം. മത്തിയാസ്, നമ്മുടെ ആളുകളെയൊക്കെ ഒന്നറിയിക്കണം. സാക്ഷിപറയാനും ക്രൂശിക്കാനുമൊക്കെ കുറേപേരുവേണം. ഏ?

ഹന്നാസ്:— എന്നാൽ ഞങ്ങളിറങ്ങട്ടെ.

കയാഫസ്:— (ഹന്നാസിനോട്) ദാഹത്തിന വല്ലതും കുടിച്ചിട്ട്— (അകത്തേക്കു നോക്കി) വെറോനീ—

ഹന്നാസ്:— (എഴുന്നേററ്) വേണ്ട. ഇപ്പോൾതന്നെ പോയി ചിലതു ചെയ്യാനുണ്ട്.

[ഹന്നാസും മത്തിയാസും പോകുന്നു. കയാഫസ് കുറച്ചുനേരം എന്തോ ആലോചിച്ചിരുന്ന് ഒരു ഹാസ്യച്ചിരിയോടുകൂടി എഴുന്നേല്ക്കുന്നു.]

കയാഫസ്:— നോക്കിക്കെടാ മുക്കവപ്രമാണീ നീ. ഒരോശാനക്കാരൻ! ഈ ഓശാനയുടെ ഓശ തീരുന്നതിനുമുമ്പുതന്നെ നിന്നെ ഞാൻ കഴുവിൽ കേററിയില്ലെങ്കിൽ ഈ കയാഫസ് കയാഫസല്ലടാ. (ഉലാത്തുന്നു) കയാഫസിനെ നീ അറിയാൻ പോകുന്നേ ഉള്ളു. (ഇടക്കുവെച്ച് വെറോനിക്ക വന്നു ശ്രദ്ധിക്കുന്നു) ഞാൻ വെള്ളയടിച്ച കഴിമാടമാണടാ. അണലിതന്നെ. പക്ഷേ, വിഷമുള്ള അണലിയാണെന്നു നീ അറിഞ്ഞില്ല; അല്ലേ?(തിരിഞ്ഞു കസേരയിലേക്ക് ഇരിക്കാൻ വരുമ്പോൾ വെറോനിക്ക അടുത്തു ചെല്ലുന്നു.)

വെറോനിക്ക:— ആ നസ്രായനെപ്പററിയാണോ ഇപ്പോഴം പറഞ്ഞുകൊണ്ടിരിക്കുന്നതു്?

കയാഫസ്:— അതേടി. അവൻെറ കാലം കഴിഞ്ഞു. ഇന്നവനു് ഓശാന വിളിച്ചവരെക്കൊണ്ടു ഞാനവനെ കഴവിൽ കേററിക്കും. നോക്കിക്കോ.

വെറോനിക്ക:— (തെല്ലു ഭയത്തോടെ) കൊല്ലാൻ? അയ്യോ! അദ്ദേഹം ഒരു പ്രവാചകനാണെന്നാ ആളുകൾ പറയുന്നേ.

കയാഫസ്:— (ഹാസ്യച്ചിരിയോടെ) പ്രവാചകൻ! കള്ളപ്രവാചകൻ!

വെറോനിക്ക:— ഒരുപക്ഷേ, വരാനിരിക്കുന്ന മിശിഹായാണെങ്കിലോ?

കയാഫസ്:— ഹ. ഹ. ഹ! മിശിഹായോ! അവനോ? എടീ, ഈ കയാഫസിവിടുള്ളപ്പോൾ യഹോവാക്കു് ഒരു മിശിഹായെ കിട്ടാൻ ആ ആശാരിച്ചെക്കൻ വേണോടീ? ബുദ്ധിയില്ലാത്ത കഴുതേ!

വെറോനിക്ക:— ഇടയച്ചെക്കനായ ദാവീദിനെയാണു് യഹോവാ രാജാവാക്കിയതു്.

കയാഫസ്:— അന്നു വേറെ ആമ്പിള്ളേരില്ലാഞ്ഞു ... (ഇരിക്കുന്നു) എടീ, നിനക്കറിയാമോ? അവൻ യഹോവായുടെ ശാബത്തു തെററിക്കുന്നോനാ.

വെറോനിക്ക:— ജനങ്ങൾക്കു നന്മ ചെയ്യാൻ വേണ്ടി മാത്രം.

കയാഫസ്:— ആരേയും അനുസരിക്കാത്ത ധിക്കാരി!

വെറോനിക്ക:— ദൈവത്തെ അനുസരിക്കുന്നുണ്ടു്.

കയാഫസ്:— അധികാരികളെ അപലപിക്കുന്നവനാണെടീ നിൻെറ പ്രവാചകൻ.

വെറോനിക്ക:— തെററു ചെയ്യുന്നവരല്ലേ അതിൽ വിഷമിക്കേണ്ടു?

കയാഫസ്:— പരസ്യപാപിനികളെയല്ലോടീ അവൻ വശീകരിച്ചു കൂടെ കൊണ്ടു നടക്കുന്നതു്?

വെറോനിക്ക:— (അത്ഥംവെച്ചു്) ആ മഗ്ദലനക്കാരി മാനസാന്തരപ്പെട്ടതിൽ മനോവിഷമം കാണും.

കയാഫസ്:— ങ്ഹേ—!

വെറോനിക്ക:— ഇനി ഒരുത്തികൂടി മാനസാന്തരപ്പെട്ടാൽ രാത്രി ഇവിടെ കാണുമായിരിക്കും.

കയാഫസ്:— (ദ്വേഷ്യത്തോടെ) വെറോനിക്കാ!

വെറോനിക്ക:— വെറുതെയല്ല വെള്ളയടിച്ച കുഴിമാടമെന്നു കേൾക്കുമ്പോൾ പൊള്ളുന്നതു്?

കയാഫസ്:— (എഴുന്നേററു്) എടീ—!

വെറോനിക്ക:— പകലൊക്കെ വെള്ളയങ്കിയണിഞ്ഞു സത്യവും സന്മാർഗ്ഗവും പ്രസംഗിക്കുക. രാത്രി—

കയാഫസ്:— (കസേര തള്ളിനീക്കി വെറോനിക്കയുടെ നേരെ ചാടിക്കൊണ്ടു്) രാത്രീ—?

കർട്ടൻ

## രംഗം മൂന്നു്

ഒരു വഴിവക്കു്. സമയം രാത്രി പത്തുമണിയോടടുക്കുന്നു. വെളുത്തപക്ഷമാണെങ്കിലും ഇടയ്ക്കിടക്കു കാർമേഘങ്ങൾ ചന്ദ്രനെ മറയ്ക്കുന്നുണ്ടു്.

[രംഗം തുറക്കുമ്പോൾ, മത്തിയാസ് അക്ഷമനായി സൈമണെ പ്രതീക്ഷിച്ചു് ഇരിക്കയാണു്. ഇടക്കു് എഴുന്നേററു് അല്പം നടന്നുചെന്നു് അയാൾ വരുന്നുണ്ടോ എന്നു ശ്രദ്ധിക്കുന്നു. ആരേയും കാണാത്തതിൽ മുഷിഞ്ഞു് "നാശം! മുടിയാനായിട്ടു് ഇവനൊന്നും ഇങ്ങെത്താറായില്ല" എന്നു പറഞ്ഞുകൊണ്ടു് വന്നു് പഴയ സ്ഥാനത്തുതന്നെ ഇരിക്കുന്നു.

കുറച്ചകലെമാറി മത്തിയാസിൻെറകൂടെ വന്ന കൂലിപ്പട്ടാളം വെടിപറച്ചിലും കൂവലുമായി കഴിയുന്നുണ്ടു്. അവർ കൂട്ടംകൂടി എന്തോ കളിയിൽ ഏർപ്പെട്ടിരിക്കുകയാണു്. ഇടക്കു കളി മുറുകുമ്പോഴുണ്ടാകുന്ന ചില അട്ടഹാസങ്ങളും സബാഷ് വിളികളും മററും കേൾക്കാം.]

മത്തിയാസ്:— (അവരുടെ ശബ്ദം അസഹ്യമായി; അങ്ങോട്ടു തിരിഞ്ഞു്) ഒന്നു മിണ്ടാതിരിക്കിനെടാ. (വീണ്ടും പഴയപടി ഇരുന്നു്) അല്ല. ഇന്നു് അകത്താക്കിയതു മുഴുവൻ ദഹിക്കണമല്ലോ!

(എഴുന്നേററു ചെന്നു് താൻ പ്രതീക്ഷിക്കുന്നവൻ വരുന്നുണ്ടോ എന്നു നോക്കുന്നു. കാണായ്കയാൽ തിരിച്ചു വരുമ്പോൾ) ഇവററുക്കു കൊടുത്ത തീറേറം ക്രലീം വെറുതെ ആവുമോ എന്തോ?

[പുറത്തു്: ഇരുന്നിരുന്നു മടുത്തു് ആളുകൾ ഓരോന്നു പിറുപിറുത്തു തുടങ്ങി; ചിലർ വിളിച്ചു പറയുന്നു:

ഒരാൾ:— എന്താ ഒന്നും ആയില്ല്യോ! ഇരുന്നിരുന്നു ഞങ്ങടെ കാലെല്ലാം മരേച്ചു തുടങ്ങി.

(മത്തിയാസ് അതു ശ്രദ്ധിക്കുന്നില്ല. എന്തോ ആലോചിച്ചുംകൊണ്ടിരിക്കയാണ്.)

വേറൊരാൾ:— ഇതിന്നൊന്നും ആവുന്ന പാടു കാണുന്നില്ല. നമുക്കിത്തിരി തീയുണ്ടാക്കി ഒന്നു ചൂടുകായാം.

വേറൊരാൾ:— അതെ. കുറെ ചുള്ളിക്കമ്പെടുത്തുവരിനെടാ. തണുപ്പൊന്നു പോകട്ടെ.]

(കുറച്ചുകഴിഞ്ഞു സൈമൺ ധൃതിയിൽവരുന്നു)

മത്തിയാസ്:— (ഇരുന്നുകൊണ്ടുതന്നെ) എന്തിനാടാ ഇപ്പോൾതന്നെ ഇങ്ങു വന്നതു്?

സൈമൺ:— (കിതപ്പു തീരുന്നേയുള്ളു) എൻെറ പൊന്നേ! ഇപ്പോഴെങ്കിലും എത്താൻ ഞാൻ പെട്ടപാടു്! (കിതക്കുന്നു)

മത്തിയാസ്:— (നിലത്തു്ഒരു ചുള്ളിക്കമ്പുകൊണ്ടു് എന്തോ വെറുതെ വരക്കുന്നുണ്ടു്) എന്താ? സീസറെ തോല്പിച്ചുവന്നപോലുണ്ടല്ലോ!

സൈമൺ:— (ഇരിക്കുന്നു) സീസറല്ലേലും ഒരാണാണ

ല്ലോ. ആണുങ്ങളെ തോല്പിച്ചുപോരാൻ ഇത്രയും വിഷമം ഇല്ല.

മത്തിയാസ്:— (സൈമന്റെ മുഖത്തേക്ക് ഒന്നു നോക്കിയിട്ട്) പിന്നെ വല്ല 'മഗ്ദലന'യായിരിക്കും!

സൈമൺ:— വീട്ടുകാരത്തിതന്നെ, എന്റെ മത്തിയാസേ. അവളൊരിഞ്ചിനാ സമ്മതിക്കണ്ടേ.

മത്തിയാസ്:— അതെന്താടാ? രാത്രി നിന്നെ പുറത്തു വിടാൻ വിഷമം കാണും.

സൈമൺ:— (ചിരിച്ചുകൊണ്ട്) എന്നാൽ വേണ്ടില്ലായിരുന്നല്ലോ. (ഗൗരവത്തോടെ) നമ്മുടെ ഈ പ്ലാനൊക്കെ അങ്ങാടിപ്പാട്ടായിരിക്കുന്നെന്നാ തോന്നുന്നതു്.

മത്തിയാസ്:— ഏ?

[ ചുള്ളിക്കമ്പുകൾ പെറുക്കിക്കൊണ്ട് ഒരാൾ അതിലെ വന്നു; ഇടക്ക് മത്തിയാസിനേയും സൈമണേയും ശ്രദ്ധിക്കുന്നു.]

സൈമൺ:— ഞാനിങ്ങോട്ടു പോരാൻ നില്ക്കുമ്പോൾ അവള് മുമ്പേക്കേറി തടഞ്ഞോണ്ടു പറയ്വാ. (സൈമൺ എഴുന്നേററു് ആംഗ്യത്തോടെ)'നിങ്ങളീപ്പടി കടന്നു പോവാൻ ഞാൻ സമ്മതിക്കുല്ല. ആ റബ്ബീനെ കൊല്ലാനുള്ള പണിക്ക് നിങ്ങള് പോണ്ടാന്നു്'. എന്നു്.

ആഗതൻ:— അതുശര്യാ. എന്നോടും ഇതുതന്നെ പറഞ്ഞു എന്റെ അവളും.

സൈമൺ:— ഈ പെണ്ണുങ്ങൾക്കൊക്കെ എന്തു കാര്യമാ അവനെ!

ആഗതൻ:— (പുറത്തേക്ക നടന്നുകൊണ്ടു്) അപ്പഴേ, ഇതു് ഇന്നോ മറേറാ ആവേപാ? ഞങ്ങൾക്കങ്ങ് പോണന്നു്ണ്ട്ട്ടോ. (രണ്ടു മൂന്നു ചുള്ളിക്കമ്പുകളുമായി പോകുന്നു.)

മത്തിയാസ്:— (പെട്ടെന്നു് ഓർത്തിട്ടു്) അവനിതുവരെയും വന്നില്ലല്ലോ. (എഴുന്നേററു്ചെന്നു് പുറത്തേക്ക നോക്കി നില്ക്കുന്നു.)

സൈമൺ:— അ. അതുതന്നെ. യൂദാസെവിടെ?

മത്തിയാസ്:— (ആരോ പോകുന്നതു കണ്ടു വിളിച്ചു ചോദിക്കുന്നു) ആരാ ആ പോകുന്നതു്? (അല്പം കൂടി അങ്ങോട്ടു നടന്നു്) ഏയ്! (കൈകൊട്ടി വിളിക്കുന്നു) ഏയ്! ആരാ അതു്? ഇതിലെ വന്നു് പോ. (ഉറക്കെ) ഇതിലെ വന്നു പോകാൻ—

[സൈമണും അങ്ങോട്ടുനോക്കി. ആ മനുഷ്യൻ പേടിച്ചോടുന്നതു കണ്ടു ചിരിക്കുന്നു.]

സൈമൺ:— അയ്യോ, ആ പാവം അതാ ഓടടാ ഓട്ടം! പേടിച്ചോടുന്നതു കണ്ടില്ലേ.

[രണ്ടുപേരും തിരിച്ചു പഴയസ്ഥാനത്തു വരുന്നു.]

സൈമൺ:— (അല്പം കഴിഞ്ഞു്) ഈ യൂദാസ് പറഞ്ഞതുപോലെ ചെയ്യേപാ? എനിക്കൊരു സംശയം?

മത്തിയാസ്:— (ഒന്നും മിണ്ടുന്നില്ല)

സൈമൺ:— കാശ്ശുംമേടിച്ച് കീശയിലിട്ട് കണ്ടഭാവം കാട്ടാതെ കടന്നു കളഞ്ഞാലോ—

മത്തിയാസ്:— (ഉലാത്തുന്നു. ഇടക്ക് യൂദാസ് വരുന്നുണ്ടോ എന്നു നോക്കുന്നു.)

സൈമൺ:— അന്നുതന്നെ അവന് അല്പം മടിയായിരുന്നു.

[മത്തിയാസ് ഒന്നും പറയുന്നില്ലെന്നു കണ്ട് സൈമണും മിണ്ടാതിരുന്നു. അല്പംകഴിഞ്ഞു്]

സൈമൺ:— അവളു പറഞ്ഞതിലും കാര്യമില്ലാതില്ല.

[മത്തിയാസ് സൈമൻെറ ഈ തുരപ്പൻ വത്തമാനം കേട്ട് അസുഖത്തോടെ അവനെ നോക്കുന്നു.]

സൈമൺ:— (അതേ നിലയിൽ) ഇതുകൊണ്ടാക്കെ നമുക്കെന്താ ഗുണം? അല്ല, എന്താ ഗുണമെന്നു്?

മത്തിയാസ്:— (താക്കീതുപോലെ ഒന്നു നോക്കി.)

സൈമൺ:— അല്ല ചേട്ടാ. ഇതിലൊക്കെ നമുക്കെന്താ ഗുണമുണ്ടായിട്ടാ? നമ്മോടു വല്ല ഉപദ്രവവും അവൻ ചെയ്തിട്ടുണ്ടോ?

മത്തിയാസ്:— സൈമൺ!

സൈമൺ:— എന്നോടൊന്നും ഇല്ല. ചേട്ടനോടോ?

മത്തിയാസ്:— (ദേഷ്യത്തിൽ) ഇതിനാണോ നീ പ്രധാനാചാര്യൻെറ ചോറു തിന്നുന്നതു്?

സൈമൺ:— അതോർത്തല്ലെങ്കിൽ ഞാനീ തണുപ്പുകൊണ്ടിവിടെ വരേം. (നിലത്തു വെറുതേ വരച്ചുകൊണ്ടിരിക്കുന്നു.)

[മത്തിയാസ് ഒന്നും പറഞ്ഞില്ല. അകലേക്കു നോക്കി നില്ക്കുന്നു. ആരേയോ കണ്ടിട്ട് അല്പംകൂടി നീങ്ങിനിന്നു സൂക്ഷിച്ചുനോക്കുന്നു.]

സൈമൺ:— എന്തായാലും കുറേ പേക്കെങ്കിലും വല്ല ഉപകാരോം ചെയ്യോനാ അവൻ. എത്ര സൂക്കേടാ പൊറുപ്പിച്ചിരിക്കുന്നേ—

മത്തിയാസ്:— (അക്ഷമനായി തിരിഞ്ഞ്) എടാ നീ ഒന്നു മിണ്ടാതിരി. ഇവൻെറ ഒരു ഗീർവ്വാണം!

(തിരിഞ്ഞു നോക്കിനില്ക്കുന്നു)

അതാ ആ വരുന്നതു് അവനാണെന്നാ തോന്നുന്നതു്.

(സൈമണും എഴുന്നേററു് ചെന്നു നോക്കി)

അതെ. അവൻതന്നെ.

സൈമൺ:— (ആളെ കണ്ടിട്ട്) അ. അതെ. അതവൻ തന്നെ.

[രണ്ടുപേരും യൂദാസിനേയും കാത്തുനില്ക്കുന്നു.]

[പുറത്ത് തീ കായുന്നവർ:

ഒരാൾ:— ഇനി നീയങ്ങിത്തിരി മാറിയിരിക്കെടാ. ഞാനും ഒന്നടുത്തിരിക്കട്ടെ.

വേറൊരാൾ:— രണ്ടു കമ്പുക്കൂടെ ഇട്ടുകൊടുക്കെടാ. ഒന്നു നല്ലോണം കത്തട്ടെ.

വേറൊരാൾ:— അതിനു നീ പോയി കൊണ്ടുവരണം.]

[യൂദാസ് വരുന്നു.

ചന്ദ്രൻ മേഘങ്ങൾക്കിടയിൽ മറഞ്ഞതിനാൽ വെളിച്ചം തീരെ മങ്ങി. അകലെ ജപചിച്ചുകൊണ്ടിരിക്കുന്ന

തീനാളങ്ങൾ രംഗത്തെ ഇടക്കിടക്ക ചുവപ്പു പൂശുന്നുണ്ട്. പണ്ടു കണ്ട യൂദാസല്ല. തീരെ ഉന്മേഷമില്ലാത്ത പ്രകൃതി. വിളറിയ മുഖം. പേടിച്ച നോട്ടം. പതറിയ നടത്തം. കയറിവരുമ്പോൾ കാലു തട്ടി ഒന്നു വീഴാൻ പോയി. അപ്പോഴേക്കും മത്തിയാസും സൈമണും കയറിപ്പിടിച്ചു.]

മത്തിയാസ്:— (യൂദാസിനെ പിടിച്ചുകൊണ്ടു്) ഞങ്ങളെത്രനേരമായി ഈ കാത്തിരിപ്പു തുടങ്ങിയിട്ടു്. [യൂദാസ് ഒന്നും പറയുന്നില്ല. യാന്ത്രികമായി വന്നു; നില്ക്കുന്നു.]

മത്തിയാസ്:— എന്താ ഇത്ര വൈകാൻ?

യൂദാസ്:— (മൗനം)

സൈമൺ:— ഇനി ഏതായാലും വേഗംതന്നെ ആയിക്കൂടെ? എവിടെ നിൻെറ ഗുരുവിപ്പോൾ?

യൂദാസ്:— (തൻെറ ദൗത്യം നിർവ്വഹിക്കണമോ എന്ന അർത്ഥത്തിൽ മത്തിയാസിനെ നോക്കുന്നു.)

മത്തിയാസ്:— ഇനി ഒട്ടും വൈകരുതു്. പ്രധാനാചാര്യന്മാർ കാത്തിരിക്കയാണു്. നടക്കു്.

യൂദാസ്:— (ഇളകുന്നില്ല. ചിന്തിച്ചുനില്ക്കുന്നു.)

സൈമൺ:— എന്താ; താമസം?

യൂദാസ്:— (വിഷമത്തോടെ മത്തിയാസിനെ നോക്കുന്നു) മത്യാസേ, നിങ്ങളെക്കൊണ്ടാവില്ലെന്നാ തോന്നുന്നതു്.

മത്തിയാസ്:— (യൂദാസിൻെറ മട്ടു കണ്ടിട്ടുള്ള അതൃപ്തിയോടെ.) എന്താവില്ലെന്നു്?

യൂദാസ്:— എൻെറ ഗുരുവിനെ പിടിക്കാൻ.

സൈമൺ:— അതു ഞങ്ങളുടെ കാര്യമല്ലേ?

മത്തിയാസ്:— (യൂദാസിനോട്) അതുകൊണ്ട്?

യൂദാസ്:— (പേടിയോടെ) അതുകൊണ്ട് . . . ഞാൻ കാണിച്ചു തന്നതുകൊണ്ടു കാര്യമൊന്നുമില്ലല്ലോ (പെട്ടെന്ന് നോട്ടം പിൻവലിച്ചു കീഴ്പോട്ടു നോക്കിനിന്നു.)

മത്തിയാസ്:— (ഉടനെ) അപ്പോൾ നിനക്കതിനു സാദ്ധ്യമല്ല?

യൂദാസ്:— (തലയുയർത്തി ഒന്നു നോക്കുന്നു. ദയനീയമായൊരു നോട്ടം)

സൈമൺ:— ഞങ്ങളുടെ ഉറക്കമിളപ്പ് വെറുതെ?

യൂദാസ്:— അതല്ലെങ്കിലും വെറുതെ ആവാനേ തരമുള്ളു. നിങ്ങൾ എല്ലാരുംകൂടി വളഞ്ഞാലും റബ്ബി 'എലക്കും മുള്ളിനും' കേടില്ലാതെ കടന്നുപോകും.

സൈമൺ:— ശടാ! ഇതു കളിയാണല്ലോ.

മത്തിയാസ്:— (അക്ഷമനായി) യൂദാസ്! ഞങ്ങളെ കളിപ്പിക്കയാണോ?

സൈമൺ:— നീ വാക്കു പറഞ്ഞതല്ലേടാ?

മത്തിയാസ്:— കൂലി നേരത്തേ മേടിച്ചതല്ലേടാ?

[യൂദാസ് ഇരുവരേയും മാറി മാറി നോക്കുന്നു.]

മത്തിയാസ്:— ഇതു മര്യാദയാണോ?

സൈമൺ:— ഇതാണോടാ ആണത്തം?

യൂദാസ്:— (വിഷണ്ണനായി) വേണ്ട, മത്യാസ് . . . . എനിക്കതു വയ്യ. (അല്പം ആലോചിച്ചു നിന്നിട്ട്) വേണ്ട.

മത്തിയാസ്:— (ദേഷ്യത്തിൽ) അതിനി തീരുമാനിക്കേണ്ടതു ഞങ്ങളാണ്. ഉം. നടക്ക്! (യൂദാസിനെ തള്ളിക്കൊണ്ടു പോകാൻ നോക്കുന്നു.)

യൂദാസ്:— (പെട്ടെന്നു മുന്നോട്ടു ചാടി തിരിഞ്ഞുനിന്നുകൊണ്ടു തടസ്സം കാണിച്ച്) നില്ക്ക്. നില്ക്കു മത്യാസ്. എന്തായാലും ഇപ്പോഴ് പോയിട്ടു ഫലമില്ല. റബ്ബി പെസഹാ കഴിഞ്ഞിട്ട് ഇറങ്ങിയിട്ടില്ല.

മത്തിയാസ്:— പെസഹായോ! പെസഹാ നാളെ കഴിഞ്ഞല്ലേടാ?

സൈമൺ:— നിന്റെ റബ്ബിക്കതുപോലും അറിഞ്ഞുകൂടെ?

യൂദാസ്:— ഞങ്ങളിന്നാ പെസഹാ അത്താഴം കഴിച്ചേ.

സൈമൺ:— അതേതായാലും നന്നായി. നാളേക്കു വെച്ചിരുന്നെങ്കിൽ അവനു് ഇക്കൊല്ലത്തെ പെസഹാ അങ്ങേലോകത്താകുമായിരുന്നു.

(പുറത്തുനിന്നു്): ഞങ്ങളങ്ങട് പോക്വാ. പോയിട്ടു വേറെ പണിയുണ്ട്.

മത്തിയാസ്:— (പുറത്തേക്കു നടന്നു്) നില്ലിനെടാ. പോകാൻ വരട്ടെ. ഞങ്ങളിതാ വന്നുകഴിഞ്ഞു.

(സൈമണോട്ട്) സൈമണൊന്നങ്ങോട്ടു ചെല്ല്. അവരെ ഒന്നു പറഞ്ഞിരുത്തണം.

[സൈമൺപോകുന്നു. മത്തിയാസ് കുറച്ചുനേരം അങ്ങോട്ടു നോക്കിനില്ക്കുന്നു.]

യൂദാസ്:— (ഒരു വിശേഷവികാരത്തോടെ) കേട്ടോ മത്യാസേ. ഇത്തവണ ഞങ്ങളുടെ പെസഹാ ഗംഭീരമായിരുന്നു. ഗുരുതന്നെ ഞങ്ങളുടെ കാലു കഴുകി.

മത്തിയാസ്:— (യൂദാസ് പറയുന്നതിലല്ല ശ്രദ്ധ. ക്രിസ്തുവിനെ പിടിക്കാൻ വൈകുന്നതിലുള്ള വിഷമം കൊണ്ടുള്ള തിടുക്കത്തോടെ) ഇതെന്നാ പെസഹായാണെടാ? ഇതുവരെയായിട്ടും തീരാത്ത പെസഹാ അത്താഴം?

യൂദാസ്:— (മത്തിയാസ് പറയുന്നതു ശ്രദ്ധിക്കാതെ) അപ്പവും വീഞ്ഞും എടുത്തു പതിവില്ലാത്ത എന്തോ ഒക്കെ പറഞ്ഞു.

മത്തിയാസ്:— (മത്തിയാസിൻെറ വിചാരംവേറെയാണ്) നീ ഞങ്ങളെ കളിപ്പിക്കയാണോ?

യൂദാസ്:— (അതേ നിലയിൽ) അപ്പമെടുത്ത് ഇത് എൻെറ ശരീരമെന്നും വീഞ്ഞെടുത്ത് എൻെറ രക്തമെന്നും പറഞ്ഞിട്ടാ ഞങ്ങൾക്കു തന്നതു്.

മത്തിയാസ്:— (അക്ഷമനായി) നിൻെറ ഗുരു രക്ഷപ്പെടാൻവേണ്ടി ഞങ്ങളെ പറഞ്ഞു നിറുത്തുകയാണോ നീ? യൂദാസ്! (യൂദാസിനെ രൂക്ഷമായി നോക്കുന്നു.)

യൂദാസ്:— (അതു ശ്രദ്ധിക്കാതെ തുടരുകയാണ്) അതുള്ളിൽ ചെന്നപ്പോൾ എന്തോ ഒരു മാററം—

മത്തിയാസ്:— (ദേഷ്യത്തോടെ) യൂദാസ്! നീ ഞാൻ പറഞ്ഞതു കേട്ടോ? ഗുരുവിനെ കിട്ടിയില്ലെങ്കിൽ നീ തന്നെയാണ് നാളത്തേക്കുള്ള വഹ. കരുതിക്കളിച്ചേക്കണം.

യൂദാസ്:— (പഴയപടി) 'ഇതെൻെറ ഓർമ്മക്കായി ചെയ്യുവിൻ' എന്നൊരു കല്പനയും.

മത്തിയാസ്:— (യൂദാസിനെ ബലമായി പിടിച്ചു കുലുക്കിയിട്ട്) എടാ! എവിടെടാ നിൻെറ ഗുരു? ഇപ്പോൾ കാണിച്ചുതരണം. ഉം. പറ. (യൂദാസിൻെറ കുപ്പായത്തിനു പിടിച്ച് അവൻെറ മുഖത്തേക്കു രൂക്ഷമായി നോക്കിനില്ക്കുന്നു.)

[പുറത്തു് ഒരു സങ്കീർത്തനാലാപത്തിൻെറ ശബ്ദതരംഗങ്ങൾ ഉയർന്നുയർന്നു കേൾക്കാറാവുന്നു. ക്രിസ്തുവും ശിഷ്യരുംകൂടി പെസഹാവിരുന്നു കഴിഞ്ഞു ഗദ്സേമനിലേക്കു പോവുകയാണു്.

യൂദാസ് ചെവി കൂർപ്പിച്ചു ശ്രദ്ധിച്ചുനില്ക്കുന്നു. മത്തിയാസ് പിടി വിട്ട് അങ്ങോട്ടു നോക്കുന്നു. ഗാനതരംഗങ്ങൾ അടുത്തടുത്തുവരുന്നു.]

യൂദാസ്:— (അറിയാതെ പറഞ്ഞുപോകുന്നു) അതാ ഗുരു—

മത്തിയാസ്:— (ഉടനെ) എവിടെ? ഇപ്പോൾ പിടിക്കണം. അതാണോ ഗുരുവും കൂട്ടരും? നടക്ക്. വാ. ഉം. നടക്കാൻ. (യൂദാസിനെ പിടിച്ചുവലിക്കുന്നു.)

യൂദാസ്:— (തടഞ്ഞുകൊണ്ടു്) നില്ക്കു്. നില്ക്കു മത്യാസ്. ഇപ്പോം പോയാൽ ആപത്താണു്. (കിതക്കുന്നു) കുറച്ചു കഴിയട്ടെ. (പുറത്തേക്കു നോക്കി നില്ക്കുന്നു. ഒരു വീർപ്പുമുട്ടൽ അനുഭവപ്പെടുന്നു.)

മത്തിയാസ്:— അവൻ രക്ഷപ്പെട്ടു കഴിഞ്ഞിട്ടോ? (യൂദാസിനെ തറച്ചുനോക്കുന്നു.)

[ഗാനവീചികൾ അകന്നകന്നു പോകുന്നു]

മത്തിയാസ്:— (തിടുക്കത്തിൽ) നിൻെറ അടവിനി ഫലിക്കാൻ പോകുന്നില്ല. ഉം നടക്കെടാ. (പിടിച്ചു വലിക്കുന്നു. ഇടിക്കാനോങ്ങുന്നു.)

യൂദാസ്:— (തടഞ്ഞുകൊണ്ടു്) ഞാൻ കാണിച്ചുതരാം മത്യാസ്. ഞാൻ കാണിച്ചുതരാം.
(തൊണ്ടയിൽ പെട്ടെന്നു വെള്ളം വററിയപോലെ അല്പം നിന്നു്) അവരിപ്പോം പോകുന്നതു് ആ തോട്ടത്തിലേക്കാണു്. ഗദ്സേമൻ . . . (അല്പം ഉമനീരിറക്കിയിട്ടു്) അവിടെ രാത്രിമുഴവൻ ഇരുന്നു പ്രാത്ഥിക്കും. അവിടെവെച്ചു് ആരും അറിയാതെ പിടിക്കാം.

മത്തിയാസ്:— (തിടുക്കത്തിൽ) എന്നാൽ നടക്കു് അവിടേക്കു്—

യൂദാസ്:— അവരങ്ങു് എത്തട്ടെ മത്യാസേ.

[യൂദാസ് തെരുതെരെ ചുണ്ടുകൾ നനക്കുന്നു. കുറച്ചു നേരത്തേക്കു് ഒന്നും പറയാൻ സാധിക്കുന്നില്ല.]

യൂദാസ്:— (യാചനാഭാവത്തിൽ നോക്കി) മത്യാസേ—

മത്തിയാസ്:— ഉം?

യൂദാസ്:— ഞാനൊന്നു പറയട്ടെ—

മത്തിയാസ്:— (അക്ഷമനായി) ഒന്നും പറയണ്ടാ. ഞെങ്ങൾക്കവനെ കാട്ടിത്തന്നാൽമതി.

യൂദാസ്:— അതാ ഞാൻ പറയാൻ വരുന്നേ.

മത്തിയാസ്:— എന്തു്?

യൂദാസ്:— ഇതാ ഈ വഴിയെ നേരെയങ്ങു പോകുമ്പോൾ വലത്തെവശത്തു കാണുന്ന രണ്ടാമത്തെ പടി കടക്കുന്നതു ഗദ്സേമനിലേക്കാണു് (ചൂണ്ടുന്നച്ചിട്ടു്) അവിടെ ഒരു പാറക്കൂട്ടമുണ്ടു്. അതിനടുത്തു മുട്ടുകുത്തി പ്രാൎത്ഥിക്കുന്നുണ്ടാവും.

മത്തിയാസ്:— ശരി. എന്നാൽ വേഗം നടക്കു്.

യൂദാസ്:— (തടഞ്ഞുകൊണ്ടു്, കുറച്ചുമിനീരിറക്കിയിട്ടു്) ഞാൻ വഴി പറഞ്ഞുതന്നല്ലോ. ഇനി—

മത്തിയാസ്:— ഇനി?

യൂദാസ്:— ഇനി മത്തിയാസും കൂട്ടരും പോയി പിടിച്ചുകൊണ്ടാൽമതി. ഞാൻ—

മത്തിയാസ്:— എടാ ബുദ്ധിമാനേ! അങ്ങനെ നിനക്കും ഗുരുവിനും—രണ്ടാൾക്കും രക്ഷപെടാൻ അല്ലേ? നടപ്പില്ല. ഉം. നടക്കു്. (യൂദാസിനെ തള്ളിവിടുന്നു) ഇപ്പോൾപ്പോകണം.

(പുറത്തുള്ളവരോടു്) വരിനെടാ എല്ലാവരും.

(മടിച്ചുനില്ക്കുന്ന ഷൂദാസിനോട്) ഉം. നടക്കാൻ. അവിടെച്ചെന്നു നിൻെറ ഗുരു ഏതാണെങ്കിൽ അവൻെറ മുഖത്തു നീ ഒരു മുത്തം കൊടുക്കണം. പിന്നെ ഞങ്ങൾ നോക്കിക്കോളാം. ഉം. നടക്കടാ.

[ഷൂദാസിനെ തള്ളിക്കൊണ്ടു മത്തിയാസ് പോകുന്നു. പുറത്തു നിന്നിരുന്നവർ എല്ലാവരും കൂവിവിളിച്ചു ഓടിപ്പോകുന്നു.]

കർട്ടൻ

## രംഗം നാലു്

ഒലീവുമരങ്ങളും കുററിച്ചെടികളും നിറഞ്ഞുനില്ക്കുന്നഗദ്സെമൻ തോട്ടം. ഒരു മരച്ചുവട്ടിൽ കുറേ കരിമ്പാറക്കൂട്ടങ്ങൾ. പാതിരാവോടടുക്കുന്ന സമയം. നല്ല നിലാവുണ്ടു്. ചീവീടുകളുടെ ശബ്ദംമാത്രമേയുള്ളൂ അവിടുത്തെ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നതിന്.

[രംഗം തുറക്കുമ്പോൾ ക്രിസ്തു ഉയർന്നുനില്ക്കുന്ന ഒരു പാറമേൽ ശിരസ്സു താങ്ങി മുട്ടുകുത്തിനില്ക്കുകയാണു്. ഉൽക്കടമായ മനോവേദനയാൽ അവിടുന്നു പുളയുന്നു. തേങ്ങലുകൾ ഇടയ്ക്കിടക്കു കേൾക്കാം. വിയർപ്പുകൊണ്ടു് ഉടുപ്പാകെ നനഞ്ഞു് ദേഹത്തോടൊട്ടിയിരിക്കുന്നു. അല്പം അകലെയായി ഒരു മരച്ചുവട്ടിൽ മരത്തേൽ ചാരിയിരുന്നു് ഉറങ്ങുകയാണു് ക്രിസ്തുശിഷ്യന്മാരായ പീററും ജോണും ജെയിംസും.

ക്രിസ്തു കുറേനേരം ആ നിലയിൽകിടന്നു. അനന്തരം മുഖം മെല്ലെ ഉയർത്തി.]

ക്രിസ്തു:— (സങ്കടാധിക്യത്താൽ) പിതാവേ! . . . . എ

ന്റെ പ്രിയ പിതാവേ! . . . (പെട്ടെന്നു് മുഖം പൊത്തി കമിഴ്ന്നു കിടക്കുന്നു; തേങ്ങിക്കരയുന്നു. അല്പം കഴിഞ്ഞു നിവർന്നു്)

പിതാവേ! . . . കഴിയുമെങ്കിൽ . . . . (യാചനാ ഭാവത്തിൽ മുകളിലേക്കു നോക്കി നിലകൊള്ളുന്നു. അല്പംകഴിഞ്ഞു സർവ്വശക്തിയും സംഭരിച്ചു് വീണ്ടും) കഴിയുമെങ്കിലീ പീഡകൾ മാററിത്തരണേ! മാററിത്തരണേ പിതാവേ! . . . (പഴയപടി ദൃഷ്ടികൾ മേലോട്ടുയർത്തി നിലകൊള്ളുന്നു. കണ്ണിൽനിന്നു കണ്ണീർകണങ്ങൾ ഉരുണ്ടുവീഴുന്നു. അല്പം കഴിഞ്ഞു്)

എന്നാലും എന്റെ ഇഷ്ടമല്ല . . . അല്ല. അങ്ങയുടെ ഇഷ്ടംതന്നെ നിറവേറണം. (സാവധാനം എഴുന്നേല്ക്കുന്നു) അങ്ങയുടെ ഇഷ്ടമാണു് എന്റെ ഇഷ്ടം . . . ഈ കുഞ്ഞാടിതാ വരുന്നു പിതാവേ .....

[ക്രിസ്തു സാവധാനം നടന്നു ശ്ലീഹന്മാരുടെ അടുത്തെത്തുന്നു.]

ക്രിസ്തു:— (അവർ ഉറങ്ങുന്നതായി കണ്ടു്) പീററർ! നിങ്ങൾ വീണ്ടും ഉറങ്ങുകയാണോ? (തന്നോടുതന്നെ) മനസ്സു സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണു്.

[അവരെല്ലാം കണ്ണുതുടച്ചുകൊണ്ടു് ധൃതിയിൽ എഴുന്നേററു. ക്രിസ്തു മുമ്പിൽ നില്ക്കുന്നതു കണ്ടു് ലജ്ജിതരായി: "അയ്യോ! കർത്താവേ, ഞങ്ങൾ . . . "]

ക്രിസ്തു:— ഇനി നിങ്ങൾക്കുറങ്ങാം. ഇതാ എന്റെ സമ

യംവന്നു — മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏല്പിക്കപ്പെടുവാനുള്ള മുഹൂൎത്തം!

വരുവിൻ. നമുക്കു പോകാം.

[പോകാനായി തിരിഞ്ഞു് അല്പം നടന്നപ്പോഴേക്കും യൂദാസ്സ് ധൃതിയിൽ വന്നു. ക്രിസ്തുവിനെ കണ്ടപ്പോൾ പെട്ടെന്നൊന്നു ഞെട്ടി അല്പം സ്തംഭിച്ചു നിന്നുപോയി.]

ക്രിസ്തു:— (ശാന്തതവിടാതെ) സ്നേഹിതാ, നീ എന്തിനിപ്പോൾ—

യൂദാസ്സ്:— (ക്രിസ്തുവിൻെറ മുഖത്തു ചുംബിച്ചിട്ടു്) ഗുരോ സ്വസ്തി.

ക്രിസ്തു:— യൂദാസ്സ്! ഒരു ചുംബനത്താലാണോ നീ എന്നെ ഒററിക്കൊടുക്കുന്നതു്?

[യൂദാസ്സ് ലജ്ജിച്ചു തലയും താഴ്ത്തി അവിടന്നു മറഞ്ഞു് ഒരു മരത്തിൻെറ പിന്നിൽ ഒളിച്ചുനിന്നു.

വടിയും വാളും കുന്തവും മററുമായി കുറച്ചുപേർ പെട്ടെന്നു പ്രവേശിച്ചു ക്രിസ്തുവിനെ വളഞ്ഞു. അവരുടെ മുന്നിൽ മത്തിയാസ്സും സൈമണും ഉണ്ടു്.]

പീററർ:— (അന്ധാളിച്ചു്) അയ്യോ! ഇതെന്താണു്? ജോൺ, വാളെവിടെ? (സൂത്രത്തിൽ വാളെടുത്തു പിടിക്കുന്നു.)

ക്രിസ്തു:— (ആഗതരോടു്) നിങ്ങൾ ആരെ അന്വേഷിക്കുന്നു?

മത്തിയാസ്സ്:— നസ്രായക്കാരനായ യേശുവിനെ.

ക്രിസ്തു:— (ശാന്തഗംഭീരനായി) നസ്രായക്കാരൻ യേശു ഞാനാണു്.

[പെട്ടെന്ന് അവരെല്ലാം ഭയപ്പെട്ട് ഒരടി പുറകോട്ടു വലിഞ്ഞു. എന്താണു ചെയ്യേണ്ടതെന്നറിയാതെ നില്ക്കുന്നു.]

ക്രിസ്തു:— എന്താണു നിങ്ങൾ പകച്ചു നില്ക്കുന്നതു്? നിങ്ങൾക്കാരെയാണു കാണേണ്ടതു്?

മത്തിയാസ്:— (മുന്നോട്ടുവന്ന്) നസ്രായക്കാരൻ യേശുവിനെ.

ക്രിസ്തു:— ഞാൻ പറഞ്ഞല്ലോ, അതു ഞാനാണെന്ന്.

മത്തിയാസ്:— (അനുചരന്മാരോട്) ഉം.

[അവരെല്ലാം ക്രിസ്തുവിനെ പിടിക്കാനടുത്തു.]

പീററർ:— (പെട്ടെന്നു വാൾ വീശി) ആരെടാ എൻെറ നാഥനെ?...

[പിടിക്കാൻ വന്നവർ പേടിച്ചല്പം പിന്മാറി.]

ക്രിസ്തു:— (ഉടനെ) പീററർ! വാളുറയിലിട്ടു. ഉം. ഉറയിലിട്ടു! എനിക്കു വേണമായിരുന്നെങ്കിൽ ഇവരുടെ പിടിയിലകപ്പെടാതിരിക്കാൻ മാർഗ്ഗമില്ലെന്നാണോ നീ കരുതുന്നതു്?

[യൂദാസ് മറവിൽനിന്നു് തല പുറത്തുകാട്ടി എന്താണു നടക്കുന്നതെന്നു നിരീക്ഷിക്കുന്നു.]

ക്രിസ്തു:— (തുടർച്ചയായി) എന്നാൽ, ഇതിപ്രകാരം സംഭവിക്കണമെന്നതാണു് ദൈവാഭീഷ്ടം.

(മത്തിയാസിനോടും കൂട്ടരോടുമായി) നിങ്ങളീരാത്രി ഒരു കള്ളനെ പിടിക്കാനെന്നപോലെ വാളും വടിയുമായി വന്നിരിക്കുന്നല്ലോ. ഞാനിന്നലേയും നിങ്ങളോടുകൂടെ ദൈവാലയത്തിലുണ്ടായിരുന്നല്ലോ?

മത്തിയാസ്:— പിടിച്ചു കെട്ടിനെടാ നോക്കിനില്ക്കാതെ.

ക്രിസ്തു:— അതെ. ഇതു നിങ്ങളുടെ സമയമാണ്.

[അവർ ക്രിസ്തുവിനെ ബന്ധിക്കുന്നു.
പേടിച്ച ശിഷ്യന്മാർ സൂത്രത്തിൽ സ്ഥലം വിട്ടു.]

മത്തിയാസ്:— മതിയടാ പ്രസംഗം. കേട്ടു നില്ക്കാനിവിടെ നിൻെറ മുക്കുവസെററൊന്നും ഇല്ല. ഉം. നടക്ക്.

[യൂദാസ് മറവിൽനിന്നു രംഗം നിരീക്ഷിക്കുന്നു.
മുഖം വിവൎണ്ണമാകുന്നു.
യൂദന്മാർ കൂവി വിളിച്ചുകൊണ്ടു ക്രിസ്തുവിനെ ഉന്തിത്തള്ളി കൊണ്ടുപോകുന്നു.
യൂദാസ് പതുക്കെ മരത്തിൻെറ മറവിൽനിന്നു വെളിക്കുവരുന്നു. നിരാശയും പരിഭ്രമവും. ക്രിസ്തുവിനെ കൊണ്ടുപോകുന്നതു നോക്കി നോക്കി അല്പം നടന്നു. പെട്ടെന്നു നിന്നു.]

യൂദാസ്:— (സംഗതി ഉദ്ദേശിച്ചപോലെയല്ലെന്നു കണ്ടു്) എന്തു്? അദ്ദേഹം രക്ഷപ്പെടുന്നില്ലേ? . . . ങേ്ഏ! . . .
(രണ്ടുമൂന്നു ചുവടു് മുമ്പോട്ടോടി. പെട്ടെന്നു്നിന്നു. എല്ലാം തകർന്നപോലെ) ഹയ്യോ! ഞാൻ—
(എന്നു പറഞ്ഞുകൊണ്ടു് പിന്നാക്കം മലച്ചുനില്ക്കുന്നു.)

കർട്ടൻ

## രംഗം അഞ്ച്

ഒന്നാംരംഗത്തിലെ സംവിധാനങ്ങൾ. പാതി രാവോടടുക്കുന്ന സമയം. ഹാളിന്റെ മദ്ധ്യത്തിൽ തൂങ്ങുന്ന വെള്ളിവിളക്കു കത്തിക്കൊണ്ടിരിക്കുന്നു.

[രംഗം തുറക്കുമ്പോൾ, വെറോനിക്ക വാതിലിൽ തലചാരി പുറത്തേക്കു നോക്കിനില്ക്കയാണ്. ക്രിസ്തുവിനു നേരിട്ടിരിക്കുന്ന ആപത്തിൽ ആകുലയാണവൾ. അവളുടെ മുഖത്തു നിസ്സഹായതാഭാവം നിറഞ്ഞുനില്ക്കുന്നു. കുറച്ചുനേരമങ്ങിനെനിന്നു. അനന്തരം സജലങ്ങളായ കണ്ണുകൾ ഒന്നിറുക്കിയടച്ചു തിരിഞ്ഞു നടന്നു, കസേരയിൽ വന്ന് ഇരുന്നു. അവളുടെ സങ്കടം അക്ഷരംപൂണ്ട ഒരു ഗാനം പാടി. അനന്തരം മുഖം കൈകളിൽ താങ്ങി ചിന്താവിഷ്ടയായിരിക്കയാണ്. സാറ പുറത്തുനിന്നു വരുന്നു. അവളും സങ്കടപ്പെട്ടാണ്.]

സാറ:— (വരുന്ന വരവിൽ) കൊച്ചമ്മേ, അദ്ദേഹത്തെ പിടിച്ചു കൊല്ലാനാണവരുടെ പുറപ്പാട്. (വെറോനിക്കയെ സമീപിച്ച്) എന്തൊരു കുറ്റമാണാ റബ്ബി ചെയ്തതു്?

വെറോനിക്ക:— (സാവധാനം മുഖമുയർത്തി കണ്ണുതുടച്ച്) ഒരു വലിയ കുററംചെയ്തു സാറ, അദ്ദേഹം. അദ്ദേഹം സത്യം പറഞ്ഞു. നന്മ ചെയ്തു നടന്നു. കാരുണ്യം പ്രസംഗിച്ചു. (ഒരു നെടുവീർപ്പോടെ വിദൂരത്തേക്കു നോക്കിയിരുന്നു.)

സാറ:— എന്തൊരു നല്ല റബ്ബിയായിരുന്നു! (മൂക്കിൽ വിരൽവെച്ചുനിന്നു)

വെറോനിക്ക:— നല്ലവർക്കിവിടെ ജീവിക്കാൻ സാധ്യമല്ലാതായിരിക്കുന്നു സാറ! അതിനിവിടുത്തെ കൈക്കാരന്മാർ സമ്മതിക്കുകയില്ല.

(കുറച്ചുനേരം ആരും ശബ്ദിക്കാതെ കടന്നുപോയി)

സാറ:— അകത്തോട്ടു പോകാം കൊച്ചമ്മേ. നേരം പാതിരയാകാറായി.

വെറോനിക്ക:— (അതു ശ്രദ്ധിക്കാതെ) പക്ഷേ, അദ്ദേഹത്തെ വധിക്കാൻശ്രമിക്കുന്നതു വെറുതെയാണ്. ഇവക്കതുസാധ്യമല്ലസാറ. ജനഹൃദയങ്ങളിൽ അദ്ദേഹം ജീവിക്കാൻ തുടങ്ങി. ഇല്ല. ആ ജീവനെ വേട്ടയാടാൻ ഇനി ഒരു മഹാ പുരോഹിതനും സാധ്യമല്ല.... അദ്ദേഹം ഭൂമിയിൽ കൊളുത്തിയ സ്നേഹദീപം കെടാതെ ജ്വലിച്ചുകൊണ്ടിരിക്കും. അതു കാട്ടുതീപോലെ കത്തിപ്പടരും. അതിനെ തല്ലിക്കെടുത്താൻ ആർക്കും സാധിക്കുകയില്ല. ഇല്ല, സാറ. സാധിക്കുകയില്ല! (സാവധാനം അകത്തേക്കു നടക്കുന്നു. സാറ അനുഗമിച്ചു.

വെറോനിക്ക മറഞ്ഞപ്പോഴേക്കും ഹന്നാസ് കയറിവന്നു.

ഹന്നാസിന്ന് കാര്യം സാധിച്ചതിലുള്ള ഒരു സന്തോഷഭാവം.)

ഹന്നാസ്:— വെറോനിക്കാ! (വന്നിരുന്നു) വെറോനീ– (വെറോനിക്കാ കണ്ണു തുടച്ചുകൊണ്ടു സാവധാനം വരുന്നു.)

ഹന്നാസ്:— (അവളെ സൂക്ഷിച്ചുനോക്കി) എന്താ, നിന്റെ കണ്ണും മുഖവുമൊക്കെ ചുവന്നു തുടുത്തിരിക്കുന്നല്ലോ? നീ കരയുകയായിരുന്നോ—

വെറോനിക്ക:— പലസ്തീനായിലിന്നാർക്കാണു കരയാതിരിക്കാൻ കഴിയുക?

ഹന്നാസ്:— എന്തിന്ന്?

വെറോനിക്ക:— സത്യം വേട്ടയാടപ്പെടുന്നതുകണ്ട്; സ്നേഹം ക്രൂശിക്കപ്പെടുന്നതു കണ്ടിട്ട്, അപ്പാ.

ഹന്നാസ്:— നിനക്കിപ്പോഴും ആ ജനദ്രോഹിയുടെ—

വെറോനിക്ക:— (തടഞ്ഞുകൊണ്ട്) അങ്ങനെ തീർത്തു പറയാതെ അപ്പാ!

ഹന്നാസ്:— പിന്നെ എന്തു പറയണം?

വെറോനിക്ക:— ഞാനറിഞ്ഞിടത്തോളം, പാപികളെ സ്നേഹിച്ചവൻ.

ഹന്നാസ്:— അല്ലെടി. അവൻ ജനങ്ങളെ വഴിപിഴപ്പിച്ചവനാണ്.

വെറോനിക്ക:— ചിലരുടെമാത്രം നോട്ടത്തിൽ.

ഹന്നാസ്:— അധികാരികളെ ധിക്കരിച്ചവൻ.

വെറോനിക്ക:— തെററു ചൂണ്ടിക്കാണിക്കുന്നതു ധിക്കാരമാണോ?

ഹന്നാസ്:— അവൻ ദൈവത്തെ നിന്ദിച്ചവനാണെടി.

വെറോനിക്ക:— ദൈവത്തിൻെറ പ്രവാചകനാണ്.

ഹന്നാസ്:— ഹ. ഹ. ഹ! പ്രവാചകൻ! അവൻതന്നെ ഒരു പ്രവാചകൻ! . . . നിനക്കെന്തറിയാം പെണ്ണേ—

വെറോനിക്ക:— (പറഞ്ഞതുകൊണ്ടു ഫലമില്ലെന്നു കണ്ടു്) എനിക്കൊന്നുമറിഞ്ഞുകൂടാ. എനിക്കൊന്നു മറിഞ്ഞുകൂടാ അപ്പാ. ഒന്നു ഞാൻ പറയാം. പ്രവാചകന്മാരെ കൊല്ലുന്ന പാരമ്പര്യം നിങ്ങൾ പുതുക്കുകയാണ്. (മുഖം പൊത്തിക്കൊണ്ടകത്തേക്കു പോയി.)

ഹന്നാസ്:— (ആ പോക്കു നിരീക്ഷിച്ചുകൊണ്ടു്) ഇതെന്നു തുടങ്ങി ഇവൾക്കീഭ്രാന്തു്! (എഴുന്നേററുലാത്തുന്നു.)

[കയാഫസ് ധൃതിയിൽ വരുന്നു]

ഹന്നാസ്:— (കയാഫസിനോടു്) അവരിതുവരെയും കൊണ്ടുവന്നില്ലല്ലോ.

കയാഫസ്:— ഇപ്പം എത്തുമായിരിക്കും. (രണ്ടുപേരും ഇരിക്കുന്നു. കയാഫസ് വിശറിയെടുത്തു വീശുന്നു.) സംഘം മൂപ്പന്മാരൊക്കെ എത്തിയോ?

ഹന്നാസ്:— ഓരോരുത്തരായി വന്നുകൊണ്ടിരിക്കുന്നു... ആ. പിന്നെ, അധികം മൂപ്പന്മാരെ അന്വേഷിക്കാനൊന്നും പോകണ്ടാ. അധികംപേരറിഞ്ഞാൽ അത്രയും ദൂഷ്യമാ. പേരിനു രണ്ടു നാല്. ഇതൊരടിയന്തിര കേസല്ല. ഈ രാത്രി അത്രയൊക്കെ സാധിക്കൂ. പിന്നെ, പ്രധാനാചാര്യന്റെ അധികാരവുമുണ്ടല്ലോ.

കയാഫസ്:— സാക്ഷികളെ പ്രത്യേകം പറഞ്ഞു പഠിപ്പിച്ചിട്ടില്ലേ?

ഹന്നാസ്:— ഉവ്വ്; ഉവ്വ്. സൈമൺതന്നെ സാക്ഷി പറയും.

കയാഫസ്:— നടപടിയൊക്കെ മാന്യമായിത്തന്നെ. നാം പിടിച്ചു ശിക്ഷിച്ചതായി വരരുത്. ജനങ്ങൾ പിടിച്ചുകൊണ്ടുവന്നു നമ്മെ ഏല്പിച്ചു, വിസ്തരിച്ചു വിധി നടത്താൻ. അങ്ങനെയായിരിക്കണം പുറമേക്ക്. ങേ—

ഹന്നാസ്:— അതുമതി.

[പുറത്ത് ആളുകളുടെ അട്ടഹാസം അകലെനിന്നു കേൾക്കുന്നു]

ഹന്നാസ്:— (പുറത്തേക്കുനോക്കി) അതാ അവർ കൊണ്ടുവരുന്നുണ്ട്.

(എഴുന്നേററുചെന്ന് എത്തിനോക്കുന്നു)

ഓ . . . അവരിപ്പഴേ ഇടിയും തൊഴിയും തുടങ്ങി

യല്ലോ. ഹ. ഹ. ഹ! . . . (ചിരിച്ചുകൊണ്ടു തിരിച്ചുവന്നു് ഇരിക്കുന്നു.)

[രണ്ടുപേരും ഉടുപ്പൊക്കെ പിടിച്ചു ശരിക്കിട്ടു് ന്യായാധിപന്മാരായിരിക്കുന്നു.

പുറത്തു്: ക്രിസ്തുവിനെകൊണ്ടുവരുന്നവരുടെ ആരവം അടുത്തു വരുന്നു. കൂവലും ബഹളവും.]

മത്തിയാസ്:— (പുറത്തു്)നിൽത്തിനെടാ. അവിടെ ഒന്നു കേററി ഇറക്കീട്ടാവാം ഇനി.

(ബഹളം സാവധാനം ശാന്തമാകുന്നു.)

ഹന്നാസ്:— (പുറത്തേക്കു നോക്കി) ഹേ, സക്കറിയാസ്, ജോനാസ്, നിങ്ങളിങ്ങവരിൻ—

(സക്കറിയാസും ജോനാസും—രണ്ടു സംഘപ്രമാണികൾവന്നു് ഇരിക്കുന്നു.)

[മത്തിയാസും സൈമണും വേറൊരു കാവല്ക്കാരനും കൂടി ക്രിസ്തുവിനെ കൊണ്ടുവരുന്നു. ജനങ്ങൾ ശബ്ദമുണ്ടാക്കുന്നു.

ക്രിസ്തു ബന്ധിതനാണു്. പറയത്തക്ക ഭാവഭേദമൊന്നും ആ മുഖത്തില്ല. ശാന്തഗംഭീരമായ നില്പു്. നടക്കാൻ വൈമനസ്യമൊന്നും ഇല്ലെങ്കിലും സൈമൺ ക്രിസ്തുവിനെ പുറത്തുനിന്നു തള്ളിവിടുകയാണു് ചെയ്തതു്. ക്രിസ്തു ഒരരികിൽ പുറത്തേക്കു നോക്കിനില്ക്കുകയാണു്. സൈമണും ആയുധധാരിയായ ഒരു കാവൽക്കാരനും രണ്ടുവശങ്ങളിലായി നില്ക്കുന്നുണ്ടു്.]

മത്തിയാസ്:— (തിരിഞ്ഞു ജനങ്ങളോടു്) എല്ലാവരും അവിടെ നിന്നേക്കണം. വിസ്താരം കഴിയട്ടെ.

ജനക്കൂട്ടത്തിൽനിന്നു്:— ഇവനെ നമുക്കറിയാലോ! പിന്നെ എന്തിനാ വിസ്താരോം വിധീം?

ഹന്നാസ്:— (ഒന്നും അറിയാത്ത മട്ടിൽ) ങ്ങേ—ഇതാരു്! ഇവനല്ലേ ആ നസ്രായക്കാരൻ പ്രമാണി? കുറേ മുക്കുവരേംകൂട്ടി മഹാ പുരോഹിതന്മാരെ ഇറക്കിവിടാൻ നടക്കുന്നവൻ?

കയാഫസ്:— (അധികാരസ്വരത്തിൽ) എന്തിനാണിവനെ നിങ്ങളിപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്?

മത്തിയാസ്:— ഇവനെ പണ്ടേതന്നെ തൂക്കിക്കൊല്ലേണ്ടതാണു്. ഇന്നേ കൈയിൽ കിട്ടിയുള്ളു.

കയാഫസ്:— നാമെന്തു ചെയ്യണം?

മത്തിയാസ്:— ഇവനെ വിസ്തരിച്ചു വിധി നടത്തിത്തരണം. ശേഷം ഞങ്ങളേററു.

ജനക്കൂട്ടത്തിൽനിന്നു്:—(പുറത്തു്) അതെ. ഇങ്ങു വിട്ടുതന്നാൽ മതി.

കയാഫസ്:— എന്തു കുററമാണിവൻ ചെയ്തിട്ടുള്ളതു്?

മത്തിയാസ്:— ഇവൻ കുററമേ ചെയ്തിട്ടുള്ളു. ജനദ്രോഹിയാണു്. പ്രവാചകനാണെന്നും പറഞ്ഞു പാവങ്ങളെ പാട്ടിലാക്കി മഹാപുരോഹിതന്നെതിരായി വിപ്ലവം സംഘടിപ്പിക്കാനാണിവൻെറ ശ്രമം.

സക്കറിയാസ്<br>ജോനാസ് } അതുവ്വോ?

മത്തിയാസ്:— കഴിഞ്ഞ ഞായറാഴ്ച്ചയായിരുന്നു ഇവ
ൻെറ നേതൃത്വത്തിലുള്ള ബഹുജനമുന്നേററം.

കയാഫസ്:— നാമതിനെപ്പററി കേട്ടു.

മത്തിയാസ്:— അന്നിവൻ എന്തെല്ലാം തെമ്മാടിത്ത
രങ്ങളാണു കാട്ടിയതു്. എൻെറ പണപ്പെട്ടി—

സൈമൺ:— എൻെറ ബലിക്കാളകൾ—

കയാഫസ്:— അതും നാമറിഞ്ഞു.

മത്തിയാസ്:— ഇവൻെറ പ്രധാന ജോലി നമ്മുടെ
പാരമ്പര്യങ്ങൾക്കും നിയമങ്ങൾക്കുമെതിരായി ജ
നങ്ങളെ പറഞ്ഞിളക്കുകയാണു്. കൈയടിക്കാൻ
ഇവനൊരു മുക്കുവസൈന്യം ഉണ്ടു്. ബീൽസബേ
ബിനെ കൂട്ടുപിടിച്ചു ചില അത്ഭുതങ്ങൾ പ്രവർ
ത്തിച്ചു കുറേ പെണ്ണുങ്ങളേയും വശത്താക്കിയിട്ടു
ണ്ടു്. ശാബത്തിവനൊരു പ്രശ്നമേയല്ല. മഹാ പു
രോഹിതന്മാരെ അവഹേളിക്കുന്നതിനു് ഇവനൊ
രുമടിയുമില്ല. പിന്നെ—

കയാഫസ്:— നില്ക്കട്ടെ. നാം ചോദിക്കാം ഇവനോട്.
(ക്രിസ്തുവിൻെറ നേരെ നോക്കി) എടാ, നിന്നെ
പ്പററി ഇവർ ഉന്നയിക്കുന്ന കുററങ്ങൾ നീ കേൾ
ക്കുന്നില്ലേ? ആരൊക്കെയാണു നിൻെറ പിണി
യാളുകൾ?

ക്രിസ്തു:— (ഒന്നും മിണ്ടിയില്ല. തിരിഞ്ഞുനോക്കിയതു
പോലുമില്ല.)

സൈമൺ:— (ക്രിസ്തുവിനെ കയാഫസിന്ന് അഭിമുഖമായി തിരിച്ച്) എടാ നിന്നോടാ ചോദിക്കുന്നത്?

കയാഫസ്:— നീ എന്തൊക്കെയാണു പ്രസംഗിച്ചു നടക്കുന്നത്?

ക്രിസ്തു:— (ശാന്തനായി) ഞാൻ പ്രസംഗിച്ചിട്ടുള്ളതെല്ലാം ലോകത്തോടു പരസ്യമായാണ്. യഹൂദന്മാരെല്ലാവരും സമ്മേളിക്കുന്ന സിനഗോഗുകളിലും ദൈവാലയങ്ങളിലുംവെച്ചേ ഞാൻ പഠിപ്പിച്ചിട്ടുള്ളു. രഹസ്യത്തിൽ ഞാൻ ഒന്നും ചെയ്തിട്ടില്ല. അതിനാൽ കേട്ടവരോടു ചോദിക്കുക.

സൈമൺ:— (ക്രിസ്തുവിൻെറ കന്നത്തടിച്ചുകൊണ്ടു്) ഇങ്ങനെയാണോടാ മഹാപുരോഹിതനോടു മറുപടി പറയുക?

(പുറത്തുനിന്നു് കൂക്കുവിളിയോടെ):— അതുതന്നെ. കൊടുക്കടാ മറേറ കന്നത്തും. അവൻ പഠിപ്പിച്ചിട്ടുള്ളതും അതാണെടാ—

ക്രിസ്തു:— (ശാന്തത വെടിയാതെ) ഞാൻ പറഞ്ഞതു തെററാണെങ്കിൽ ആ തെററെന്തെന്നു പറയുക. മറിച്ചെങ്കിൽ എന്തിനെന്നെ അടിച്ചു?

(പുറത്തുനിന്നു്) ഞങ്ങാം പറഞ്ഞു തരാം എന്തിനാ അടിച്ചതെന്നു്. മതി വിസ്തരിക്കൽ. വിസ്താരംമതി. (ഒരു ബഹളം.)

കയാഫസ്:—(എഴുന്നേററ്, ജനങ്ങളുടെ നേരെ കൈനീട്ടി) ഹായ്! ശാന്തമായിരിക്കണം. (എല്ലാവരും നിശ്ശബ്ദം)

ഹന്നാസ്:— സാക്ഷികൾ നില്ക്കുന്നല്ലോ. അവരോടു ചോദിക്കണം.

കയാഫസ്:— (മത്തിയാസിനോടും മററുമായി) നിങ്ങളെന്തു പറയുന്നു? (ഇരിക്കുന്നു.)

(മത്തിയാസ് സൈമണോടു പറയാൻ ആംഗ്യം കാണിക്കുന്നു.)

സൈമൺ:— (അല്പനേരം എന്തു പറയണമെന്നു സംശയിച്ചുനിന്നു. അനന്തരം)

ഒരു വലിയ അഹങ്കാരിയാണീമനുഷ്യൻ. ദൈവത്തിൻെറ ആലയം നശിപ്പിച്ചു മൂന്നുദിവസംകൊണ്ടു വീണ്ടും പണിയാൻ കഴിയുമെന്നിവൻ പറഞ്ഞു.

ഹന്നാസ്:— (ചാടിയെഴുന്നേററ്) അതു ദൈവദൂഷണമാണ്!

(പുറത്തുനിന്ന്):— ദൈവദൂഷണം! ദൈവദൂഷണം!!

ഹന്നാസ്:— ദൈവദൂഷണത്തിനു ശിക്ഷ ഒന്നേ ഉള്ളു.

(പുറത്തുനിന്ന്):— അതേ. കൊല്ലണം, കൊല്ലണം അവനെ. (ജനങ്ങൾ ബഹളമുണ്ടാക്കുന്നു.)

കയാഫസ്:— പിന്നെ എന്തു തെളിവുണ്ടു്?

സൈമൺ:— ഇവൻ ക്രിസ്തുവാണെന്നു സ്വയം പ്രഖ്യാപിച്ചു.

സക്കറിയാസ്:— (ക്രിസ്തുവിനോട്) നിനക്കെതിരായി ഇവർ കൊണ്ടുവരുന്ന ആരോപണങ്ങൾ നീ കേൾക്കുന്നില്ലേ?

ജോനാസ്:— നിനക്കൊന്നും പറയാനില്ലേ?

കയാഫസ്:— നീ ക്രിസ്തുവാകുന്നുവോ?

ക്രിസ്തു:— (മൗനം. ആ നില്പിനൊരു മാററവുമില്ല.)

കയാഫസ്:— നീ എന്താണൊന്നും പറയാത്തതു്?

ക്രിസ്തു:— എന്തിന്? ഞാനതു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കാൻ തയ്യാറില്ല. എന്നെ വിട്ടയക്കാനും പോകുന്നില്ല.

ഹന്നാസ്:— അപ്പോൾ നീ ദൈവത്തിൻെറ പുത്രൻ തന്നെ?

ക്രിസ്തു:— (മൗനം.)

കയാഫസ്:— (എഴുന്നേററു്) ദൈവനാമത്തിൽ നിന്നോടു നാമാജ്ഞാപിക്കുന്നു: നീ ദൈവപുത്രനായ മിശിഹായാണോ?

ക്രിസ്തു:— (കയാഫസിൻെറ നേരെ തിരിഞ്ഞു്) അങ്ങതു പറഞ്ഞു. (ഉറച്ചസ്വരത്തിൽ എല്ലാവരോടുമായി) മാത്രമല്ല; മനുഷ്യപുത്രൻ പരാശക്തിയുടെ വലത്തുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ വിജിഗീഷുവായി വരുന്നതും നിങ്ങൾ കാണും.

കയാഫസ്:— (തൻെറ മേൽവസ്ത്രം കീറിക്കൊണ്ടു്) ഛരായ്! ദൈവദൂഷണം!

(പുറത്തുനിന്നു്):— ദൈവദൂഷണം! ദൈവദൂഷണം!! അവനെ ക്രൂശിക്കണം! അവനെ ക്രൂശിക്കണം!! (ജനങ്ങളുടെ ക്രുവല്വം അട്ടഹാസങ്ങളും.)

ഹന്നാസ്:— (കയാഫസിനോടു്) ഇവൻ ദൈവദൂഷണം പറഞ്ഞു. ഇനി മററു തെളിവുകളുടെ എന്താവശ്യം? ഇതിനു ശിക്ഷ മരണമാണു്. ദൈവദൂഷണത്തിനു ശിക്ഷ ഒന്നേ ഉള്ളൂ.

(സംഘപ്രമാണികളോടു്) നിങ്ങൾക്കെന്തു തോന്നുന്നു?

(അതിനുത്തരം മത്തിയാസും കൂട്ടരുമാണു പറഞ്ഞതു്) "കൊല്ലണം അവനെ! കൊല്ലണം അവനെ!!" (ജനങ്ങൾ അതേററുപറഞ്ഞു ബഹളം കൂട്ടുന്നു.)

കയാഫസ്:— അതെ. പൊതുനന്മയ്ക്കുവേണ്ടി ഒരാൾ മരിക്കുന്നതു നല്ലതാണു്. ഇവനെ കൊണ്ടുപോയി ബന്ധനത്തിൽ സൂക്ഷിക്കുക. നാളെ പീലാത്തോസിൻെറ വിധി സമ്പാദിച്ചിട്ടേ, ഇവനെ വധിക്കാനാവൂ.

ഹന്നാസ്:— ഉം. കൊണ്ടുപോകിനെടാ.

(പുറത്തുനിന്നു്):— കൊണ്ടുവാടാ അവനെ.

(സൈമൺ ക്രിസ്തുവിനെ പുറത്തേക്കു കൊണ്ടുപോകുന്നു)

(പുറത്തു്: ജനങ്ങളുടെ അട്ടഹാസങ്ങൾ: "നമുക്കിവനെ ഒന്നു രാജാവാക്കിക്കളയാം."

"അതെ. ഒരു കിരീടംകൊണ്ടുവാ."

"തലയിൽ വെച്ചാൽ ഇളകാത്തവിധം ഉറപ്പിക്കണം."

എന്നും മററുമുള്ള സംസാരം.)

(സക്കറിയാസും ജോനാസും പോകുന്നു. കയാഫസും, ഹന്നാസും പുറത്തേക്കു നോക്കിയിരിക്കുന്നു, ജനങ്ങൾ ക്രിസ്തുവിനെ മർദ്ദിക്കുന്നതു കണ്ടുള്ള സന്തോഷത്തോടെ.)

കയാഫസ്:— ഹ. ഹ. ഹ! അവർ അവനെ ഒരുമാതിരി ആക്കും!

ഹന്നാസ്:— (പല്ലുകടിച്ചുകൊണ്ട്) അവൻെറ ഓരോ അസ്ഥിയും ഞെരിഞ്ഞു തകരണം.

തുള്ളിതുള്ളിയായി വീഴണം അവൻെറ ചോര മുഴുവൻ.

[പുറത്ത്:

ഒരു സ്ത്രീശബ്ദം:— ഇവനും അവൻെറ കൂട്ടുകാരൻതന്നെ.

ഒരു പുരുഷശബ്ദം:— തോട്ടത്തിൽവെച്ചു ഞാൻ കണ്ടതാ ഇവനെ.

ഒരു സ്ത്രീശബ്ദം:— ഇവൻെറ സംസാരോം അതേപോലെതന്നെ!

പീററർ:— എടീ പെണ്ണേ, ഞാനിതു മൂന്നാംപ്രാവശ്യമാ പറയുന്നേ. ഞാനീ മനുഷ്യനെ അറിയുകക്കൂടിഇല്ല.

പെട്ടെന്ന് കോഴി കൂവുന്നു.]

കയാഫസ്:— എന്താ ഇപ്പോളൊരു കോഴി കൂവൽ?

ഹന്നാസ്:— (പുറത്തേക്കു നോക്കി ആഹ്ളാദിച്ചിരിക്കയാണ്; പുറത്തുള്ളവരോട്) അതുതന്നെ. വെച്ചു തറക്കടാ. യൂദന്മാരുടെ രാജാവല്ലേ! . . . (നോട്ടംതിരിച്ച്) കഴുതരാജാവ്! . .

(കുറച്ചുകഴിഞ്ഞു്, യൂദാസ് നിരാശനായി, ഓടി വരുന്നു. ഭ്രാന്തുപിടിച്ചമട്ട്; പൈശാചികമുഖം; ഒരു കൈകൊണ്ടു മുഖംമറച്ച് മററെ കൈയിൽ പണസഞ്ചി നീട്ടിപ്പിടിച്ചിരിക്കുന്നു.)

യൂദാസ്:— (വരുന്നവരവിൽ) ഹെൻെറ ഗുരു! . . . എൻെറ ഗുരു എവിടെ? എൻെറ ഗുരുവിനെ വിട്ടുതരൂ . . . വിട്ടുതരൂ എൻെറ ഗുരുവിനെ—

കയാഫസ്:— (അത്ഭുതത്തോടെ) ആരു്? യൂദാസോ!

യൂദാസ്:— (പല്ലുകടിച്ച് കയാഫസിനെ രൂക്ഷമായി നോക്കിക്കൊണ്ടു്)

അല്ല. പിശാച്! . . . . ചെകുത്താൻ!! . . . ഗുരുദ്രോഹി!!! . . . ഞാൻ! . . . (കിതക്കുന്നു) ഞാൻ നശിച്ചു. നിങ്ങളെന്നെ കൊന്നു! . . . എൻെറ ഗുരുവിനെ? (കിതപ്പു വർദ്ധിക്കുന്നു.)

ഹന്നാസ്:— നീ എന്താണിന്നിങ്ങനെ?

യൂദാസ്:— എങ്ങനെ?

(കൈയിലിരിക്കുന്ന പണസഞ്ചിയുടെ ഓർമ്മ വന്നിട്ട് അതു് ഉയർത്തിപ്പിടിച്ച്)

പണം! ഗുരുവിനെ വിററ വെള്ളിക്കാശ്!

(സഞ്ചി നീട്ടിയിട്ട്) ഇതാ നിങ്ങളുടെ പണം. പിടിക്കൂ ഇതു്. തിരിച്ചു വാങ്ങൂ . . . . എൻെറ കൈ പൊള്ളുന്നു......പാപത്തിൻെറ ഭാരം!...... എന്നെ നരകത്തിലോട്ടു വലിക്കുന്നു......ഉം. വാങ്ങിക്കൂ.........(സഞ്ചി നീട്ടിപ്പിടിച്ചങ്ങനെ നില്ക്കുന്നു.)

കയാഫസ്:— കൊണ്ടുപോടാ. ഇനി നീയായി. നിൻെറ കാര്യമായി.

യൂദാസ്:— വാങ്ങിക്കില്ലേ? ങേ്ഹ! ഇല്ലേ?......

(പണസഞ്ചി മേശപ്പുറത്തേക്കു വലിച്ചെറിഞ്ഞിട്ട്) ഇതാ കിടക്കുന്നു, നിങ്ങളുടെ വെള്ളി......നരകത്തിലേക്കു വലിക്കുന്ന ചങ്ങല! അതിൻെറ സ്വരം. ചെകുത്താൻെറ ചിരിയാണതു്. പല്ലിളിച്ചു ചിരി......ഹ. ഹ ഹ!. (ചിതറിക്കിടക്കുന്ന നാണയങ്ങൾ നോക്കി ഒരു വികൃതച്ചിരി ചിരിച്ചു.) [പുറത്തു് ക്രിസ്തുവിനെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന യൂദന്മാരുടെ അട്ടഹാസങ്ങൾ:

"കൊടുക്കെടാ അവൻെറ ചെവിക്കുറ്റിനു രണ്ടു്. എന്നിട്ടു പറയട്ടെ ആരാണടിച്ചതെന്നു്."

ഒരടിയുടെ ശബ്ദം. തുടർന്നു് കൂവലും ബഹളവും. യൂദാസിൻെറ ശ്രദ്ധ അങ്ങോട്ടു തിരിയുന്നു.

ആ കാഴ്ച കണ്ടു് യൂദാസ് ഞെട്ടി.]

യൂദാസ്:— (ചെവി പൊത്തി) ഹയ്യോ! ഗുരു! എൻെറ ഗുരു! (രണ്ടു് ചുവടു് മുമ്പോട്ടു് ഓടി പെട്ടെന്നു നിന്നു.) ഹയ്യോ! ആ തലയിലെന്താണു്! മുള്ളുകളോ! (തൻെറ തലമുടികൾ പിടിച്ചു വലിച്ചു്) ഞാൻ...ഞാൻ...ഞാൻ നശിച്ചു! യൂദാസ്...

(പെട്ടെന്നു് ക്രിസ്തുവിൻെറ നോട്ടം അവനിൽ പതിഞ്ഞപ്പോൾ ഞെട്ടിക്കൊണ്ടു് പുറകോട്ടു് അടിവെച്ചടിവെച്ചു്) ഗുരോ! എന്നെ നോക്കല്ലേ!... നോക്കല്ലേ!...എനിക്കാമുഖം കാണാൻ വയ്യ... എന്നെ നോക്കല്ലേ!...എന്നെ വിളിക്കല്ലേ...ഇല്ല. ഇവൻ നശിച്ചു!...യൂദാസ് ചത്തു! പിശാചു്!... തീനരകം!...ഹയ്യേ ാ ാ ാ ാ !!! (ഓടിമറയുന്നു.).

[കുറച്ചുനേരം നിശ്ശബ്ദത]

ഹന്നാസ്:— (യൂദാസിനെ ഉദ്ദേശിച്ചു്) ഇങ്ങനെ ഒന്നും വരുമെന്നു വിചാരിച്ചിരിക്കില്ല.

കയാഫസ്:— (അല്പം കഴിഞ്ഞു്) ഈ കാശെന്തു ചെയ്യണം?

ഹന്നാസ്:— നേർച്ചപ്പെട്ടിയിലിട്ടുകളയാം.

കയാഫസ്:— ഏയ്. അതു പററില്ല. ഇതിൽ രക്തത്തിൻെറ കറയുണ്ടു്.

ഹന്നാസ്:— എന്നാൽ നമുക്കിതുകൊടുത്തൊരു സ്ഥലം വാങ്ങിക്കളയാം. വിദേശീയരുടെ ശ്മശാനത്തിനു്— (വെറോനിക്ക കരഞ്ഞുകൊണ്ടു്, ഒരു പുലിപോലെ വന്നു.)

വെറോനിക്ക:— നിങ്ങൾക്കദ്ദേഹത്തെ കൊന്നുകൂടെ വേണമെങ്കിൽ? ഇങ്ങനെ കൊല്ലാതെ എന്തിനു കൊല്ലുന്നു?

ഹന്നാസ്:— എന്താണിതു വെറോനിക്കാ?

വെറോനിക്ക:— ആ മനുഷ്യനെ എന്തൊക്കെയാണവർ കാട്ടുന്നതു്? നിങ്ങൾ മനുഷ്യരാണോ? നിങ്ങൾക്കു ഹൃദയമില്ലേ? അതു മരവിച്ചുപോയോ?

കയാഫസ്:— (ശാസനാരൂപത്തിൽ) വെറോനിക്കാ—

വെറോനിക്ക:— (കരഞ്ഞുകൊണ്ടു്) തലയിൽ മുള്ളുകൾ വെച്ചു തറച്ചു രക്തം ഒഴുക്കുകയാണവർ. തലക്കു തല്ലി രസിക്കുകയാണവർ!

(ഉറക്കെ) അവൻ കുററക്കാരനാണെങ്കിൽ ന്യായമായി വിധിച്ചു ശിക്ഷ നടത്തിക്കൂടെ?

കയാഫസ്:— വെറോനിക്കാ, അപ്പുറത്തു പോ. ഉം പോകൂ—

മത്തിയാസ്:— (പ്രവേശിച്ചു്) മഹാ പുരോഹിതന്മാർ വരണം. യൂദന്മാരുടെ രാജാവിനെ കാണണ്ടേ—

(അവർ മൂവരും പോയി.)

വെറോനിക്ക:— (തലക്കു കൈവച്ചു്) ഹയ്യോ! ഞാനീ മഹാപുരോഹിതന്റെ ഭാര്യയായല്ലോ!

[പുറത്തു്:

"ഉം. പറയടാ പ്രവാചകാ ആരാണു നിന്നെ അടിച്ചതു്?"

അനന്തരം ഒരടിയുടെ ശബ്ദം. വെറോനിക്ക പുറത്തേക്കു നോക്കി. ഒന്നേ നോക്കിയുള്ളൂ. "ഹയ്യോ!......" എന്ന നിലവിളിയോടെ വാതിൽ കൊട്ടിയടച്ചിട്ട് അതിൽ ചാരി പുറംതിരിഞ്ഞു ചെവി പൊത്തിനിന്നു. അനന്തരം തേങ്ങിക്കരഞ്ഞുകൊണ്ടവൾ നടന്നു് വന്നു് മേശമേൽ മുഖമമർത്തി കരഞ്ഞു.

ആ തേങ്ങലുകൾ പുറത്തുള്ള അട്ടഹാസത്തിൽ ലയിച്ചു നിശ്ശബ്ദമായി.)

കർട്ടൻ

## രംഗം ആറ്

ഒരിടത്തരം വീട്ടിലെ ഒരു മുറി. കിടക്കവിരിച്ചിരിക്കുന്ന ഒരു കട്ടിൽ ഒരററത്തു കിടപ്പുണ്ട്. കുറച്ചകലെ ഒരു വിളക്കിരുന്നു കത്തുന്നു. പാതിരാത്രികഴിഞ്ഞ സമയം.

[രംഗം തുറക്കുമ്പോൾ മറിയം— ക്രിസ്തുവിന്റെ അമ്മ— കട്ടിലിനരികെ മുട്ടുകുത്തിനില്ക്കുയാണ്. മുഖം അല്പം ഉയർത്തി, കോർത്തുപിടിച്ച കൈമുഷ്ടികളിൽ മുഖം താങ്ങി, വായല്പം തുറന്ന്, കണ്ണുകൾ പകുതിയടഞ്ഞ്— ആ നില അവരെന്തോ തീക്ഷ്ണമായ ദുഃഖം അനുഭവിക്കുന്നെന്നു വ്യക്തമാക്കുന്നു.

കുറച്ചുകഴിഞ്ഞ്, ഭയപ്പെടുത്തുന്ന എന്തോ കണ്ടിട്ടെന്നപോലെ കൈകൾ അല്പം താഴ്ത്തി, മുഖം അല്പംകൂടി ഉയർത്തി ഒരു നിശ്വാസത്തോടെ വായല്പംകൂടി തുറന്ന് ഒരു നിശ്ചിതബിന്ദുവിലേക്കു തുറിച്ചുനോക്കുന്നു. ക്രിസ്തുവിനെ യൂദാസ് ഒററിക്കൊടുക്കുന്നതും യൂദന്മാർ പിടിച്ചുബന്ധിക്കുന്നതും തല മൂടിക്കെട്ടി തല്ലുന്നതും ഒന്നിനുപുറകെ ഒന്നായി ഷേഡിൽ കാണുന്നു. ഓരോ ചിത്രവും

കൂടുതലായ സങ്കടം ആ മുഖത്തു പ്രതിബിംബിപ്പിക്കുന്നു. അവസാനത്തെ തലയ്ക്കുതല്ലുന്ന രംഗം കണ്ടതോടെ നിയന്ത്രണാതീതമായ ദു:ഖത്താൽ എന്തോ ഒരു വികൃതസ്വരം പുറപ്പെടുവിച്ചു. വീണ്ടും അതേ നില. ആ സ്വരം കേട്ട് മേരി മഗ്ദലേന കടന്നുവരുന്നു. സുന്ദരിയായ ഒരു യുവതിയാണു മേരി. ക്രിസ്തുവിന്റെ ഒരാരാധക. ഉറക്കത്തിൽനിന്നു തട്ടിപ്പിടഞ്ഞെഴുന്നേററു് കണ്ണുതിരുമ്മിക്കൊണ്ടാണു വരുന്നതു്.]

മേരി:— (വരുന്നവരവിൽ) എന്നെ വിളിച്ചോ അമ്മേ? (അടുത്തുവന്നു്) ഉറങ്ങിയില്ലേ? എന്തൊരു പ്രാർത്ഥനയാണീനേരത്തും?

മറിയം:— (അവളുടെ ആത്മാവു മറെറവിടേയോ അലഞ്ഞുതിരിയുകയാണു്. മൗനം)

മേരി:— (ആ നിലകണ്ടു് പരിഭ്രമിച്ചു്) എന്തുപററി, അമ്മേ? (അടുത്തു മുട്ടുകുത്തി തോളിൽ പിടിച്ചു്) വല്ലാതെ ഭയപ്പെട്ടപോലെ? എന്തുണ്ടായി?

[മറിയം പ്രജ്ഞയററവളെപ്പോലെ അതേനില തുടരുന്നു. മേരിക്കു ഭയമായി]

മേരി:— അയ്യോ! എന്താണൊന്നും മിണ്ടാത്തതു്? (പിടിച്ചു കുലുക്കിയിട്ടു്) അമ്മേ! എന്തു പററീ അമ്മേ? അമ്മേ! . . . .

മറിയം:— (ബോധംവന്നു്) ഓ. ഒന്നുമില്ല. (അവിടെത്തന്നെ ചെരിഞ്ഞിരുന്നു.)

മേരി:— എന്തോ, സങ്കടപ്പെടുന്ന പോലെ?

മറിയം:— (ശാന്തമായി) ക്രിസ്തുമാതൃത്വം അനുഭവിച്ചു തുടങ്ങി, മകളേ.

മേരി:— (അടുത്തിരുന്ന്) നാഥൻ എന്താണ് പെസഹാ അത്താഴത്തിനു വന്നില്ലല്ലോ.

മറിയം:— (എങ്ങോ ദൃഷ്ടിയുറപ്പിച്ച്, ശാന്തമായി) നിൻെറ നാഥൻ പെസഹാ അത്താഴം കഴിച്ചു.

മേരി:— (ധൃതിയിൽ) എവിടെ? ആരാണു നല്കിയ തമ്മേ?

മറിയം:— (ആരോടെന്നില്ലാതെ) ഏററവും വലിയ പെസഹ! ഏററവും വലിയ അത്താഴം! . . . അതവസാനത്തേതാണെന്നുമാത്രം. അല്ല. അതാരംഭിച്ചിട്ടേ ഉള്ളു. കാലാകാലം ആവർത്തിക്കാനുള്ള പെസഹായും അത്താഴവും.

മേരി:— എന്തൊക്കെയോ അമ്മ പറയുന്നു.

മറിയം:— നിനക്കു മനസ്സിലാകുന്നില്ല. അല്ലേ?

മേരി:— അവസാനം പറഞ്ഞതു് ഒട്ടും മനസ്സിലായില്ല.

മറിയം:— നിനക്കു മനസ്സിലാകും. . . . നിനക്കെല്ലാം മനസ്സിലാകും. കുറച്ചു കഴിയുമ്പോൾ(നെടുവീർപ്പ്)

മേരി:— അയ്യോ! അമ്മ എന്തോ വലിയ മനോവേദന അനുഭവിക്കുന്നുണ്ടു്. എന്താണമ്മേ? അമ്മയെ ഇത്ര വ്യാകുലയായി ഞാൻ കണ്ടിട്ടില്ലല്ലോ! എന്തു പററീ?

മറിയം:— ഉവ്വ് മകളെ, എൻെറ മനസ്സ് ഏററവും വലിയ വേദനയാണനുഭവിക്കുന്നതു്. പ്രസവവേ

ദനയെക്കാൾ വലിയ വേദന!. . . ഒരുപക്ഷേ, . . . (തന്റെ വേദനകൂടാതെയുള്ള കന്യാപ്രസവത്തെ ഓർത്തിട്ട്) അന്ന് സഹിക്കേണ്ടിയിരുന്നതുകൂടി ഇന്നേക്കു മാററിവെച്ചിരിക്കാം. . . .

മേരി:— എന്തുണ്ടായി? എന്നോടു പറഞ്ഞുകൂടെ? കഴിയുമെങ്കിൽ ഞാനശ്വസിപ്പിക്കാം.

മറിയം:— ഇല്ല. ആക്കും ആശ്വസിപ്പിക്കാൻ കഴിയാത്തതാണു് എന്റെ സങ്കടം . . . . അല്ലെങ്കിൽ, ആരും എന്നെ ആശ്വസിപ്പിക്കരുതു്. ഇതെല്ലാം കണ്ടുകൊണ്ടുതന്നെയാണു ഞാനന്നു സമ്മതം പറഞ്ഞതു മകളേ. . . .
(പണ്ടു ശിമയോൻ പറഞ്ഞതു് ഓൎത്തു്) "നിന്റെ ഹൃദയത്തെ ഒരു കുന്തം ഭേദിക്കും. . . ."

മേരി:— എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ.

മറിയം:— നിനക്കു മനസ്സിലാവുകയില്ല. . . . നീയൊരമ്മയല്ല. നിനക്കൊരു മകനില്ല. നന്മമാത്രം ചെയ്ത ഒരു മകൻ. . . . ഉറുമ്പിനെപ്പോലും നോവിക്കാത്ത. . . . (ഇടറിയ ശബ്ദം) ആ മകൻ. . . .

മേരി:— (ഉൽകണ്ഠയോടെ) ആ മകൻ?

മറിയം:— (വേദന കടിച്ചിറക്കിയിട്ടു്) ആ മകൻ. . . ആ മകനെ . . . .

മേരി:— ആ മകനെ? അമ്മയുടെ മകനെ—?

[പശ്ചാത്താപവിവശനായ പീററർ കരഞ്ഞുകൊണ്ടു് ഓടിവരുന്നു.
ക്രിസ്തുവിൻെറ ശിഷ്യന്മാരിൽ പ്രമാണിയാണു പീററർ. മുപ്പത്തിയഞ്ചോളം വയസ്സു പ്രായം.
ഒരു സ്ത്രീയുടെ വാക്കുകേട്ടു് തൻെറ ഗുരുവിനെ നിഷേധിച്ചതോർത്തു് ഒരു കൊച്ചുകുട്ടിയെപ്പോലെ കരയുന്നു അയാൾ.]

പീററർ:— അമ്മേ! . . . അമ്മേ'

മേരി:— എന്തുപററീ, പീററർ?

പീററർ:— (കരച്ചിൽതന്നെ) അമ്മേ!. . . ഞാൻ പാപി. . . . നന്ദിയില്ലാത്ത ദ്രോഹി!. . . അമ്മേ!. . .

(മറിയം നിശ്ചലയായിരിക്കുന്നു)

മേരി:— (ഉൽക്കണ്ഠയോടെ) എന്താണിതു പീററർ? എന്തുപററീ? നമ്മുടെ നാഥനെവിടെ?

പീററർ:— നാഥൻ!.., (കരഞ്ഞു്) അമ്മേ!......

മേരി:— (തിടുക്കത്തിൽ) നാഥനെവിടെ? അങ്ങെന്തിനു കരയുന്നു?

പീററർ:— മേരീ, ഞാൻ നമ്മുടെ നാഥനെ—

മേരി:— നാഥനെ?

പീററർ:— ഞാൻ നിഷേധിച്ചുപറഞ്ഞു, മേരീ......

മേരി:— എന്തു്?

പീററർ:— ഞാൻ അറിയില്ലെന്നു് ആണയിട്ടുപറഞ്ഞു. ഹയ്യോ!......

മേരി:— ഹയ്യോ! അതെന്തിനു്? നാഥനെവിടെ... എ

ല്ലാമൊന്നു വേഗം വിവരിച്ചുപറയൂ. എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ.

പീററർ:— (ഓർത്തു സങ്കടപ്പെട്ടു്) അമ്മേ!... എൻെറ പാപം... ഞാൻ... ഞാൻ പാപിയാണമ്മേ!...

മേരി:— (പരിഭ്രമത്തോടെ) ഹയ്യോ! ഇതെന്താണു്? എന്തൊക്കെയാണീ കാണിക്കുന്നതു്? പറയൂ പീററർ. നമ്മുടെ നാഥനെവിടെ?......

പീററർ:— നാഥൻ—

മേരി:— (തിടുക്കത്തിൽ) ങ്ഹം. പറയൂ. നാഥൻ പെസഹാവിരുന്നുണ്ടില്ലേ? എവിടെയായിരുന്നു?... ആ പാദശ്രേണികളിൽ പനിനീർപുരട്ടാൻ എനിക്കു സാധിച്ചില്ല. പറയൂ, പീററർ. അദ്ദേഹം നാളെ വരില്ലേ?

പീററർ:— (മനോവേദനയോടെ) ഇല്ല. മേരി.

മേരി:— ങേ്ഏ! നിങ്ങളെന്താണു നാഥൻെറ‌അടുത്തുനിന്നു പോന്നതു്? നാഥനെവിടെയാണു്?

പീററർ:— നാഥൻെറ‌അടുത്തിപ്പോഠം ഞങ്ങളിലാരുംതന്നെ ഇല്ല.

മേരി:— നാഥൻ നിങ്ങളെ പറഞ്ഞുവിട്ടോ? തനിച്ചു പ്രാർത്ഥിക്കാൻ പോയതായിരിക്കും. നാളെ വരുമെന്നു പറഞ്ഞില്ലേ? എനിക്കാ പാദങ്ങളിൽ കെട്ടിപ്പിടിച്ചൊന്നുകൂടി കരയണം. ആ പാദങ്ങളിൽ ഒന്നുകൂടി പരിമളം പൂശണം.

പീററർ:— (ഇടറിക്കൊണ്ടു്) മേരീ, അദ്ദേഹം ഇനി വ

രില്ലെന്നാണു തോന്നുന്നതു്.

മറിയം:— (അറിയാതെ വിങ്ങിപ്പൊട്ടുന്നു)

മേരി:— (ഭയപ്പെട്ടു്) ങേ്ഏ! എന്താണമ്മേ! എന്തുപ റ്റി? ദൈവമേ, ഇതെന്തൊക്കെയാണു്!

പീററർ:— അമ്മേ! നമ്മുടെ നാഥനെ അവർ പിടിച്ചു കൊണ്ടുപോയി അമ്മേ!...

മേരി:— (പരിഭ്രമത്തോടെ) ഹെന്തു്? നാഥനെ? ആരു്?

പീററർ:— മഹാപുരോഹിതൻറാംക്കാരു്.

മേരി:— (ഭയപ്പെട്ടു്) ഹയ്യോ! എന്തിനു്?... നിങ്ങളവി ടെയുണ്ടായിരുന്നില്ലേ?

പീററർ:— ഉവ്വു്, മേരി.

മേരി:— എന്നിട്ടു്? നിങ്ങളൊന്നും ചെയ്തില്ലേ?

പീററർ:— (ഇടറിക്കൊണ്ടു്) ഞങ്ങാംക്കൊന്നും സാധി ച്ചില്ല.

മേരി:— ങേ്ഏ! നിങ്ങാം പത്തുപന്ത്രണ്ടുപേരുണ്ടാ യിട്ടു്?... ഒന്നും സാധിച്ചില്ല? ഹയ്യോ! നാഥൻ!.... എൻെറ നാഥൻ!... എന്നിട്ടെവിടെ ഇപ്പോാം? പറയൂ പീററർ. ഞാൻ പോയി കൊണ്ടുവരും എ ൻെറ നാഥനെ. പീററർ, പറയൂ. നാഥനെവിടെ?

പീററർ:— (നിസ്സഹായത) മേരീ—

മേരി:— നിങ്ങളൊന്നും പറയണ്ടാ. നിങ്ങളുനോക്കിനി ന്നല്ലോ അവരു നാഥനെ പിടിച്ചുകൊണ്ടുപോക ന്നതു്! പറയൂ, പീററർ. അവർ എവിടേക്കാണ ദ്ദേഹത്തെ കൊണ്ടുപോയിരിക്കുന്നതു്?

മറിയം:— (സംയമനത്തോടെ) മകളേ!

മേരി:— (കരച്ചിലോടെ) ഹമ്മേ!

മറിയം:— ഇപ്പോഠം മനസ്സിലായോ എൻെറ വേദന?

മേരി:— അമ്മയിതു നേരത്തെ അറിഞ്ഞോ—

മറിയം:— വർഷങ്ങഠംക്കുമുമ്പു തന്നെ.

(കുറച്ചുനേരം നിശ്ശബ്ദത)

മേരി:— (എന്തോ ആലോചിച്ചുറച്ച്)
അയ്യോ! പീററർ, മററുള്ളവരൊക്കെ എവിടെ?
നമുക്കു പോയി—

മറിയം:— (നിർവ്വികാരയായി) നീ ധൃതിപ്പെടാതെ, മകളേ!

മേരി:— അയ്യോ! അമ്മേ, നമ്മുടെ നാഥനെ അവർ വല്ലതും ചെയ്യും...

മറിയം:— ഉവ്വ്, മകളേ.

മേരി:— നമുക്കു പോയി രക്ഷിക്കണം.

മറിയം:— (അതേനിലയിൽ) വേണ്ട.

മേരി:— (അതിൻെറ അത്ഥം മനസ്സിലാവാതെ) എന്താണിതമ്മേ? (മറിയത്തെ നോക്കിയിരിക്കുന്നു. കണ്ണുകളിൽനിന്നു കണ്ണീർ പ്രവഹിക്കുന്നുണ്ടു്.)

മറിയം:— ഇതവിടുത്തെ ഇഷ്ടമാണു മകളെ. ദൈവപിതാവിൻെറ തിരുവിഷ്ടം... (പീററിപ്പോഴും കണ്ണീരൊഴുക്കുകയാണു്. അതുകണ്ടു്) മകനേ, നീ ഇപ്പോഴും കരയുകയാണോ? കരയാതിരിക്കൂ—

പീററർ:— (കരച്ചിൽ നിയന്ത്രിച്ച്) എനിക്കു കരയാതിരിക്കാൻ വയ്യ! അമ്മേ! ഞാൻ നാഥനെ!...ഹയ്യോ!... എനിക്കതോക്കവയ്യ. അമ്മേ! നാഥനെന്നോടു ക്ഷമിക്കുമോ? എന്നോടു പൊറുക്കുമോ അമ്മേ?...

മറിയം:— പീററർ, ഇത്രയൊക്കെയായിട്ടും നീ നിൻെറ നാഥനെ അറിഞ്ഞില്ലേ?

പീററർ:— എന്നാലും... ഞാൻ... എനിക്കു താക്കീതു തന്നതാണ്..പ്രലോഭനത്തിലകപ്പെടാതിരിക്കാൻ പ്രാത്ഥിക്കാൻ പറഞ്ഞതാണ്.....

മറിയം:— സാരമില്ല, പീററർ... (ഏങ്ങലടിച്ചു കരയുന്ന മേരിയോട്) മേരീ, മകളേ!

മേരി:— അമ്മേ! എനിക്കു സഹിക്കുന്നില്ല, അമ്മേ! ആ ദുഷ്ടന്മാരുടെ കൈയിൽ കിട്ടിയാൽ അവരദ്ദേഹത്തെ—

മറിയം:— (അവളെ തലോടിക്കൊണ്ട്) നിനക്കു സഹിക്കുകയില്ല. എനിക്കും സഹിക്കുകയില്ല. ആക്കും സഹിക്കുകയില്ല മകളേ. പക്ഷേ, എല്ലാവരും അതു സഹിക്കണം. (വിദൂരത്തേക്കു നോക്കിയിരിക്കുന്നു)

[അല്പനേരം നിശ്ശബ്ദത]

മേരി:— പീററർ, അദ്ദേഹത്തെ എവിടേക്കാണു കൊണ്ടുപോയതു്? വല്ലതും ചെയ്യോ അവർ? എവിടെയാണിപ്പോളവിടുന്നു്? നമുക്കൊന്നും ചെയ്യു

ക്കൂടെ? പറയൂ പീററർ. വല്ലതും അറിയാമോ?

പീററർ:— മഹാപുരോഹിതൻററമനയിൽ.

മേരി:— അവിടെ പോയിരുന്നോ? അവരദ്ദേഹത്തെ ഉപദ്രവിച്ചോ?

പീററർ:— ഉപദ്രവിച്ചു. (വേദനയോടെ) ഞാനും ഉപദ്രവിച്ചു, മേരീ. ഈ ഞാനും! അമ്മേ! (കരയുന്നു)

മേരി:— ഇപ്പോളവിടുന്നെവിടെ?

പീററർ:— ബന്ധനത്തിൽ.

മേരി:— (ഭയത്തോടെ) ബന്ധനത്തിൽ? അവർ വിട്ടയക്കുകയില്ലേ?

പീററർ:— (മനോവേദനയോടെ) മേരീ...

മേരി:— (വ്യഗ്രതയോടെ) ഇല്ലേ പീററർ? നാഥനെ നമുക്കിനി കാണാൻ സാധിക്കില്ലേ? പറയൂ പീററർ. സാധിക്കില്ലേ?...

പീററർ:— (ഇടറിയസ്വരം) അതെനിക്കെങ്ങിനെ അറിയാം, മേരീ? അവർ അദ്ദേഹത്തെ—

മേരി:— അദ്ദേഹത്തെ?

പീററർ:— ഹാ!...

മേരി:— (അക്ഷമയായി) പറയൂ! അയ്യോ!

പീററർ:— വധിക്കാനാണു പ്ലാൻ—

മേരി:— ഹമ്മേ! (മറിയത്തെ കെട്ടിപ്പിടിച്ചു കരഞ്ഞു. മറിയം വിദൂരത്തേക്കുനോക്കി ചുണ്ടുകൾ കടിച്ചു. പീററർ നെഞ്ചത്തു കൈകളമർത്തി കണ്ണീർ വാർത്തു.)

കർട്ടൻ

## രംഗം ഏഴ്

പീലാത്തോസിന്റെ അരമന. റോമൻഗവണ്ണരുടെ ആസ്ഥാനത്തിനനുസരിച്ചുള്ള സജ്ജീകരണങ്ങൾ. ഉച്ചയോടടുക്കുന്ന സമയം.

[രംഗത്ത്: മദ്ധ്യത്തിൽ ഉയർന്ന പീഠത്തിൽ പീലാത്തോസ് ഉപവിഷ്ടനായിരിക്കുന്നു. യൂദയായിലെ റോമൻഗവണ്ണരാണു പീലാത്തോസ്. വേറെ വഴിയില്ലെന്നു കണ്ടാൽ സത്യത്തേയും നീതിയേയും മാററിവെക്കാനും മടിക്കാത്ത ഒരു ന്യായാധിപൻ.

അടുത്തായി കയാഫസും ഹന്നാസും.

പീലാത്തോസിനു തൊട്ടുപിമ്പിൽ ഒരു സേവകൻ എന്തിനും സന്നദ്ധനായി നില്ക്കുന്നു.

ഒരു വശത്ത് ഏററവും മുമ്പിലായി ബന്ധിതനായ ക്രിസ്തു. തലേരാത്രിമുതൽ ജലപാനംപോലും ചെയ്യാതിരുന്നതുകൊണ്ടും കയാഫസിന്റെ കൂലിപ്പട്ടാളത്തിന്റെ നിന്ദ്യവും ക്രൂരവുമായ പീഡനങ്ങൾ ഏററതുകൊണ്ടും വളരെ ക്ഷീണിച്ചവശനായിട്ടുണ്ട് അവിടുന്ന്. പലപ്പോഴും തല ഉയർത്തിപ്പിടിക്കാനാവാതെ തല താഴ്ത്തി നില്ക്കുകയാണ്.

ഖഡ്ഗധാരിയായൊരു റോമൻഭടൻ ക്രിസ്തുവിനു കാവൽനില്ക്കുന്നു.

മുററത്തു തടിച്ചുകൂടിയിരിക്കുന്ന ജനങ്ങളുടെ സംസാരങ്ങളും അട്ടഹാസങ്ങളും മിക്കപ്പോഴും കേൾക്കാം. "ഒന്നു വേഗമാവട്ടെ,ൻെറ ഗവർണ്ണരേ!"; "ഞങ്ങളു് നേരം കുറച്ചായി കാത്തിരിപ്പുതുടങ്ങിയിട്ട്." "നോക്കിനെടാ അവൻെറാരു നിലവ്! ഒരു കൂസലുണ്ടോന്നു നോക്ക്!" എന്നും മററും കേൾക്കുന്നു. ഈ സമയത്തു് രംഗം തുറക്കുന്നു.

അതേസമയം ജനക്കൂട്ടം ഉച്ചത്തിൽ "അവനെ കുരിശിൽ തറക്കണം;" "കുരിശിൽ തറക്കണം" എന്നാർത്തുവിളിക്കുന്നു.

പീലാത്തോസ് ചിന്തയിൽ മുഴുകിയിരിക്കയാണു്. ജനങ്ങളുടെ ബഹളം കേൾക്കുമ്പോൾ കൊടുങ്കാററിൽപ്പെട്ട മനുഷ്യനെപ്പോലെ ഒരു നടുക്കം.

കയാഫസ് പ്രകൃതികൾക്കു തിടുക്കം.

ക്രിസ്തു ശാന്തഗംഭീരനായും.

ഹന്നാസ് ഇടയ്ക്കു ജനങ്ങളുടെനേരെ ഒളിവിൽ ചില ആംഗ്യങ്ങൾ കാണിച്ചു് അവരെ തരത്തിനു് ഉപയോഗിക്കുന്നുണ്ടു്.]

ജനക്കൂട്ടം:— (ഹന്നാസിൻെറ ആംഗ്യം കണ്ടിട്ട്) കൊല്ലണം അവനെ! കുരിശിൽ തറച്ചുകൊല്ലണം!!

പീലാത്തോസ്:— (എഴുന്നേററു് ഒരു കൈ ഉയത്തി) ഹായ്! (ജനക്കൂട്ടം നിശ്ശബ്ദമായി)

കയാഫസ്:— ബഹുമാനപ്പെട്ട ഗവർണ്ണർ ജനങ്ങളുടെ ആവേശം അറിയുന്നില്ലേ?

പീലാത്തോസ്:— (അസുഖത്തോടെ) ജനങ്ങളുടെ ആവേശമനുസരിച്ചാണോ വിധിനടത്തുക?

കയാഫസ്:— അവനെതിരായുള്ള ആരോപണങ്ങൾ ഉന്നയിച്ചുകഴിഞ്ഞല്ലോ.

പീലാത്തോസ്:— അതിനുമാത്രം എന്താരോപണമാണു നിങ്ങൾ ഉന്നയിച്ചതു്?

കയാഫസ്:— ഇതെന്തൊരു ചോദ്യമാണു്! ഇവൻ കുററക്കാരനല്ലായിരുന്നെങ്കിൽ ഞങ്ങളിവിടെ കൊണ്ടുവരുമോ?

പീലാത്തോസ്:— എന്നാൽ നിങ്ങൾതന്നെ കൊണ്ടുപോയി വിധിക്കണം. (ഇരുന്നു)

കയാഫസ്:— ഞങ്ങൾക്കൊരുവനെ മരണത്തിനു വിധിക്കാൻ നിയമമില്ല.

പീലാത്തോസ്:— **കുററമില്ലാത്തവനെ** വിധിക്കാൻ എനിക്കും നിയമമില്ല.

കയാഫസ്:-(ചാടിയെഴുന്നേററു്)കുററമില്ലാത്തവനോ? പീലാത്തോസ്! (പീലാത്തോസിനെ തുറിച്ചുനോക്കിക്കൊണ്ടല്പനേരം നിന്നിട്ടു്) പരിപാവനമായ മോശയുടെ നിയമത്തെ തന്നിഷ്ടത്തിനുവേണ്ടി പിച്ചിച്ചീന്തിയ ഈ ധിക്കാരി കുററക്കാരനല്ലെന്നോ? നാടൊട്ടുക്കുനടന്നു വിപ്ലവം പ്രസംഗിച്ചു ജനങ്ങളെ വഴിതെററിക്കുന്ന ഈ നാശത്തിൻെറ സന്തതി ശിക്ഷയർഹിക്കുന്നില്ലെന്നോ പീലാത്തോസ്?

യഹൂദരുടെ പൂജ്യമായ ശാബത്തിനെ പുല്ലുപോലെ വലിച്ചെറിയുന്ന ഈ അന്തിക്രിസ്തു പുണ്യവാനാണെന്നാണോ അങ്ങു പറയുന്നതു്?

പുരോഹിതന്മാരേയും ഭരണാധികാരികളേയും വ്യഭിചാരികളും ദുരാഗ്രഹികളുമായി കരിതേച്ചുകാണിക്കുന്ന ഈ നുണയനെ ഞങ്ങൾ പൂജിക്കണമെന്നാണോ പീലാത്തോസ്?

ഹന്നാസ്:— ഒരിക്കലും സാധ്യമല്ല...

കയാഫസ്:— സ്വയം ദൈവപുത്രനെന്നവകാശപ്പെട്ടുന്ന ഈ ദൈവദൂഷകനെ പിന്നെന്തു ചെയ്യണം പീലാത്തോസ്? പറയണം ഗവണ്ണർ! (പീലാത്തോസിന്റെ മുഖഭാവം നിരീക്ഷിച്ചിട്ടു്) അല്ലെങ്കിൽ വേണ്ട. ജനങ്ങൾ പറയും. (ജനങ്ങളോട്) നിങ്ങൾക്കെന്തുതോന്നുന്നു?

ഹന്നാസ്:— (ജനങ്ങളെ പ്രേരിപ്പിക്കുന്നു)

ജനക്കൂട്ടം:—(പുറത്തു്)ക്രൂശിക്കണം! ക്രൂശിക്കണം!! ദൈവദൂഷകനെ ക്രൂശിക്കണം!!!

കയാഫസ്:— (പീലാത്തോസിനിളക്കമില്ലെന്നുകണ്ടു്) ഓ! ഒരു റോമാക്കാരനായ ഗവണ്ണരുടെ നോട്ടത്തിൽ ദൈവദൂഷണവും മററും ശിക്ഷാർഹമല്ലായിരിക്കാം. എന്നാൽ, രാജദ്രോഷണത്തെപ്പററി താങ്കളെന്തുപറയുന്നു?

പീലാത്തോസ്:— (തലയുയർത്തി) രാജദ്രോഷണം?

ഹന്നാസ്:— ആണ്ട്. ഇവൻ സീസറിന്റെ വിരോധിയാണു്.

കയാഫസ്:— പറയണം പീലാത്തോസ്. ഞങ്ങളുടെ രാജാവാരാണ്? സീസറാണെന്നു ഞങ്ങൾ കരുതുന്നു.

ജനങ്ങൾ:— (പുറത്തു്) സീസറല്ലാതെ ഞങ്ങൾക്കു രാജാവില്ല! സീസറല്ലാതെ ഞങ്ങൾക്കു രാജാവില്ല!

കയാഫസ്:— എന്നാൽ, ഇവൻ സ്വയം രാജാവെന്നു പറഞ്ഞുനടക്കുന്നു. യൂദന്മാരുടെ രാജാവാണത്രേ ഇവൻ. അതേററുപാടാൻ ഇവനൊരു മുക്കുവസൈററുണ്ടു്. "രാജാവിൻെറ എഴുന്നള്ളത്തു്" കഴിഞ്ഞിട്ടു ദിവസം നാലേ ആയിട്ടുള്ളൂ. ഇതൊന്നും ഒരു കുററമല്ലേ പീലാത്തോസ്? നിലവിലുള്ള രാജാവിനെതിരായി സ്വയം രാജാവായിച്ചമഞ്ഞു് വിപ്ലവത്തിനു പുറപ്പെടുന്നവനെ പിന്നെന്തുവിളിക്കണമെന്നു ഗവർണ്ണർതന്നെ പറയണം.

[**പീലാത്തോസ് ഒരു തീരുമാനത്തോടെ തലയുയർത്തി ഭടനു് ക്രിസ്തുവിനെ അടുത്തുകൊണ്ടുവരാൻ അടയാളം കൊടുത്തു.**

**ഭടൻ ക്രിസ്തുവിനെ പീലാത്തോസിൻെറ വലത്തുവശത്തായി മുമ്പിൽ നിത്തുന്നു.**]

പീലാത്തോസ്:— (ക്രിസ്തുവിനോടു്) നിൻെറ പേരിൽ ഇവർ ആരോപിക്കുന്ന കുററങ്ങൾ നീ കേൾക്കുന്നില്ലേ? നിനക്കൊന്നും ബോധിപ്പിക്കാനില്ലേ?

ക്രിസ്തു:— (പീലാത്തോസിൻെറ മുഖത്തേക്കൊന്നു നോക്കിയതുമാത്രം)

പീലാത്തോസ്:— നീ യഹൂദന്മാരുടെ രാജാവാണോ?

ക്രിസ്തു:— (ശാന്തനായി) ഇതു നിങ്ങഠം ആത്മാത്ഥമായി ചോദിക്കുന്നതോ അതോ പരപ്രേരണയാലോ?

പീലാത്തോസ്:— ഞാനൊരു യഹൂദനല്ല. നിൻെറ സ്വന്തം ജനവും പുരോഹിതന്മാരും നിന്നെ പിടിച്ച് എന്നെ ഏല്പിച്ചിരിക്കുന്നു. നീ എന്താണു ചെയ്തിട്ടുള്ളതു്?

ക്രിസ്തു:— ലൗകികമല്ല, എൻെറ രാജ്യം. ആയിരുന്നെങ്കിൽ ഞാനിത്തരത്തിൽ ഇവിടെ കൊണ്ടുവരപ്പെടാതിരിക്കാൻ പരിശ്രമിക്കുമായിരുന്നു. എൻെറ സേവകർ എനിക്കുവേണ്ടി പോരാട്ടുകയും ചെയ്യുമായിരുന്നു.

പീലാത്തോസ്:— അപ്പോഠം നീ രാജാവുതന്നെ?

ക്രിസ്തു:— അതു നിങ്ങഠംതന്നെ പറയുന്നല്ലോ.

**[പീലാത്തോസ് ക്രിസ്തുവിനെ കൊണ്ടുപോകാൻ അടയാളം കൊടുത്തു. ടേൻ ക്രിസ്തുവിനെപൂർവ്വസ്ഥാനത്തു കൊണ്ടുനിർത്തി.]**

പീലാത്തോസ്:— (ക്രിസ്തുവിനെത്തന്നെ നോക്കിക്കൊണ്ടു്) അത്ഭുതം! സ്വയം ശത്രുക്കഠംക്കു കയ്യാളിക്കുന്നവൻ വാസ്തവത്തിൽ കുററക്കാരനാവുമോ! (കയാഫസിനോടു്) ഞാനീ മനുഷ്യനിൽ യാതൊരു കുററവും കാണുന്നില്ല.

കയാഫസ്:— (ദ്വേഷ്യത്തിൽ) എന്തു്? ഒരു കുററവും കാണുന്നില്ല? താങ്കളുടെ നീതിബോധം എവിടെപ്പോയി, പീലാത്തോസ്? ഒരു കുററവും?

നാട്ടൊട്ടുക്കു വിപ്ലവം പ്രസംഗിച്ചു സമാധാനജീവിതം സ്തംഭിപ്പിക്കുന്നതു കുററമല്ലേ?

ഹന്നാസ്:— ഈ ലോകത്തെ തീയിട്ടു നശിപ്പിക്കാനാണത്രേ ഇവൻ വന്നിരിക്കുന്നതു്.

കയാഫസ്:— പുരോഹിതന്മാരേയും ശാസ്ത്രജ്ഞരേയും അധിക്ഷേപിക്കുന്നതു് തെററല്ലേ?

ഹന്നാസ്:— പരിശുദ്ധമായ ദേവാലയത്തിൽ കയറി 'പരീശരേ, കപടഭക്തരേ, നിങ്ങൾക്കുനാശം' എന്നായിരം ആവർത്തിച്ചവനാണിവൻ.

കയാഫസ്:— അതൊന്നും അനീതിയല്ലേ?

ഹന്നാസ്:— രാജ്യം സീസറുടേതല്ലെന്നും സീസറെ ഭയപ്പെടേണ്ടെന്നും സീസറിനു കപ്പം കൊടുക്കേണ്ടായെന്നും നാടുനീളെ പ്രസംഗിച്ചു നടക്കുന്നവനാണിവൻ!

കയാഫസ്:— അതൊന്നും അക്രമമല്ലേ?

പീലാത്തോസ്:— നിങ്ങൾ ആരോപിക്കുന്നതിൽ ഒന്നുംതന്നെ മരണശിക്ഷയർഹിക്കുന്നതായി തോന്നുന്നില്ല. ഞാനിവനെ ഹേറോദോസിൻെറടുത്തു വിട്ടു വിസ്തരിപ്പിച്ചല്ലോ? അദ്ദേഹവും വധശിക്ഷ നല്കാൻമാത്രം ഒരപരാധവും കണ്ടില്ല. അതിനാൽ—

കയാഫസ്:—<br>ഹന്നാസ്:— } അതിനാൽ?

പീലാത്തോസ്:— അതിനാൽ, എൻെറ തീരുമാനമി

താണു്. പെസഹാപെരുന്നാളിനു നിങ്ങൾക്കൊരു തടവുകാരനെ വിട്ടുതരാറുണ്ടല്ലോ? ഇക്കൊല്ലത്തെ പുള്ളിയായി ഇവനെ ഞാൻ വിട്ടയക്കും.

കയാഫസ്:— എന്തു്? (എഴുന്നേററു്) എന്താണിതു പീലാത്തോസ്?നിങ്ങളെന്താണു പറയുന്നതു്? നിങ്ങളെന്താണു ചെയ്വാൻപോകുന്നതു്? ഇവനെ വിട്ടയക്കുകയോ? ഈ ജനദ്രോഹിയെ, ഈ ദൈവദ്രോഹിയെ വിട്ടയക്കുകയോ? ഈ രാജ്യദ്രോഹിയെ ശിക്ഷിക്കാതെ വിടുകയോ? പീലാത്തോസ്! നിങ്ങളെ ഈ മന്ത്രവാദി മയക്കിക്കളഞ്ഞോ? (പീലാത്തോസിനെ തറച്ചുനോക്കിനില്ക്കുന്നു) പക്ഷേ, പീലാത്തോസ്! യഹോവായുടെ വിരോധിയായ ഇവൻ യഹൂദജനത്തിൻേറയും വിരോധിയാണു്. നിങ്ങളിവനെ വിട്ടയച്ചാൽ യഹൂദന്മാർ നിങ്ങളെ വെറുതെ വിടുമെന്നു വിചാരിക്കുന്നോ? സീസറിൻെറ എതിരാളിയെ വെറുതെ വിട്ടയച്ചാൽ നിങ്ങളുടെ നില സുരക്ഷിതമെന്നു നിങ്ങൾ കരുതുന്നോ?

ഹന്നാസ്:— ആലോചിക്കണം, ഗവർണ്ണരേ!

പീലാത്തോസ്:— (മൗനം)

(അല്പനേരം നിശ്ശബ്ദത)

കയാഫസ്:— പിന്നെ. പെസഹാ തടവുകാരൻ. അതാരായിരിക്കണമെന്നു നിശ്ചയിക്കേണ്ടതു ജനങ്ങളല്ലേ? അവർ പറയും, അവർക്കു മോചിപ്പിച്ചു കിട്ടേണ്ടതാരെന്നു്. ചോദിക്കണം ജനങ്ങളോടു്.

(ഈ സമയം ഹന്നാസ് ജനങ്ങളെ ബറാബ്ബാസിനെ ആവശ്യപ്പെടാൻ ആംഗ്യംകൊണ്ട് പ്രേരിപ്പിക്കുന്നു)

പീലാത്തോസ്:— (എഴുന്നേററു് ജനങ്ങളുടെ അടുത്തേക്കുനീങ്ങി) പെസഹാപെരുന്നാളിനു നിങ്ങൾക്കൊരു ബന്ദിയെ വിട്ടുതരുക പതിവുണ്ടല്ലോ. ഞാൻ യേശുവിനെ നിങ്ങൾക്കു വിട്ടുതരട്ടയോ?

ജനങ്ങൾ:— ഇവനെ വേണ്ട. ഇവനെ വേണ്ട! ഇവനെ ക്രൂശിക്കുക! ഇവനെ ക്രൂശിക്കുക!!

പീലാത്തോസ്:— പിന്നെ ഞാൻ ആരെയാണു മോചിപ്പിക്കേണ്ടതു്?

ജനങ്ങൾ:— ബറാബ്ബാസിനെ! ബറാബ്ബാസിനെ!

പീലാത്തോസ്:— (ഞെട്ടലോടെ) ബറാബ്ബാസോ! എന്തു്? ബറാബ്ബാസിനെ മോചിപ്പിക്കുകയോ? അതു സാദ്ധ്യമല്ല.

ഹന്നാസ്:— (ജനങ്ങളെ വാശികേററുന്നു)

ജനങ്ങൾ:— ബറാബ്ബാസിനെ വിട്ടുതരിക. ഇവനെ ക്രൂശിക്കുക! (ജനങ്ങൾ ബഹളം കൂട്ടുന്നു; പീലാത്തോസ് ചൂളിപ്പോകുന്നു.)

പീലാത്തോസ്:— (തിരിഞ്ഞുവന്നു്)ഇല്ല. ബറാബ്ബാസ് സ്വതന്ത്രനാവുക! അതൊരിക്കലും സാധ്യമല്ല.

കയാഫസ്:— അതു ശരിയല്ല, ഗവർണ്ണർ. നിങ്ങൾ വാക്കുപറഞ്ഞതല്ലേ, ഒരാളെ ജയിലിൽനിന്നു വിടാമെന്നു്?

പീലാത്തോസ്:— ശരിയാണ്. പക്ഷേ, ബറാബാസിനെ—

കയാഫസ്:— ആരാണു വേണ്ടതെന്നു തീരുമാനിക്കാനുള്ള അവകാശം ജനങ്ങളുടെയല്ലേ?

പീലാത്തോസ്:— (പരാജിതനായി) മഹാ പുരോഹിതന്മാരേ, ഇത്രയ്ക്കസൂയ പാടില്ല. കൊലയാളിയും കൊള്ളക്കാരനുമായ ബറാബാസിനേക്കാൾ നികൃഷ്ടനായി ഇയാളെ കാണുവാൻമാത്രം നിങ്ങളുടെ കണ്ണുകൾ ഇരുട്ടിക്കളഞ്ഞല്ലോ!

ഹന്നാസ്:— ഒരു തരത്തിൽ ബറാബാസിനെക്കാൾ ഭയപ്പെടേണ്ടതു് ഇവനെയാണ്, ഗവർണ്ണരേ.

(അല്പനേരം നിശ്ശബ്ദത)

പീലാത്തോസ്:— (വീണ്ടും ജനങ്ങളെ സമീപിച്ചു്) ആരെ വിട്ടുതരണമെന്നാണു നിങ്ങളാഗ്രഹിക്കുന്നതു്? കൊള്ളയും കൊള്ളിവെപ്പും തൊഴിലാക്കിയിരിക്കുന്ന ബറാബാസിനെയോ ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന ഈ യേശുവിനേയോ?

ജനങ്ങൾ:— ബറാബാസിനെ. ബറാബാസ്! ബറാബാസ്!

പീലാത്തോസ്:— യഹൂദന്മാരുടെ രാജാവെന്നു വിളിക്കുന്ന ഇവനെ പിന്നെ ഞാനെന്തുചെയ്യണം?

ജനങ്ങൾ:— ക്രൂശിക്കണം! ക്രൂശിക്കണം!!

[ജനങ്ങളുടെ ബഹളംകേട്ടു് പീലാത്തോസ് അസഹ്യത കാണിക്കുന്നു]

പീലാത്തോസ്:— (കുറച്ചുകഴിഞ്ഞു്) ഞാൻ നിങ്ങളുടെ രാജാവിനെ കരിശിൽ തറച്ചു കൊല്ലണമോ?

ജനങ്ങൾ:— ഞങ്ങൾക്കു സീസറല്ലാതെ വേറെ രാജാവില്ല. ബറാബാസിനെ വിട്ടുതരിക! ബറാബാസിനെ വിട്ടുതരിക!!

പീലാത്തോസ്:— (തിരിച്ചുനടന്നു്) നിങ്ങളുടെ ഇഷ്ടം പോലെ.

ജനങ്ങൾ:— ബറാബാസ്! ജയ് ജയ്! ബറാബാസ്. ഇവനെ ക്രൂശിക്കണം. ദൈവപുത്രനെന്നു വീമ്പടിച്ചവനെ കൊല്ലണം!

**[പീലാത്തോസ് ജനങ്ങളുടെ ക്ഷോഭം കണ്ടു് അസ്വസ്ഥനാവുന്നു]**

പീലാത്തോസ്:— (ക്രിസ്തുവിൻെറ അടുത്തുചെന്നു്) എവിടെനിന്നാണു്?

ഹന്നാസ്:— ഇതെന്തു സംശയമാണീ ഗവർണ്ണറുടെ?

പീലാത്തോസ്:— (ക്രിസ്തു ഒന്നും പറയുന്നില്ലെന്നു കണ്ടു്) എന്നോടു പറയുകയില്ലേ? നിന്നെ കുരിശിൽ കയററാനും ഇവിടന്നു വെറുതെ ഇറക്കിവിടാനും എനിക്കധികാരമുണ്ടെന്നു നിനക്കറിയാമോ?

ക്രിസ്തു:— (ശാന്തസ്വരത്തിൽ) മുകളിൽനിന്നു ലഭിച്ചതു മാത്രം.

**[പീലാത്തോസിനെ ഒന്നു മുഖം തിരിച്ചുനോക്കി വീണ്ടും മുൻനിലയിൽനിന്നു.]**

പീലാത്തോസ്:— നിങ്ങൾ ഇവർ പറയുന്നതുപോലെ

രാജാവാണോ?

ക്രിസ്തു:— (അതേനിലയിൽ) എന്നു നിങ്ങൾതന്നെ പറയുന്നു. ഇതിനായിട്ടാണു ഞാൻ ജനിച്ചതു്—സത്യത്തിനു സാക്ഷ്യം വഹിക്കാൻ. സത്യമുള്ളവർ എന്നെ അറിയുകയും ചെയ്യുന്നു.

പീലാത്തോസ്:— എന്താണു സത്യം? (തിരിച്ചുനടന്നു. സ്വസ്ഥാനത്തുവന്നു്) മരണശിക്ഷയർഹിക്കുന്ന ഒരു കുററവും ഇയാൾ ചെയ്തതായി തെളിവില്ല. അതിനാൽ ഞാനിയാളെ ചമ്മട്ടിയടികൊടുത്തു വിട്ടയക്കാം.

കയാഫസ്:— പീലാത്തോസ്!

പീലാത്തോസ്:— ഉം. വേഗം. (ഭടന്മാക്കു നിർദ്ദേശം കൊടുത്തു. അവർ ക്രിസ്തുവിനെ കൊണ്ടുപോയി. പുറത്തു് ജനങ്ങൾ "അവനെ കൊല്ലണം! കുരിശിൽ തറച്ചു കൊല്ലണം!" എന്നാർത്തുവിളിച്ചു കൊണ്ടു് അടിസ്ഥലത്തേക്കു നീങ്ങി.)

(അല്പനേരം നിശ്ശബ്ദത)

കയാഫസ്:— പീലാത്തോസ്, അടിനടക്കട്ടെ. പക്ഷേ, അവനെ വിട്ടയക്കുന്ന കാര്യം അത്ര പന്തിയല്ല. ജനങ്ങളതു സമ്മതിക്കയില്ല.

പീലാത്തോസ്:— (തളന്നു്) മഹാപുരോഹിതന്മാരേ, ഞാനൊന്നു ചോദിക്കട്ടെ. നിങ്ങൾക്കെന്താണവനോടിത്ര വിദ്വേഷം?

കയാഫസ്:— ഞങ്ങളുടെ വിദ്വേഷം നോക്കേണ്ട, ഗവർണ്ണർ. ജനങ്ങൾ—

ഹന്നാസ്:— അതെ. ഇവനെപ്രതി താങ്കൾ ജനങ്ങളുടെ മുഴുവൻ വിരോധം സമ്പാദിക്കുന്നതെന്തിന്?

പീലാത്തോസ്:— നിങ്ങൾ പറഞ്ഞാൽ ജനങ്ങൾ അടങ്ങുകയില്ലേ?

കയാഫസ്:— എന്റെ ഗവർണ്ണർ, താങ്കളിതിലെന്തിനിത്ര പേടിക്കുന്നു?

പീലാത്തോസ്:— വാസ്തവത്തിൽ എനിക്കിതിലെന്തോ വല്ലാത്ത ഭയം. ഇതുപോലൊരു കേസ് എനിക്കിതുവരെ കൈകാര്യം ചെയ്യേണ്ടിവന്നിട്ടില്ല. നിങ്ങളെന്തൊക്കെ പറഞ്ഞാലും അയാളൊരു കുററക്കാരനായി എനിക്കു ബോധ്യം വരുന്നില്ല. (അല്പം കഴിഞ്ഞ്, ആത്മഗതം)

ആ നിർഭയമായനില്പ്! വാക്കുകളിൽ നിറഞ്ഞുനില്ക്കുന്ന അനിഷേധ്യമായ ഒരധികാരഭാവം!! കുത്തിത്തറക്കുന്ന നോട്ടം!!! . . . ഹൊ! അവൻ നിങ്ങൾ പറയുന്നപോലെ ഒരക്രമിയല്ല. അല്ല പുരോഹിതന്മാരേ. അല്ല.

ഹന്നാസ്:— അവൻ മന്ത്രവിദ്യകൊണ്ടു ഗവർണ്ണരെ മയക്കിക്കളഞ്ഞെന്നുതോന്നുന്നു!

പീലാത്തോസ്:— വാസ്തവത്തിൽ അവനോടുള്ള നിങ്ങളുടെ ഈ വെറുപ്പുതന്നെഅസ്വാഭാവികമായി തോന്നുന്നു! എന്തോ അസാധാരണത്വം ഞാനതിൽ ദർശിക്കുന്നു.

(അല്പനേരം നിശ്ശബ്ദത)

അതുകൊണ്ടു്, നിങ്ങളീ പിടിവാശി ഉപേക്ഷിക്കണം.

കയാഫസ്:— അതു സാധ്യമല്ല ഗവർണ്ണർ. അതങ്ങു നടക്കട്ടെ.

പീലാത്തോസ്:— പാവനമായ നിങ്ങളുടെ പെസഹാപെരുന്നാൾ ഇങ്ങനെ ഒരു ക്രൂരകൃത്യംകൊണ്ടാണോ ആഘോഷിക്കുന്നതു്?

കയാഫസ്:— പാവനമായ പെസഹായുടെ പൊൻപുലരി ഇങ്ങനെ ഒരു ദ്രോഹിയുടെ മുഖം കാണരുതു്, പീലാത്തോസ്. അതിനാൽ ഇതിന്നുതന്നെ—

പീലാത്തോസ്:— വേണ്ട, പുരോഹിതന്മാർ. എൻെറ മനസ്സാക്ഷി പറയുന്നു, അവൻ നിർദ്ദോഷിയാണെന്നു്.

ഹന്നാസ്:— അതെന്തൊരു സാക്ഷിയാണു ഹേ! ഇത്രയും തെളിവുകളുണ്ടായിട്ടും?

പീലാത്തോസ്:— അതുകൊണ്ടു് ആ അടിശിക്ഷ കഴിഞ്ഞു ഞാനവനെ വിട്ടയക്കും.

കയാഫസ്:— അതു സാധിക്കുമെന്നു തോന്നുന്നില്ല.

പീലാത്തോസ്:— എന്തുകൊണ്ടു്?

കയാഫസ്:— ജനങ്ങൾ സമ്മതിക്കുകയില്ല. അവനെ കൊന്നു കുഴിച്ചുമൂടിയിട്ടേ അവരിന്നു് അന്തികാഞ്ഞു എന്നാ പറയുന്നതു്.

പീലാത്തോസ്:— ജനങ്ങൾ! (ഗൗരവത്തിൽ) അവ

DHARMARAM COLLEGE LIBRARY, BANGALORE. 19804

രോട്ടു പോകാൻ പറയണം. അതുകൊണ്ടു മുത്താൽ ഇവിടെ പട്ടാളമുണ്ടെന്നോർത്തുകൊള്ളട്ടെ.

കയാഫസ്:— പട്ടാളംകൊണ്ടടിച്ചമർത്താവുന്ന പ്രായം തെററി,പീലാത്തോസ്. ആ ആവേശം അതുകണ്ടു വളൻകഴിഞ്ഞു.

പീലാത്തോസ്:— ഞാനൊന്നു നോക്കട്ടെ അതിൻെറ വളർച്ച. (ഉലാത്തുന്നു)

കയാഫസ്:— അതു കാണാം പീലാത്തോസ്. പക്ഷെ, ഒന്നു ഞാൻ പറയാം. നിങ്ങഠം നിങ്ങളുടെ നിലമറന്നാണു പ്രവത്തിക്കുക.

പീലാത്തോസ്:— എന്തുനില?

കയാഫസ്:— നിങ്ങഠം റോമാചക്രവത്തിയുടെ പ്രതിനിധിയാണെന്ന നില.

പീലാത്തോസ്:— അതെങ്ങനെ?

കയാഫസ്:— സീസറിൻെറ എതിരാളിയെ അനുകൂലിക്കുന്നവൻ സീസറിനെ എതിക്കുന്നു. നിങ്ങഠം സീസറിൻെറ ശത്രുവാണെന്നു സീസററിഞ്ഞാൽ—

[പീലാത്തോസൊന്നു ഞെട്ടി]

ഹന്നാസ്:— ചിന്തിക്കണം, ഗവണ്ണരേ. ചിന്തിക്കണം. ഈ ആശാരിച്ചെക്കനെപ്രതി താങ്കഠം റോമാചക്രവത്തിയുടെ ശത്രുത സമ്പാദിക്കുന്നതെന്തിന്? താങ്കളുടെ ഉദ്യോഗം വെള്ളത്തിലാവുന്ന നിലപാടാണിതു്.

കയാഫസ്:— (കുടിലനേത്രങ്ങളോടെ നോക്കിയിട്ട്) സീസറിൻെറ ശത്രുവിന് ഉദ്യോഗനഷ്ടം മാത്രമല്ല ശിക്ഷ എന്നു ഗവർണ്ണർക്കജ്ഞാതമായിരിക്കയില്ല. (പീലാത്തോസ് അസ്വസ്ഥനായി ഉലാത്തുന്നു)

കയാഫസ്:— ഇത്രയും ഓർമ്മയിലിരിക്കട്ടെ, ആ നസ്രായക്കാരനെ മോചിപ്പിക്കാൻ കല്പനകൊടുക്കുമ്പോഴം. (ഹന്നാസിനോട്) വരൂ. ദാഹിക്കുന്നു. അല്പം വല്ലതും കുടിച്ചിട്ടുവരാം. ഗവർണ്ണർ ചിന്തിച്ചുറപ്പിക്കട്ടെ.

[രണ്ടുപേരും പോകുന്നു.

പീലാത്തോസ് അക്ഷമനായി, അസ്വസ്ഥനായി ഉലാത്തുന്നു. മനസ്സിൽ നടക്കുന്ന സംഘട്ടനത്തിൽനിന്ന് ചില വാക്കുകൾ തെറിച്ചുചിതറുന്നു:]

പീലാത്തോസ്:— ശാന്തഗംഭീരമായ ആ മുഖം. . . . .

പ്രകാശം പരത്തുന്ന ആ കണ്ണുകൾ......

കൂസലില്ലാത്ത ആ നില്പ്!......

... ... ... ... ... ... ...

ദൈവപുത്രൻ!... ... ... ... ...

... ... ... ...

ഇവരിവനെ എന്തിനിത്ര വെറുക്കുന്നു?... ...

എന്തിനിത്ര പേടിക്കുന്നു? ... ... ... ...

... ... ... ...

ജനരോഷം... ... ...

പുരോഹിതന്മാരുടെ കുത്തിത്തിരിപ്പുകൾ......

(ഒരു സേവകൻവന്നു മുഖംകാണിച്ചു)

പീലാത്തോസ്:— ഉം. എന്താണു്?

സേവകൻ:— കൊച്ചമ്മ ഒരു കാര്യം ഉണർത്തിക്കാൻ പറഞ്ഞു.

പീലാത്തോസ്:— എന്താണു്?

സേവകൻ:— ഒരപേക്ഷയാണെന്നു്.

പീലാത്തോസ്:— എന്തപേക്ഷ?

സേവകൻ:— വളരെ ഗൗരവമുള്ളതാണെന്നും ഒരിക്കലും മറുത്തുപറയരുതെന്നും പറഞ്ഞു.

പീലാത്തോസ്:— ഉം. പറയൂ അതു്.

സേവകൻ:— ആ കുററവാളിയെ ഒന്നും ചെയ്യരുതെന്നു്. അവൻ കാരണം കൊച്ചമ്മ വളരെ ദുഃസ്വപ്നങ്ങൾ കണ്ടെന്നു്.

പീലാത്തോസ്:— (ഒന്നും പറഞ്ഞില്ല. ഉലാത്തുകയാണു്)

സേവകൻ:— കരഞ്ഞുകൊണ്ടാണിതു പറഞ്ഞതു്.

പീലാത്തോസ്:— (അതു ശ്രദ്ധിച്ചില്ല)

സേവകൻ:— എന്തുവന്നാലും അവനെ ഒന്നും ചെയ്യരുതെന്നു്.

പീലാത്തോസ്:— (അതിൽ ശ്രദ്ധിക്കാതെ ഉലാത്തുകയാണു്. അഗാധമായ ചിന്ത. അസ്വസ്ഥത മുഖത്തു കൂടിക്കൂടിവരുന്നു. സേവകൻ കുറച്ചുനേരം കാത്തുനിന്നതിനുശേഷം അകത്തോട്ടു വലിഞ്ഞു.)

പീലാത്തോസ്:— (കൊച്ചമ്മയുടെ 'ദുഃസ്വപ്നങ്ങളിൽ' തുടങ്ങി ചിന്ത അങ്ങനെ നീളുകയാണ്)
പേടിസ്വപ്നമാണ്......
യൂദന്മാക്കൊക്കെ......
പുരോഹിതന്മാക്കും......
എനിക്കും......
ഇതാ. അവൾക്കും.
..................... (ഒരററത്തു നിന്നിട്ട്)
സീസർക്കും?......
ആണെങ്കിൽ?......
ഞാനവനെ ശിക്ഷിച്ചില്ലെങ്കിൽ?......
ഞാൻ സീസറിൻെറ വിരോധി!......
(അല്പനേരംനിന്ന് വീണ്ടും ഉലാത്തുന്നു. മറേറ അററത്തെത്തുമ്പോൾ)
എൻെറ ഗവണ്ണർ സ്ഥാനം?......
നാട്ടുകടത്തൽ!......
വധശിക്ഷ!!...ഹോ!!
(അല്പനേരം തരിച്ചുനിന്നുപോയി; അനന്തരം ഉലാത്തിക്കൊണ്ട്, ഒരു തീരുമാനത്തോടെ)
അതെ. അവൻ സീസറിൻെറ വിരോധിയാണ്. അതിനാൽ അവൻ വധിക്കപ്പെടണം. കുരിശിൽ തറച്ചുകൊല്ലണം. അതെ....
(ഇരിപ്പിടത്തിലേക്കു നടക്കുന്നു.
അടുത്ത ക്ഷണത്തിൽ ക്രിസ്തുവിൻെറ മുഖം മനസ്സിൽ തെളിഞ്ഞു)

ക്രൂസലില്ലാത്ത ആ നില്പ്!.....

പ്രകാശം പരത്തുന്ന ആ കണ്ണുകൾ!!......

ശാന്തഗംഭീരമായ ആ മുഖം!!!......

[പെട്ടെന്ന് കസേരയിൽ ഇരുന്നുപോയി.

തലയ്ക്കു കൈകൊടുത്തു ചിന്തയിൽ ലീനനായിരിക്കയാണു്.

ചമ്മട്ടിയടിയേല്ക്കപ്പെട്ട ക്രിസ്തുവിനെ ഭടൻ കൊണ്ടുവരുന്നു.

ക്രിസ്തുവിൻെറ ദേഹം മുഴുവൻ ചോരതെറിച്ചു പാടുകൾ വീണിരിക്കുന്നു. വളരെയധികം തളൎന്നിരിക്കുന്നു. തലപൊക്കിപ്പിടിക്കാൻ കഴിയുന്നില്ല.

ജനങ്ങൾ പുറത്തു് ആഹ്ളാദിച്ചട്ടഹസിക്കുന്നു: "കുരിശിൽ തറക്കണം! അവനെ കുരിശിൽ തറക്കണം!!"

കയാഫസും ഹന്നാസും കയറിവരുന്നു. ഹന്നാസ് തിരിഞ്ഞു് ജനങ്ങളെ ആംഗ്യം കാണിക്കുന്നു.]

ജനങ്ങൾ:— ക്രൂശിക്കുക! ഇവനെ കൊണ്ടുപോയി ക്രൂശിക്കുക!!

(പീലാത്തോസ് അബോധാവസ്ഥയിൽനിന്നെന്നപോലെ ഞെട്ടി എഴുന്നേററു.)

ജനങ്ങൾ:— ഇവനെ കൊണ്ടുപോയി ക്രൂശിക്കുക! ക്രൂശിക്കുക!!

പീലാത്തോസ്:— (ക്രിസ്തുവിനെ കണ്ടിട്ടു്) നിങ്ങളിവനെ ന്യായപ്രകാരത്തിലുള്ളതിലധികം അടിച്ചോ? ഹൊ! എന്തു ഭയങ്കരമായിരിക്കുന്നു! (കയാഫസിനേയും ഹന്നാസിനേയും രൂക്ഷമായൊന്നു നോക്കി)

ജനങ്ങൾ:— (ആർത്തുവിളിക്കുന്നു)

പീലാത്തോസ്:—(കൈയുയർത്തി)ഹായ്! (ജനങ്ങൾ നിശ്ശബ്ദരായി)

(ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു്) ഇതാ, ഈ മനുഷ്യനെ കാണുക!

ജനങ്ങൾ:— അവനെ കുരിശിൽ തറക്കുക! കുരിശിൽ തറക്കുക!!

പീലാത്തോസ്:— (ജനങ്ങളുടെ ബഹളത്തിൽ കൊടുങ്കാററിൽനില്ക്കുന്നവനെപ്പോലെ ചൂളിപ്പോകുന്നു) എന്തിനു്! നിങ്ങൾ ആരോപിച്ച എല്ലാ അപരാധങ്ങളും അർഹിക്കുന്നവിധം ഇവൻ ശിക്ഷിക്കപ്പെട്ടിരിക്കുന്നു. ഇനി അവനെ വിട്ടയച്ചുകൂടെ?

ഹന്നാസ്:— (ജനങ്ങൾക്കടയാളം നല്കുന്നു)

ജനങ്ങൾ:— ഇവനെ ക്രൂശിക്കണം. ഇവനെ വിട്ടയക്കുകയാണെങ്കിൽ അങ്ങു സീസറുടെ സ്നേഹിതനല്ല. ഞങ്ങളിതു സീസറിനെ അറിയിക്കാൻപോകയാണു്.

പീലാത്തോസ്:— (ഒന്നു ഞെട്ടി. ചിന്തിച്ചുനിന്നു)

ജനങ്ങൾ:— വേഗം അവൻെറ വിധിനടത്തിത്തരണം. അവനെ കുരിശിൽ തറച്ചുകൊല്ലാൻ വിധിക്കണം!!

പീലാത്തോസ്:— (ഒരു തീരുമാനത്തോടെ; അകത്തേക്കുനോക്കി) ആരവിടെ?

[സേവകൻ പ്രവേശിച്ചു.

പീലാത്തോസ് എന്തോ ആവശ്യപ്പെട്ടു.
സേവകൻപോയി കുറച്ചുകഴിഞ്ഞു് ഒരു ബേസിനിൽ വെള്ളവും ഒരു തുവാലയും കൊണ്ടുവന്നു.]

പീലാത്തോസ്:— (കൈകഴുകിക്കൊണ്ടു്) നീതിമാനായ ഈ മനുഷ്യൻെറ രക്തത്തിൽ എനിക്കു പങ്കില്ല.
(കൈകുടഞ്ഞുകൊണ്ടു്) ഇതിനുത്തരവാദികൾ നിങ്ങളാണു്.

ജനങ്ങൾ:— അതു ഞങ്ങളേററു.

കയാഫസ്:—
ഹന്നാസ്:— } (എഴുന്നേററു്) അവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും നിപതിച്ചുകൊള്ളട്ടെ.

ജനങ്ങൾ:— അതെ. അവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും ആയിക്കൊള്ളട്ടെ (ക്രുവിവിളിച്ചു ബഹളമുണ്ടാക്കുന്നു)
(പീലാത്തോസ് കൈതുടച്ചു സിംഹാസനത്തിൽ വന്നു് ഇരുന്നു. സർവ്വശക്തിയും സംഭരിച്ചു തൂവലെടുത്തു മഷിയിൽ മുക്കി. ഒരു നിമിഷം ആലോചിച്ചിരുന്നു.
അനന്തരം പെട്ടെന്നു വിധിവാചകം എഴുതി ഒപ്പുവെച്ചു)

പീലാത്തോസ്:— (എഴുന്നേററു്, ഭടനോടായി) ഉം.
(എഴുത്തു നീട്ടി)
[ഭടൻവന്നു് ആചാരം ചെയ്തിട്ടു് അതു വാങ്ങിച്ചു.

ഭടൻ വായിച്ചുനോക്കുന്നു. കയാഫസ് അതു് എത്തി വായിച്ചു]

കയാഫസ്:— (ഭടൻെറ പക്കൽനിന്നും കടലാസ് വാങ്ങി പീലാത്തോസിനു നീട്ടിയിട്ട്) ഗവർണ്ണർ, ഇതു ശരിയല്ല: 'യൂദന്മാരുടെരാജാവായ നസ്രായക്കാരൻ ഈശോ'! യൂദന്മാരുടെ രാജാവെന്നു് ഇവൻ• പറഞ്ഞു. അതാണു് ചാർജ്ജ്. അതുകൊണ്ടിതു തിരുത്തി എഴുതണം.

പീലാത്തോസ്:— (അതെഴുതിക്കഴിഞ്ഞപ്പോൾ ഉണ്ടായ വല്ലാത്ത തളർച്ച കാരണം അസ്വസ്ഥനായി ഇരിക്കയാണു്)ഞാൻ എഴുതിയതു് എഴുതി. മാത്രമല്ല, ഈ വിധിവാചകം മൂന്നു ഭാഷകളിലും എഴുതി ഇവൻെറ കുരിശിൻെറ മീതെ സ്ഥാപിക്കണം.

ജനങ്ങൾ:— (പുറത്തു്) കൊണ്ടുവാടാ അവനെ. രാജാവെങ്കിൽ രാജാവു്... കുരിശെവിടെടാ?... വേഗം വേണം. നാളെ ശാബത്താ (ആകെ ഒരു ബഹളം)

(ക്രിസ്തുവിനെ പുറത്തേക്കു കൊണ്ടുപോയി.

ജനങ്ങൾ ക്രുവിയാർത്തുവിളിച്ചുകൊണ്ടിരുന്നു.

കയാഫസും ഹന്നാസും തൃപ്തരായി ഇറങ്ങിപ്പോകുന്നു.

പീലാത്തോസ് സാവധാനം എഴുന്നേററു് നടന്നുപോകുന്ന ക്രിസ്തുവിനെ ഒന്നുകൂടി നോക്കി.

ഉടനെ സിംഹാസനത്തിൽ വീണുപോയി.)

കർട്ടൻ

# രംഗം എട്ട്

കയ്യഫസിന്റെ കൊട്ടാരത്തിന്റെ പൂമുഖം.
സമയം ഉച്ചയോടടുക്കുന്നു.

[രംഗം തുറക്കുമ്പോൾ വെറോനിക്ക, പീലാത്തോസി ന്റെയടുത്തേക്കു പറഞ്ഞയച്ചിട്ടുള്ള സാറയെ പ്രതീക്ഷി ച്ചുകൊണ്ടു പുറത്തേക്കു നോക്കിനില്ക്കുകയാണു്. പീ ലാത്തോസ് ക്രിസ്തുവിനെ എന്തുചെയ്യാൻപോകുന്നു എന്നറിയാനുള്ള തിടുക്കമാണവൾക്കു്. തലേരാത്രിതൊട്ടു തുടങ്ങിയതാണു് അവരുടെ ആ സങ്കടവും കണ്ണുനീരും. കുറേനേരം നോക്കിനിന്നു കാണാതെ വിഷാദത്തോടെ തിരിച്ചകത്തേക്കു പോയി.

അല്പം കഴിഞ്ഞപ്പോൾ യൂദാസവിടെ വന്നു.
പീലാത്തോസ് ക്രിസ്തുവിനെ യൂദന്മാരുടെ ഇഷ്ടത്തിനു വിട്ടുകൊടുത്തെന്നറിഞ്ഞു നിരാശകൊണ്ടു് ഒരു ഭ്രാന്ത നെപ്പോലെയായിട്ടുണ്ടയാൾ.
കെട്ടിഞാന്നു ചാവാനുള്ള കയറും കരുതിയാണു വന്നി രിക്കുന്നതു്. അതിനുമുമ്പായി, തന്നെ പിഴപ്പിച്ച ക യാഫസിനോടു പ്രതികാരം ചെയ്യാനുള്ള തീരുമാന ത്തോടേയും.

കൈയിലൊരു വലിയ ഉരുളൻകല്ലുണ്ട്.
മുഖം പൈശാചികമാംവിധം ഭീകരമായിരിക്കുന്നു.
അലറിക്കൊണ്ടു പ്രവേശിക്കുന്നു]

യൂദാസ്:— എവിടെ അവൻ! ആ ചെന്നായെവിടെ? എടാ കയ്യാപ്പേ, ഇറങ്ങിവാടാ ഇവിടെ. നീ ഒളിച്ചിരിക്കുന്നോ? നിന്നെ ഞാൻ പിടിക്കും. പിടിക്കും ഞാൻ. എടാ കയ്യാപ്പാ—

[ശബ്ദംകേട്ടു വെറോനിക്ക വരുന്നു.
യൂദാസിനെ കണ്ടു ഞെട്ടി പിന്മാറി]

യൂദാസ്:— അവനെവിടെ? എന്നെ കൊലക്കുകൊടുത്ത കൊടുംകാലൻ? എവിടെ അവൻ?

വെറോനിക്ക:— (സർവ്വശക്തിയും സംഭരിച്ച്) ഹേ, മനുഷ്യാ! ഇതെന്താണ്? എന്താണിതു്? ഇതു പ്രധാനാചാര്യൻെറ കൊട്ടാരമാണെന്നറിയില്ലേ?

യൂദാസ്:— (വികൃതച്ചിരി) ഹ. ഹ. ഹ! പ്രധാനാചാര്യൻ! (ഉറക്കെ) അവനെ ഞാൻ പിടിക്കും. ഞാൻ പൊടിക്കും. ഞെരിക്കും ഞാനവനെ. പൊരിക്കും. തകർക്കും. (മുന്നോട്ടാഞ്ഞു്) എവിടെടീ അവൻ?

[വെറോനിക്ക പേടിച്ചല്പം പിന്മാറുന്നു.
ഉള്ളിലെ പേടി പുറത്തുകാട്ടാതെ, ധൈര്യം സംഭരിച്ച്]

വെറോനിക്ക:— (മുന്നോട്ടുവന്ന്) ഹേ, മനുഷ്യാ, നിങ്ങളാരാണ്? ഇവിടെ വന്നിങ്ങനെ അക്രമം കാണിക്കാൻ? (അകത്തു് ആരും ഇല്ലെന്ന് അറിയാമാ

യിരുന്നിട്ടും അകത്തേക്കുനോക്കി ഗൗരവത്തിൽ)
എടാ മാക്കോ, മത്തായി, ഇവിടെ വരിൻ. ഇവ
നെ പറഞ്ഞുവിടാൻ ഒക്കുമോ എന്നു നോക്കട്ടെ.

യൂദാസ്:— എന്നെ പറഞ്ഞുവിടാൻ! ഹ. ഹ. ഹ!
ഞാൻ പോകുകതന്നെയാണു്. പക്ഷേ, അതിനുമു
മ്പു് (ക്രൂരനായി) അതിനുമുമ്പു ഞാനവന്റെ കഥ
കഴിക്കും. എവിടെ അവൻ— (അലറിക്കൊണ്ടു മു
ന്നോട്ടാഞ്ഞു)

വെറോനിക്ക:— ഹേ! മനുഷ്യാ, നിങ്ങളാരാണെന്നാണു
ചോദിക്കുന്നതു്?

യൂദാസ്:— ഞാനോ? ഞാൻ! ഹ. ഹ. ഹ! ഞാൻ.
(ജ്വലിച്ചു്) ഞാൻ പിശാചാണെടീ. പിശാചു്!
ചെകുത്താൻ. നീ അറിയുമോ എന്നെ?
(വെറോനിക്ക പേടിച്ചു് അല്പം മാറുന്നു)
ഞാനറിയിക്കാം. എവിടെ അവൻ?
(ക്രിസ്തുവിനെപ്പററി കയാഫസ് പറഞ്ഞതു് ഓ
ർത്തുകൊണ്ടു്) ജനദ്രോഹിയാണെന്നു്! ബറാബാ
സിനേക്കാൾ വലിയ കള്ളനാണത്രേ.

(കൈയിലിരിക്കുന്ന കല്ലു് ഊക്കോടെ നിലത്തെ
റിഞ്ഞു്) ഞാനാണു ബറാബാസിനെക്കാൾ വലിയ
കള്ളൻ. കാണണോ? നിനക്കു കാണണോ—

[വെറോനിക്കയ്ക്കു കാര്യം മനസ്സിലാവുന്നുണ്ടു്. ക്രിസ്തു
ക്രൂശിക്കപ്പെട്ടതിൽ വേദനിക്കുന്ന ഒരാളാണെന്നേ
മനസ്സിലായുള്ളു. അതിനാൽ ഇവിടെവെച്ചു് അനിഷ്ട

സംഭവങ്ങളൊന്നും ഉണ്ടാവാതിരിക്കാൻ അയാളെ പറഞ്ഞുവിടണം.]

വെറോനിക്ക:— താൻ പോയി ആ യൂദാസിനോടു തീർക്കെടോ തൻെറ ദേഷ്യം. ഗുരുവിനെ കുരുതികൊടുത്തതു് ആ പിശാചാണു്.

[അതു കേട്ടപ്പോൾ യൂദാസിനൊരു വിഷമം. അയാളുടെ മുഖം താനെ താണുപോകുന്നു.

അപ്പോഴേക്കും സാറ സങ്കടപ്പെട്ടുകൊണ്ടുവരുന്നു. യൂദാസിനെ കണ്ടപ്പോൾ ഒന്നു ഞെട്ടങ്ങി. അനന്തരം അയാളെ സൂക്ഷിച്ചുനോക്കി:]

സാറ:— ങേ—? ഇതല്ലേ യൂദാസ്?

[അതുംകൂടി കേട്ടപ്പോൾ യൂദാസ് നൈരാശ്യത്തോടെ ഒരു ഭ്രാന്തനെപ്പോലെ തലമുടി ചുററിപ്പിടിച്ചു പല്ലുകടിച്ചു തിരിഞ്ഞുനിന്നു.

വെറോനിക്ക വെറുപ്പോടെ അയാളെ ഒന്നു നോക്കി]

സാറ:— (യൂദാസിൻെറനേരെ) താനെന്തൊരു സാധനമാണെടോ? ഏഴു പിശാചുക്കളൊന്നിച്ചാവേശിച്ചാലും ഇതുപോലൊന്നു ചെയ്യാൻ ആർക്കു മനസ്സറക്കും? പണപ്പിശാചു്! തനിക്കു മുപ്പതുവെള്ളിക്കിത്ര പഞ്ഞമാണെങ്കിൽ ഞാൻ തന്നേനല്ലോടോ.

(അല്പം കഴിഞ്ഞു്; സങ്കടത്തോടെ) ഇത്ര നല്ലൊരു റബ്ബിയെ...

[അകലെനിന്നു ക്രിസ്തുവിനെ കാൽവരിയിലേക്കു കൊണ്ടുപോകുന്ന ജനക്കൂട്ടത്തിൻെറ ആരവം കേട്ടുതുട

ങ്ങുന്നു. യൂദാസ് ശ്രദ്ധിക്കുന്നു. പകച്ചുനോക്കുന്നു]

സാറ:— (അതു ശ്രദ്ധിച്ച്, സങ്കടത്തോടെ) അയ്യോ! കൊച്ചമ്മേ, അവരദ്ദേഹത്തെ ക്രൂശിക്കാൻ കൊണ്ടുപോകയാണ്. ആ പീലാത്തോസും—

[സ്വരം കൂടുതൽ അടുത്തുവരുന്നു]

സാറ:—(യൂദാസിനെ നോക്കി, വെറുപ്പോടെ) കേൾക്കെടോ അതു്. നല്ലോണം കേൾക്കു്.

[യൂദാസ് ചെവിപൊത്തുന്നു. അയാളാകെ ചൂളിപ്പോകുന്നു]

(തൊണ്ടതിങ്ങി) നോക്കെടോ ആ കുരിശും ചുമന്നു വരുന്നതാരാണെന്നു നോക്കു്. ഉം. നോക്കു്.

[വെറോനിക്ക ഒരരികിലേക്കു നീങ്ങി പുറത്തേക്കു് എത്തിനോക്കുന്നു.]

(ദ്വേഷ്യത്തിൽ) തനിക്കുപോയി ചത്തുടെടോ, കെട്ടിഞാന്നു്! (അവളും വെറോനിക്കയുടെ അടുത്തു ചെന്നു പുറത്തേക്കുനോക്കിനില്ക്കുന്നു)

[യൂദാസ് കുറച്ചുനേരം അങ്ങോട്ടു നോക്കിനില്ക്കുന്നു. ആരവം അടുത്തടുത്തുവരുന്നു.

യൂദാസിൻെറ മുഖം ഭീകരമാകുന്നു. ഒരു നിമിഷനേരം പകച്ചുനിന്നു.

അനന്തരം രണ്ടുകൈകൊണ്ടും തലമുടി പിടിച്ചുപറിച്ചുകൊണ്ടു് 'ഹൊ!' എന്നൊരു വികൃതസ്വരം പുറപ്പെടുവിച്ചു പെട്ടെന്നു തിരിഞ്ഞുനിന്നു]

യൂദാസ്:— (പുറത്തേക്കു നോക്കിക്കൊണ്ടു്) ഞാൻ നശി

ച്ചു. ഞാൻ ചാവും... ഞാൻ ചാ...വുംംം! (ഓടി മറഞ്ഞു)

[യൂദാസ് പോകുന്നതു വെറോനിക്കയും സാറയും ഒന്നു നോക്കി. ഉടനെ അവരുടെ ദൃഷ്ടികൾ പഴയപടി പുറത്തേക്കുതന്നെ തിരിയുന്നു.

യൂദന്മാരുടെ ആഹ്ളാദാട്ടഹാസങ്ങളും ഭടന്മാരുടെ ശബ്ദങ്ങളും തിരിച്ചു കേൾക്കാറാവുന്നു.

വെറോനിക്കയും സാറയും കൂടുതൽ ശ്രദ്ധിച്ചുനില്ക്കുന്നു.]

സാറ:— (സങ്കടത്തോടെ) അയ്യോ! കൊച്ചമ്മേ, അദ്ദേഹത്തെ അവരതാ വലിച്ചിഴക്കയാണല്ലോ.

[പുറത്ത്:

ഒരാൾ:— വഴിയിൽനിന്നു മാറിനില്ലെടോ.

ഭടൻ:— ഉം. നടക്കവേഗം... ച്ശ്രു! നില്ക്കുന്നോ! (ഒരടിയുടെ ശബ്ദം) നടക്കാനാ പറഞ്ഞത്. ദേ, മുമ്പോട്ട്... (ഒരടിക്രൂടി)

അങ്ങനെ മുമ്പോട്ട്. (ഒരടിക്രൂടിപൊട്ടുന്നു) അങ്ങനെ മുമ്പോട്ടു നടക്ക്...അ. അറിയാം...]

സാറ:— (അതു കണ്ടുകൊണ്ട്) ഹയ്യോ! അവരതാ അടിക്കുന്നു! ഇവററങ്ങൾക്കു ദയയില്ലേ? കണ്ണിച്ചോരയില്ലേ? ഒരു കഴുതേപ്പോലും ഇങ്ങനെ കാട്ടില്ലല്ലോ... (കരഞ്ഞുകൊണ്ട് തിരിഞ്ഞുനിന്ന്) അയ്യോ. എനിക്കിതുകാണാൻ വയ്യ. (മുഖംപൊത്തി കരയുകയാണ്)

[വെറോനിക്ക വേദന കടിച്ചിറക്കിക്കൊണ്ട് അങ്ങോട്ടു തന്നെ നോക്കിനില്ക്കുന്നു. കണ്ണു നിറഞ്ഞൊഴുകുന്നു. സാറ പെട്ടെന്ന് പുറത്തോട്ടു നോക്കുന്നു.

വെറോനിക്കയും സാറയും അതുകണ്ട് ഒപ്പം "ഹയ്യോ!" എന്നു പറഞ്ഞുപോകുന്നു. കണ്ണീർ തുടക്കാൻ മിനക്കെടാതെ അവർ നോക്കിനില്ക്കയാണു്]

[പുറത്തു്:

ജനങ്ങൾ:— ഹൊയ്! മറിഞ്ഞല്ലോ മല!...

വേറൊരാൾ:— അവനിതാ വീണു. പൂയ്!...

വേറൊരുവൻ:— ഇനി എണീക്കാൻ ഇത്തിരി പാടാ...

ഭടൻ:— (ചാട്ടകൊണ്ടുള്ള അടിയുടെ ശബ്ദം) ഛരി! എണീക്കെടാ. (വീണ്ടും അടിയുടെ ശബ്ദം)

ഒരാൾ:— കള്ളത്തരം! കൊടുക്കെടാ അവന്റെ കരണത്തു് രണ്ടു്!

വേറൊരാൾ:— ഒന്നെടുത്തെണീപ്പിക്കയാ നല്ലതു്.

വേറൊരുവൻ:— അതെ. അല്ലെങ്കിൽ ഇവിടെവെച്ചുതന്നെ തീരും പണി.

എല്ലാവരും ചേന്നു്:— ഉം....

കേറട്ടെ വണ്ടി കേറട്ടെ...

കേറിപ്പോട്ടെ കേറിപ്പോട്ടെ!

ഒരാൾ:—(അല്പംകഴിഞ്ഞു്) ഉം. ഇനി. അങ്ങട്ടു് നടക്കു്ാ]

[വെറോനിക്ക ഒരു നീണ്ട നിശ്വാസത്തോടെ കണ്ണുകൾ അവിടെനിന്നും പിൻവലിച്ചു.

സാറ അപ്പോഴും അവിടേക്കുതന്നെ നോക്കിനില്ക്കയാണു്]

വെറോനിക്ക:— (കണ്ണൊന്നിറുക്കിയടച്ചു്) പാവങ്ങളെ തേടിനടന്ന ആ പാദങ്ങൾ ഇപ്പോൾ പതറുകയാ

യാണു്. പാപികളെ ആശ്ലേഷിച്ച ആ കരങ്ങൾക്കു്... (തൊണ്ട ഇടറുന്നു) കൊലമരത്തെ താങ്ങേണ്ടിവന്നല്ലോ... ദൈവമേ.....

(വെറുപ്പോടെ) ജറുസലമേ!... യഹൂദന്മാരേ!... നിങ്ങളുടെ ഈ ഗതികേടു് എന്നുതീരും?

[വെറോനിക്ക വീണ്ടും പുറത്തേക്കു നോക്കിക്കൊണ്ടു നില്ക്കുന്നു]

സാറ:— (പുറത്തേക്കുതന്നെ നോക്കിക്കൊണ്ടു്) കൊച്ചമ്മേ, അതാ അദ്ദേഹത്തിൻെറ അമ്മയല്ലേ അതു്? (സംശയം തീൎത്തു്) അതെ. ആ മഗ്ദലേനയും ഉണ്ടു്. (സഹതാപത്തോടെ) അയ്യോ! ആ അമ്മ...

(വെറോനിക്കയുടെനേരെതിരിഞ്ഞു്) കൊച്ചമ്മേ, നമുക്കുപോയി ആ അമ്മയെ ഇങ്ങോട്ടു കൊണ്ടുവരാം.

വെറോനിക്ക:— (അതു ശ്രദ്ധിക്കുന്നില്ല; ക്രിസ്തുവിനെത്തന്നെ നോക്കിനില്ക്കുയാണു്) ആ മുഖം എത്ര വിരൂപമായിരിക്കുന്നു. ദിവ്യതേജസ്സിനാലെന്നവണ്ണം പ്രഭാപൂൎണ്ണമായിരുന്ന—

(പെട്ടെന്നൊരാശയം മനസ്സിലുദിച്ചു്; ഒരു തൂവാലയെടുത്തു്) വാ സാറ. (പുറത്തേക്കു വേഗത്തിൽ പോകുന്നു)

[പുറത്തു്:

ഒരാൾ:— മാറിനില്ക്കിൻ പെണ്ണുങ്ങളേ. ഓ... കരയാൻ വന്നിരിക്കുന്നു!

വേറൊരാൾ:— ഇതു നേരം ഇരുട്ടാവുന്ന മട്ടാണല്ലോ.. ഒന്നുവേഗം നടത്തു ചങ്ങാതി.

ഭടൻ:— ഉം. നടക്കു് വേഗം.

വേറൊരുവൻ:— ഇവൻെറാരാട്ടം കണ്ടില്ലേ?

ഒരാൾ:— (വെറോനിക്കയും സാറായും ചെല്ലുന്നതു കണ്ടിട്ടു്) ദാ. വരുന്നു, ഇനീം... തുടയ്ക്കാൻ വന്നിരിക്കുന്നു! ഇനി മുത്താണോ ആവോ.]

[ആ ഘോഷയാത്രയുടെ ശബ്ദകോലാഹലങ്ങൾ മെല്ലെ മെല്ലെ അകന്നകന്നുപോകുന്നു.

കുറച്ചുകഴിഞ്ഞു് സാറയും വെറോനിക്കയും മറിയത്തെ കൂട്ടി വരുന്നു.

മറിയം ആകെ തളർന്നിരിക്കുന്നു. ചിറികോട്ടിയും മററും കരച്ചിൽ വിഷമിച്ചു നിയന്ത്രിക്കയാണു്. നടക്കുന്നതിന്നു് സാറ അവരെ താങ്ങിപ്പിടിച്ചിട്ടുണ്ടു്.

മേരിയും ജോണും കൂടെയുണ്ടു്.

മേരി ആകെ കരഞ്ഞു കലങ്ങിയിരിക്കുന്നു. അവളിപ്പോഴും കരയുകയാണു്.

കുറച്ചുനേരത്തേക്കു് ആരും ഒന്നും പറയുന്നില്ല. ആരാണു്, എന്താണു പറയേണ്ടതെന്നു് ആർക്കും പിടിയില്ല. എല്ലാ കണ്ണുകളും നിറഞ്ഞൊഴുകുന്നു.

അല്പം കഴിഞ്ഞു്:]

സാറ:— (മറിയത്തോടു്) അമ്മേ! അമ്മയിന്നങ്ങോട്ടു പോകേണ്ട. തളന്നു വഴിയിൽ വീഴും.

(അങ്ങിനെ ആയിക്കൂടെ എന്ന അർത്ഥത്തിൽ വെറോനിക്കയെ നോക്കിയിട്ടു്) കൊച്ചമ്മേ—

[ആ അമ്മയെ എന്നെന്നും അവിടെ താമസിപ്പിക്കാൻ തനിക്കാഗ്രഹമുണ്ടെങ്കിലും അങ്ങിനെ ചെയ്യാലുണ്ടാകുന്ന ഭവിഷ്യത്തുകളോർത്തു വെറോനിക്ക വിങ്ങിപ്പൊട്ടുന്നു]

മറിയം:— വേണ്ട. വേണ്ട മകളേ. എനിക്കു പോകണം. എനിക്കവിടെ എത്തണം...കാൽവരിയിലെനിക്കും എത്തണം. ഞാനുംകൂടി വേണം ആ ബലി പൂർത്തിയാക്കാൻ... മേരീ വരൂ. (സാറയോടും വെറോനിക്കയോടും) ഞാൻ പോകയാണു മക്കളേ. ജോൺ, നടക്കൂ—

[മറിയവും മേരിയും ജോണും സാവധാനത്തിൽ നടന്നു മറയുന്നു. വെറോനിക്കയും സാറയും നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ അതു നോക്കിനില്ക്കുന്നു]

വെറോനിക്ക:— (അവർ ദൃഷ്ടിയിൽനിന്നു മറഞ്ഞപ്പോൾ; വലിയ മനോവിഷമത്തോടെ)സാ...റാ—

സാറ:— (അതെ വിഷമത്തോടെ) കൊച്ചമ്മേ—

[വെറോനിക്ക കണ്ണൊന്നിറുക്കിയടച്ചു. വീഴാൻകാത്തിരുന്ന കണ്ണീർക്കണങ്ങൾ പറിഞ്ഞുവീണു.
ക്രിസ്തുവിൻെറ മുഖം തുടച്ച തുവാല ഇതുവരേയും ചുരുട്ടിപ്പിടിച്ചിരിക്കയായിരുന്നു.
ഭക്തിനിർഭരമായി അതിനെ ഒന്നു ചുംബിച്ചിട്ടു സാവധാനം നിവർത്തുന്നു]

സാറ:— (തുവാലയിൽ അത്ഭുതകരമായി പതിഞ്ഞിരിക്കുന്ന ക്രിസ്തുവിൻെറ മുഖഛായ കണ്ടിട്ട്; അതിലേക്കു ചൂണ്ടി)
കൊച്ചമ്മേ! (വിസ്മയംപൂണ്ടു നില്ക്കുന്നു)

വെറോനിക്ക:— (തൂവാലയിൽ നോക്കി; അത്ഭുതവും ഭക്തിയും സ്നേഹവും തിങ്ങിയ സ്വരത്തിൽ) നാഥാ!...

സാറ:— ഇതെന്തത്ഭുതം!

വെറോനിക്ക:— (നിവർത്തിപ്പിടിച്ചിരിക്കുന്ന തൂവാലയിൽ നിർന്നിമേഷയായി നോക്കിനില്ക്കയാണു്. വിവിധവികാരങ്ങൾ അവരുടെ മുഖത്തു മിന്നിമറയുന്നു. അതിൽനിന്നു കണ്ണെടുക്കാതെ സാവധാനം മുട്ടുകുത്തി) എന്റെ നാഥാ......

(തൂവാല മാറോടണച്ചുപിടിക്കുന്നു)

കർട്ടൻ

## രംഗം ഒൻപതു്

കയാഫസിൻെറ അരമനയിലെ മുമ്പുകണ്ട ഹാൾ. ഹാളിൻെറ ഒരുഭാഗംമാത്രമാണു കാണുന്നതു്. അതിനാൽ ഫർണീച്ചർ എല്ലാം രംഗത്തിൻെറ ഒരരികിലാണു്.

**[രംഗം തുറക്കുമ്പോൾ വെറോനിക്ക ക്രിസ്തുവിൻെറ മുഖച്ഛായ മുദ്രിതമായ തുവാല മേശമേൽ തൂക്കിയിട്ടു് അതിനുമുമ്പിൽ ഭക്തിയോടെ കൈകൂപ്പി മുട്ടുകുത്തി നില്ക്കുന്നു. അവളുടെ ഉള്ളിൽ നിറഞ്ഞുനില്ക്കുന്ന അനന്ദവും അത്ഭുതവും വെളിപ്പെടുത്തുന്ന ഒരു ഗാനമാലപിച്ചു. പാട്ടിനുശേഷം പരിസരം മറന്നങ്ങനെ നോക്കിനില്ക്കുകയാണവർ. അല്പം കഴിഞ്ഞു് സാറാ ധൃതിയിൽ പ്രവേശിച്ചു]**

സാറാ:— (മനോവേദനയോടെ; പുറത്തേക്കു ചൂണ്ടിയിട്ടു്) അതാ നോക്കൂ. അങ്ങോട്ടിറങ്ങിനിന്നാൽ കാണാം....അപ്പുറത്തും ഇപ്പുറത്തും ഓരോരുത്തരെ കൂടി തൂക്കിയിട്ടുണ്ടു്...നോക്കണേ! എന്തൊരുനല്ല റബ്ബിയായിരുന്നു!... അവസാനം......

(വെറോനിക്കയുടെ അടുത്തെത്തി) കൊച്ചമ്മേ, ന മുക്കൊന്നുപോയി നോക്കാം. (തോളിൽ പിടിച്ചു കുലുക്കി) കൊച്ചമ്മേ—

വെറോനിക്ക:— (ബോധംവന്നവളെപ്പോലെ) ങ്ഹ! എന്താ സാറാ? (തൂവാലയിലേക്കു ചൂണ്ടി) നീ ഇതു കണ്ടോ! (സാറയും മുട്ടുകുത്തി) അതേ മുഖം. ആ തേജസ്സിനൊരു മങ്ങലുംകൂടാതെ... ആ കണ്ണുകൾ എന്നെത്തന്നെ നോക്കുന്നു! എന്നെത്ത ന്നെ... അങ്ങോട്ടു നോക്കുന്ന ഓരോരുത്തരേയും. (കുറച്ചുനേരംകഴിഞ്ഞു തൂവാല എടുത്ത് എഴുന്നേ റ്റു്) സാറാ, ഇതു നമുക്കിവിടെ അലങ്കരിച്ചുവെ ക്കണം.

സാറ:— (അത്ഭുതം) അയ്യോ! ഇവിടെയോ? നല്ല ശേ ലായി. നമ്മളിപ്പണിക്കുപോയതുതന്നെ അങ്ങേത്ത റിഞ്ഞാൽ?......

വെറോനിക്ക:— (ധൈര്യത്തോടെ) ഇല്ല സാറ. ഇനി അ ങ്ങനെ ആർക്കും തടഞ്ഞുനിർത്താൻ സാധ്യമല്ല. ആ ആകർഷണശക്തി അത്രക്കധികം മുറുകിക്ക ഴിഞ്ഞു.......

സാറ, അദ്ദേഹംതന്നെയാണ് വരാനിരുന്ന ക്രി സ്തു. ഞാനതു വിശ്വസിക്കുന്നു. (തൂവാല മാറോടണ ച്ചുപിടിച്ചു)

സാറ:— (സങ്കടത്തോടെ) ഇനി പറഞ്ഞിട്ടെന്താ ഫലം? (പുറത്തേക്കു ചൂണ്ടി) അതാ നോക്കൂ. ആ കുരി

ശിൽകിടന്നു പിടക്കുന്നു!

വെറോനിക്ക:— പിടച്ചുകൊള്ളട്ടെ. പിടച്ചുകൊള്ളട്ടെ സാറ! ആ പിടപ്പു ലോകത്തെ മുഴുവൻ ഇളക്കാനുള്ളതാണു സാറ. ആ പിടപ്പിലും മരണത്തിലും ഞാനിനി പേടിക്കുകയില്ല. കുറെമുമ്പുവരെ എന്റെ ഹൃദയവും പേടികൊണ്ടു പിടച്ചിരുന്നു. എന്നാൽ, ഇപ്പോഴും എന്റെ ഹൃദയം പിടക്കുന്നതു് അതുകൊണ്ടല്ല സാറാ. അതുകൊണ്ടല്ല.

(തുവാലയിലേക്കു ചൂണ്ടി) നോക്കൂ, ഇതു സാധിച്ചവൻ തീർച്ചയായും കഴിവുകേടുകൊണ്ടല്ല ഇങ്ങനെ പീഡിപ്പിക്കപ്പെടുന്നതു്. അല്ല സാറാ!

(അല്പനേരം നിശ്ശബ്ദത)

സാറ:— ഞാനൊന്നു പോയി നോക്കട്ടെ. (പോകുന്നു)

വെറോനിക്ക:— (സ്വയം) ഇതു ഞാൻ എന്റെ മുറിയിൽ സ്ഥാപിക്കും......നാഥാ! ഇത്രയും വലിയ ഒരനുഗ്രഹത്തിനു ഞാനെന്തുനന്മയാണു് ചെയ്തതു്!

(അകത്തോട്ടുപോകാൻ തിരിഞ്ഞു)

കയാഫസ്:— (പ്രവേശിച്ചു്) വെറോനീ—

(വെറോനിക്ക തിരിഞ്ഞുനിന്നു. ആ വിളിയിൽ അവൾക്കു വലിയ വെറുപ്പുതോന്നി തുവാല മടക്കിപ്പിടിച്ചു)

കുടിക്കാൻ—

(വെറോനിക്ക വെറുപ്പു കടിച്ചമർത്തി നില്ക്കുകയാണു്)

കയാഫസ്:— (വന്നിരുന്നിട്ടു്) പോയി കുടിക്കാൻ വ

ല്ലതും കൊണ്ടുവരൂ. വല്ലാത്ത ദാഹം! (വീശുന്നു)

വെറോനിക്ക:— (അവളുടെ ഉള്ളിലുള്ള വെറുപ്പെല്ലാം കൂട്ടിച്ചേർത്ത്) നിങ്ങൾക്കു ദാഹമുണ്ടല്ലേ! (അത്രയേ പറഞ്ഞുള്ളു. അകത്തുപോയി വീഞ്ഞുകൊണ്ടുവന്നു കൊടുത്തു. അല്പം മാറിനിന്ന്) നിങ്ങൾക്ക് ദാഹിക്കുന്നുണ്ട്! മററുള്ളവൻെറ ദാഹംമാത്രം അറിഞ്ഞുകൂടാ.

കയാഫസ്:— (കുടിച്ച്) എന്താ പറഞ്ഞേ—

വെറോനിക്ക:—(വിങ്ങലോടുകൂടി) ഒന്നും പറഞ്ഞില്ല... ഒന്നും പറയേണ്ട!

കയാഫസ്:— (നിവന്നിരുന്നു ചിരിതുടച്ച്) ആ ശല്യം അങ്ങനെ തീൻു. (നിറഞ്ഞ സംതൃപ്തിയോടെ) എടീ, നീ കേട്ടില്ലേ, ആ നസ്രായക്കാരൻെറ കഥ? ഇനി ഒന്നു സുഖമായിക്കിടക്കാം.

വെറോനിക്ക:— (വെറുപ്പോടെ) കട്ടിലിൻെറടിയിൽ തീയിട്ടിട്ട്!

കയാഫസ്:— (അതു ശ്രദ്ധിക്കാതെ) അവൻ മററുള്ളവരെയൊക്കെ രക്ഷിച്ചു. ഇപ്പോഴെവിടെ അവൻെറ രക്ഷിക്കൽ? ഹ. ഹ.ഹ!... ലോകത്തിൻെറ മുഴുവൻ പാപം ചുമക്കുന്ന കുഞ്ഞാടല്ലേ! മൂന്നു ദിവസംകൊണ്ടു പള്ളിപണിയാൻപോകുന്നവൻ! ഹ. ഹ. ഹ!.....

കുറച്ചുകൂടി ഒഴിക്ക് (പാനപാത്രം നീട്ടിക്കാട്ടുന്നു)

വെറോനിക്ക:— (അവിടെത്തന്നെനിന്ന് പഴയപടി)

മിടുക്കായി! കുഞ്ഞാടിനെപ്പോലെ ക്ഷമയുള്ള ഒരു വനെ രാത്രിയിൽ ഒളിച്ചുപിടിച്ചു് കള്ളക്കററം ചു മത്തി കുരിശിൽ തറച്ചുകൊന്നു!

കയാഫസ്:— ങേ്ഏ!

വെറോനിക്ക:— (അതേനിലയിൽ) ഒരു പ്രധാനാചാര്യ ൻെറ ധീരകൃത്യം!

കയാഫസ്:— (പരിഹാസം ഇഷ്ടപ്പെട്ടില്ല; നിവന്നി രുന്നു്) വെറോനിക്കാ!

വെറോനിക്ക:— (ധൈര്യപൂർവ്വം) സത്യംപറഞ്ഞതുകൊ ണ്ടു ദൈവദൂഷകനായി. ഉപകാരംചെയ്തതുകൊണ്ടു് ജനദ്രോഹി! നന്മ പഠിപ്പിച്ചതുകൊണ്ടു വിപ്ലവകാ രിയും. അല്ലേ?

കയാഫസ്:— (അവളെ തറച്ചുനോക്കി) എടീ—

വെറോനിക്ക:— തെററു തെററെന്നു പറഞ്ഞതുകൊണ്ടു ധിക്കാരി! അതുകൊണ്ടവനെ വധിച്ചുകളയുക!

കയാഫസ്:— (എഴുന്നേററു് ഉറക്കെ) എടീ വെറോ നിക്കാ—

വെറോനിക്ക:— അല്ലെങ്കിൽ പറയണം, അദ്ദേഹം ചെ യ്ത കുററമെന്തെന്നു്.

കയാഫസ്:—(ദേഷ്യംകൊണ്ടു ജ്വലിച്ചുനില്ക്കയാണു്)

വെറോനിക്ക:— നിങ്ങൾ ഏററുവാങ്ങിയ ആ രക്തത്തി നു് എന്തു നീതീകരണമാണു നല്കാൻ കഴിയുക?

കയാഫസ്:— (ഒരടി മുന്നോട്ടുവച്ചു്) വെറോനിക്കാ!—

വെറോനിക്ക:— (ക്രൂസൽക്രൂടാതെ) യോഹന്നാനെ കൊല്ലിച്ച ഹേറോദോസിൻെറ പിൻമുറ!

കയാഫസ്:— (ഓടിച്ചെന്നു് വെറോനിക്കയുടെ കവിളത്തു് ഒരടിവെച്ചുകൊടുത്തു.)

വെറോനിക്ക:— (അല്പനേരം ആലോചിച്ചുനിന്നു. കണ്ണുകളിൽ വെള്ളം നിറഞ്ഞു; ശബ്ദം ഇടറി. പുറത്തേക്കു ചൂണ്ടി) അതാ അങ്ങോട്ടു നോക്കൂ. ഒരു പുത്തൻയുഗത്തിൻെറ തിരുപ്പിറവിയാണവിടെ നടക്കുന്നതു്. ആ പുണ്യയുഗത്തിൽ ഇത്തരം പ്രധാനാചാര്യന്മാൎക്കു സ്ഥാനമുണ്ടാവുകയില്ല.

കയാഫസ്:— (അതിരൂക്ഷമായി നോക്കിയിട്ടു്) മിണ്ടിപ്പോകരുതു്.

വെറോനിക്ക:— (ഇടറിക്കൊണ്ടു്) ഒന്നും പറയുന്നില്ല. പറഞ്ഞിട്ടുകൊണ്ടിനി ഫലവുമില്ല. പക്ഷേ,... ഇനിയെങ്കിലും ആ തെററു തിരുത്തിയെങ്കിൽ!... (കണ്ണു തുടച്ചുപോകാൻ തിരിഞ്ഞു)

കയാഫസ്:— (അല്പനേരം അവളെ രൂക്ഷമായി നോക്കിനിന്നിട്ടു്; എന്തോ ഓൎത്തു്) എടീ വെറോനീ! ഞാനിപ്പോഴാണതോൎത്തതു്. എടീ വെറോനിക്കാ—

(വെറോനിക്ക തിരിച്ചുവന്നു)

നീ ഇന്നു പുറത്തുപോയോ?

വെറോനിക്ക:— എവിടേക്കു്?

കയാഫസ്:— അവനെ ക്രൂശിക്കാൻ കൊണ്ടുപോകു

ന്നതു കാണാൻ പോയോന്നു്?

വെറോനിക്ക:— ഉവ്വ്.

കയാഫസ്:— എന്തിനു്?

വെറോനിക്ക:— കാണാൻതന്നെ.

കയാഫസ്:— കാണാൻ! എന്തുകാണാൻ?

വെറോനിക്ക:— (പുച്ഛത്തോടെ) എൻെറ ഭത്താവിൻെറ ധീരപരാക്രമങ്ങളുടെ ആ വീരവിജയം!

കയാഫസ്:— എന്നിട്ടു്?

വെറോനിക്ക:— കണ്ടു. എനിക്കു മതിയാവുകയും ചെയ്തു.

കയാഫസ്:— (കൂടുതൽ ഉച്ചത്തിൽ) എന്നിട്ടു് നീ അവിടെ എന്തു ചെയ്തെടീ?

വെറോനിക്ക:— ഞാനെന്തുചെയ്യാനാണു്?

കയാഫസ്:— എടീ, എന്നെ കരുതിക്കൂട്ടി കരിതേച്ചു കാണിക്കാൻ— നീ ചെയ്തതെന്തൊന്നേടീ?

വെറോനിക്ക:— (ധൈര്യത്തോടെ) നിങ്ങളുടെ പിണിയാളുകൾ ചെയ്തിരുന്നതുപോലെ അസഭ്യങ്ങൾ പറഞ്ഞില്ല. കൂവിവിളിച്ചില്ല.

കയാഫസ്:— (ജ്വലിച്ചു്) ങേ്ഏ?

വെറോനിക്ക:— (കൂസലില്ലാതെ) ആ മൃഗീയതകണ്ടു് രസിച്ചില്ല. ചിരിച്ചില്ല. എനിക്കതിനു സാധിച്ചില്ല. (ഇടറിക്കൊണ്ടു്)കണ്ണുനിറഞ്ഞതു തടയാനും കഴിഞ്ഞില്ല.

കയാഫസ്:— (പല്ലുകടിച്ചുകൊണ്ടു്) എന്നു തുടങ്ങി

യെടീ നിൻെറ കണ്ണിലെ ഈ വെള്ളപ്പൊക്കം? ങേ്ഏ? അവൻ നിൻെറയാരാണെടീ. അവനെപ്പററി നിനക്കെന്താണിത്ര?

വെറോനിക്ക:— (മുഖംതിരിച്ചു നില്ക്കുകയാണ്)

കയാഫസ്:— (ഉച്ചത്തിൽ) എടീ എന്താണെന്നു്?

വെറോനിക്ക:— (കടപ്പിച്ചു്) എൻെറ ഹൃദയം അത്രക്കു കട്ടിപിടിച്ചിട്ടില്ല. (പുറംതിരിഞ്ഞുനിന്നു; വെറുപ്പോടെ ഒന്നു നോക്കി)

കയാഫസ്:— (ദേഷ്യത്തിൻെറ അങ്ങേ അററം) എന്തു്? എടീ കുലദ്രോഹീ, എൻെറ പ്രധാനാചാര്യത്വത്തിനുതന്നെ കളങ്കം ചാർത്താനായി ആ ദ്രോഹിയുടെ മുഖം തുടച്ചില്ലേടീ നീ?

വെറോനിക്ക:— (നിർഭയം) ആ മുഖത്തെ ചെളിപോലെ, പാവനമായ അങ്ങയുടെ പ്രാധാനാചാര്യത്വത്തിൻെറ മുഖത്തുനിന്നും ആ തുടക്കൽകൊണ്ടു് അല്പം കളങ്കം നീങ്ങിയെങ്കിൽ?...

കയാഫസ്:— മാനംവിററ ദ്രോഹി! എന്നിട്ടെന്തു കിട്ടിയെടീ നിനക്കു്?

വെറോനിക്ക:— എനിക്കു കിട്ടേണ്ടതിലധികം കിട്ടി. നിങ്ങൾക്കതു കാണണമോ? നിങ്ങൾക്കതു കാണാൻ സാധ്യമല്ല. നിങ്ങൾക്കതു നോക്കാൻ ധൈര്യമുണ്ടാവില്ല. നിങ്ങളുടെ കണ്ണുകൾക്കത്ര ശക്തിയുണ്ടോ? നിങ്ങൾ വിറച്ചുവീഴും. ആ നോട്ടം നിങ്ങളുടെ ഉള്ളിൻെറ ഉള്ളിൽ തറക്കും. അതു

നിങ്ങളുടെ സപ്തനാഡികളെ തകൎക്കും. കാണണ മോ? കാണണമോ? വേണ്ട. മുത്തുകളെ ചെന്നായ്ക്കളുടെ മുമ്പിൽ എറിഞ്ഞുകൊടുക്കരുതു്. (തിരിഞ്ഞുപോകാൻ ഭാവിക്കുന്നു)

കയാഫസ്:— (അടുത്തുചെന്നു്) എന്താണതു്?

വെറോനിക്ക:— ഇല്ല. കാണിക്കുകയില്ല. (പുറകോട്ടു മാറി) ഞാൻ തരികയില്ല. ആ മുഖം നോക്കാൻ പോലും നിങ്ങൾക്കർഹതയില്ല.

കയാഫസ്:— (കൂടുതൽ അടുത്തു്; ആജ്ഞാപിക്കുംവിധം) വെറോനിക്കാ? ഉം!

[വെറോനിക്ക തൂവാല മുറുക്കിപ്പിടിച്ചുകൊണ്ടു് കുറച്ചു നേരം ആലോചിച്ചുനിന്നു. കയാഫസ് ജ്വലിച്ചുകയറുകയാണു്]

വെറോനിക്ക:— ധൈര്യമുണ്ടോ? നല്ല ധൈര്യമുണ്ടോ? എങ്കിൽ ഇതാ നോക്കൂ!

(വെറോനിക്ക തൂവാല നിവൎത്തിക്കാണിക്കുന്നു. കയാഫസ് തൂവാലയിലെ ക്രിസ്തുവിന്റെ മുഖച്ഛായ കണ്ടു് പെട്ടെന്നു് ഒന്നു ഞെട്ടി പിന്മാറി. ഒരിടിവെട്ടി. അവിടമാകെ ഇരുട്ടുമൂടി. ഇടിയും മിന്നലും...പുറത്തു ബഹളം...)

കയാഫസ്:— (വെപ്രാളത്തോടെ) അയ്യോ! ഇടി! അന്ധകാരം! ഇവിടമാകെ വിറക്കുന്നു!... ഞാനിപ്പോൾ വീഴും... (ആകെ ഒന്നു വിരണ്ടോടി അവസാനം കസേരയിൽ ചെന്നു വീഴുന്നു)

[ഇടിയും മിന്നലും ബഹളവും തുടരുന്നു.

ഇടക്കർട്ടൻ രണ്ടുവശത്തോട്ടും നീങ്ങി. കാൽവരി ദൃശ്യമാകുന്നു.

മൂന്നു കുരിശുകൾ. നടുവിലുള്ള കുരിശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിൻെറ മുഖത്തുനിന്നാരംഭിച്ച ഒരു പ്രകാശനാളം പരന്നുപരന്ന് രംഗത്ത് മുഴുവൻ വെളിച്ചം വീശുന്നു.

ഇടിയും മിന്നലും കാരണം ജനങ്ങൾ പേടിച്ച് നിലവിളിച്ചുംകൊണ്ട് നാലുപാടും ഓടിമറയുന്നു.

മറിയം, മേരി, ജോൺ എന്നിവർ കുരിശിനെ സമീപിക്കുന്നു.

അടുത്തുനില്ക്കുന്ന ഒരു ഭടൻ, "ഇവൻ സത്യത്തിൽ നീതിമാൻതന്നെ" എന്നുദ്ഘോഷിക്കുന്നു.

ലൈററണഞ്ഞു. ഇടക്കർട്ടൻവന്നുമൂടി. എല്ലാം അരമിനിററിനുള്ളിൽ]

(രംഗത്തു വെളിച്ചം പരന്നു. ഇടിയും മിന്നലും നിലച്ചു. കയാഫസ് സാവധാനം എഴുന്നേല്ക്കുന്നു)

കയാഫസ്:— (കിതച്ചുകൊണ്ട്) ഇതെന്തൊക്കെയാണ്! ഇവിടമാകെ കിടന്നാടുന്നപോലെ! കാററത്തു പറക്കുന്നപോലെ!... ഇരുട്ട്?...

വെറോനിക്ക:— (പ്രവേശിച്ച്) ഇരുട്ട്! അത്ഭുതപ്പെടുകയാണോ?

ഇനി ഇരുട്ടാണ്. പ്രകാശത്തിൻെറ നാഥനെ നിങ്ങൾ കൊന്നില്ലേ? എന്തിനു പേടിക്കുന്നു? ഇരുട്ടി

നവേണ്ടിയല്ലേ പ്രകാശത്തിൻെറ ഉറവിടത്തെത്തന്നെ കെട്ടത്തിക്കളഞ്ഞതു്?

ഒരാൾ:— (ഓടിവന്നു്) മഹാഗുരോ, ദേവാലയത്തിലെ തിരശ്ശീല അതാ രണ്ടായി കീറിക്കിടക്കുന്നു! അടിതൊട്ട മുകൾവരെ. (കിതക്കുന്നു)

കയാഫസ്:— ങേ്ഏ!

ആഗതൻ:—ഇതെന്തൊക്കെയാണാവോ യഹോവായേ! നട്ടുച്ചക്കിരുട്ടു്! ഭൂമികുലുക്കം! ഞാൻ പോയിനോക്കട്ടെ. വീട്ടിൽ വല്ല അപകടോം— (ഓടിപ്പോയി)

കയാഫസ്:— (അസ്വസ്ഥനായി ഉലാത്തുന്നു)

സാറ:— (ധൃതിയിൽവന്നു്; കയാഫസിനെ കാണാതെ) കൊച്ചമ്മേ, അദ്ദേഹം മരിച്ചു! മരണസമയത്താ ആ ഇടിയും—

സാറ:—(കയാഫസിനെ കണ്ടു് പെട്ടെന്നു് നിന്നി പേടിച്ചു് പുറകോട്ടുമാറുന്നു.)

[കയാഫസ് സാറയെ ഒന്നു നോക്കി. ഒന്നും പറഞ്ഞില്ല.]

(മത്തിയാസ് വരുന്നു)

കയാഫസ്:— (മത്തിയാസിനോടു്) അവൻ മരിച്ചോ?

മത്തിയാസ്:— ഉവ്വ്. ദാ.കുറച്ചുമുമ്പേ.

കയാഫസ്:— ആ ഇടിവെട്ടിയപ്പോൾ?

മത്തിയാസ്:— അതെ. വാസ്തവത്തിൽ എനിക്കും അല്പം പേടിതോന്നി. സൂര്യനങ്ങിരുണ്ടു. ഭൂമികുലുക്കോം! ആളുകളൊക്കെ നിലവിളിച്ചോടി.

കയാഫസ്:— (അസ്വാസ്ഥ്യത മറച്ചുപിടിച്ചു്) അതു പോകട്ടെ, മത്തിയാസ്.

അവരവൻെറ കാലുകളൊടിച്ചില്ലേ?

മത്തിയാസ്:— ഇല്ല.

കയാഫസ്:— എന്തുകൊണ്ടു്?

മത്തിയാസ്:— ഒടിക്കാൻ ചെന്നപ്പോഴേക്കും മരിച്ചു കഴിഞ്ഞത്രേ.

(അല്പനേരം നിശ്ശബ്ദത)

എന്നിട്ടിപ്പോൾ ശരീരം കൊടുക്കാൻ പോവുകയാണു്.

കയാഫസ്:— (തിടുക്കത്തോടെ) ആർക്കു്?

മത്തിയാസ്:— അവൻെറ കൂട്ടർക്കു്. അരിമത്തയക്കാരൻ ജോസഫാണു് അവനെ സംസ്കരിക്കാൻ മുൻകൈയെടുക്കുന്നതു്. പീലാത്തോസിനോടനുവാദത്തിനുപോയിട്ടുണ്ടു്.

കയാഫസ്— (അല്പനേരം ആലോചിച്ചതിനുശേഷം) ചതി. വൻചതി!

മത്തിയാസ്:— എന്താണു്?

കയാഫസ്:— നാം വഞ്ചിതരാകാൻപോകുന്നു.

മത്തിയാസ്— അതെന്താണു്?

കയാഫസ്:— സംസ്ക്കരിക്കാൻ! ആരുമറിയാതെ എടുത്തുമാററി ഉയിർത്തെഴുന്നേററെന്നു് വീരവാദം മുഴക്കാനാണു്! അവൻ പറഞ്ഞിട്ടില്ലേ മൂന്നാംദിവസം ഉയിക്കുമെന്നു്.

വാ. പീലാത്തോസിനെക്കൊണ്ടതു കൊട്ടപ്പിക്കരുതു്. അവൻെറ ജഡം കഷ്ണം കഷ്ണമായി പിച്ചിച്ചീന്തി കഴുകന്മാക്കിട്ടുകൊടുക്കണം. (ധൃതിയിൽ പോകുന്നു)

വെറോനിക്ക:—(ആ പോക്കു നോക്കിക്കൊണ്ടു്) മരിച്ചുകഴിഞ്ഞിട്ടും അവരുടെ ഭയം തീരുന്നില്ല. ആ ജഡംപോലും അവരെ അസ്വസ്ഥരാക്കുന്നു! (കുറേനേരം അങ്ങനെ നോക്കിനിന്നു. അനന്തരം കൈയിലിരിക്കുന്ന തുവാല വിടൎത്തി അതിലേക്കു സൂക്ഷിച്ചുനോക്കി അതിൽനിന്നു കണ്ണെടുക്കാതെതന്നെ മുട്ടുകുത്തി "നാഥാ!..." എന്നു പറഞ്ഞു.)

[അല്പംകഴിഞ്ഞു് ക്രൂശിതനോടുള്ള ഒരു ഗാനം ആരംഭിച്ചു.

ഒരടി പാടിക്കഴിഞ്ഞപ്പോൾ രംഗം ഇരുളിലാണ്ടു; ഗാനം വളരെ താണസ്വരത്തിലായി.

അനൗൺസു ചെയ്യപ്പെടുന്നു:

"കുരിശു്!

ഇന്നതൊരു വിദ്ധ്വംസിത്തമല്ല;

വെറുപ്പിൻെറ അടയാളമല്ല.

രക്ഷയുടെ പാതകാട്ടുന്ന കൈവിളക്കാണു്;

മലമുകളിൽ സ്ഥാപിതമായ സ്നേഹദീപമാണു്.

നരകം അടച്ചുപൂട്ടാനുള്ള ഇരുമ്പുപൂട്ടു്!

സ്വൎഗ്ഗം തുറക്കാനുള്ള തങ്കത്താക്കോൽ!

വേദനിക്കുന്നവനാശ്വാസം പകൎന്നുകൊണ്ടു്,

ദുഃഖിക്കുന്നവനു ശാന്തിയാശംസിച്ചുകൊണ്ടു്,

DHARMARAM ... LIBRARY 19804

പാപികൾക്കു രക്ഷ വാഗ്ദാനം ചെയ്തുകൊണ്ടു്,
അതതാ അവിടെ ഉയൎന്നുനില്ക്കുന്നു."

പെട്ടെന്നു് ഇടക്കർട്ടൻ നീങ്ങി കുരിശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തു പ്രത്യക്ഷപ്പെടുന്നു.

രംഗം പ്രകാശംകൊണ്ടു നിറഞ്ഞു. ഗാനവീചികൾ ശബ്ദമുഖരിതമായി.

വിവിധതരക്കാരായ വളരെ ആളുകൾ വന്നു് മുട്ടുകുത്തിനിന്നു, ക്രൂശിതന്റെ മുഖത്തുനോക്കിക്കൊണ്ടു്. ഗാനം താണസ്വരത്തിലാവുന്നു.

അനൗൺസർ:—"മനുഷ്യപുത്രൻ ഭൂമിയിൽനിന്നുയൎത്തപ്പെടുമ്പോൾ എല്ലാററിനേയും തന്നിലേക്കാകർഷിക്കും"

ഗാനം ഉയൎന്നുപൊങ്ങുന്നു.

കർട്ടൻവന്നുവീണു.

ഗാനതരംഗങ്ങൾ മെല്ലെ മെല്ലെ നിലയ്ക്കുന്നു.]

ശുഭം

*LAUS TIBI CHRISTE*

23 AUG 1991
23 AUG 1991
9 DEC 1990
29 JUL 1994

## കാൽവരിയുടെ താഴ്‌വ

DC Library
*00019804*
T62 K66

‘‘ദാവീദിന്റെ പുത്രന് ഓശാന!’
“ദാവീദിന്റെ പുത്രന് ഓശാന!”
അന്നൊരു ഞായറാഴ്ച ജറുസലേം നഗരവീഥികളിൽ മുഴങ്ങിക്കേട്ട ജയ്‌വിളികൾ.

ആ കോലാഹലങ്ങൾ കണ്ടു നാലുകണ്ണുകൾ ജ്വലിക്കുന്നുണ്ടായിരുന്നു. അവയുടെ ഉടമസ്ഥരായ രണ്ടുപേർ പല്ലുകടിച്ചു മുറുമുറുത്തു: “ഈ ഓശാനയുടെ ഓശ തീരുംമുമ്പ് നിന്നെ ഞങ്ങൾ കഴുവിൽ കയററും.”

കോഴകൊടുത്ത് അവർ ഒററുകാരനെ സമ്പാദിച്ചു; തീററയും കൂലിയുംകൊടുത്ത് ഗുണ്ടാകളെ സംഭരിച്ചു; ഒരു നിശയുടെ നിശ്ശബ്ദതയിൽ അവരാ ദാവീദിന്റെ പുത്രനെ പിടിച്ചുകെട്ടി. അവരുടെ പകതീരുവോളം അവരവനെ മർദ്ദിച്ചു.

ആ കാപാലികന്മാരുടെ ഇടയിലും ഹൃദയം കട്ടപിടിക്കാത്ത ഒരുവൾ ഉണ്ടായിരുന്നു. അവളുടെ ഹൃദയം പിടച്ചു; കണ്ണുകൾ നിറഞ്ഞു; ശബ്ദമുയർന്നു; എന്നാൽ, ആ കരങ്ങൾ ബലഹീനങ്ങളായിരുന്നു.

കൂലിപ്പട്ടാളം കൂവിവിളിച്ചു; ദുരാരോപണങ്ങൾ നാലുപാടുമുയർന്നു; അധികാരിയെ നിർബന്ധിച്ചു; ദാവീദിന്റെ പുത്രൻ ക്രൂശുവധശിക്ഷക്കു വിധിക്കപ്പെട്ടു............

# കാൽവരിയുടെ താഴ്വരയിൽ

ദ. ഫിൽ.

B.S.P. LEAGUE
DISTRICT
ALWAYE
T62
K66
Indic Digital Archive Foundation
gpura.org